KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 28 / Issue: 8 June 2018 ₹ :10/-



ക്നാനായ സമുദായത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ

## പുണ്യശ്ലോകനായ ഗീവറുഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ

# 1st Death Anniversary

**28 – 06 – 2018**



## MARY STEPHEN (Ammini)

PANARKUNNIL, RANNY

(Edmonton - Canada)

*With lots of love & Prayers*

**Husband - Cherian Stephen (Babu)**
**Children - Asha and Anish**
**Son in law - Joe**
**Daughter in law - Carly**
**Grand Children - Samara, Sean, Sasha, Nixon, Nyla and Sorrowing Family**

Advt - R

# ക്നാനായ ദീപം

SINCE 1989

2018 ജൂൺ പുസ്തകം 29 ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. John Mathew Moolamkulam**

**Members**
Abraham Kallissery
Abraham K. Mathew Kdaithara
K. T. Abraham Kariyil
Jose A.T. Amakkattu
Jinto K. Abraham Minerva

**Press Manager**
**Rev. Fr. Jiby Joseph**

**Press Managing Committee**
Arun T. C., Thakidiyil
Juby K. Jacob Kollamparambil
Thomaskutty A. Kurian Aphisil
Manish Joy Ozhukuthara
Jacob Kuruvilla Anakkattu
Mathew Kuruvilla Puthiyaparambil

**Ex-officio Members**
Commander T. O. Elias
(Lay Trustee)
Prof. Abraham Punnoose
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www. knanayadeepam.com**

## ഉള്ളടക്കം


**എഡിറ്റോറിയൽ** 04

**വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം** 05

**ബൈബിൾ : ഒരു ആമുഖ പഠനം** 06
ഫാ. ജിനു കുരുവിള

**മലങ്കരസഭ** 08
പ്രൊഫ. പി. കെ. സ്കറിയ

**ശാപം നീങ്ങാതെ യഹോവ കൂടെയിരിയ്ക്കയില്ല** 10
അമ്മാൾ രാജൻ

**കാശ്മീർ കാഴ്ചകൾ** 15
പ്രൊഫ. ടോണി മാത്യു

**വചനാമൃതം** 18
ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ

**പ്രാചീക നേകരളത്തിലെ ശിക്ഷകളും അനുബന്ധ നടപടിക്രമങ്ങളും** 20
സമ്റോനോ സിബി തോമസ്

**ഒരച്ചന്റെ കഥ: അച്ചന്റേയും** 22
ഏബ്രഹാം കല്ലിശ്ശേരി

**വിശ്വാസത്തിന്റെ അനിവാര്യത** 24
അനിയൻ അക്കരേപ്പുറത്ത്

**സഭാ ജീവിതം (കവിത)** 25
ജയ്നമ്മ മർക്കോസ്

**കർത്താവിന്റെ മലർവാടി** 26

**കാല്പാടുകൾ** 39
എബി

**കുടുംബചിന്തകൾ** 40
ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ

**ബാലദീപം** 42

**മാട്രിമോണിയൽ** 43


**ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**

# editorial
## എഡിറ്റോറിയൽ

> **സഭ ഒരു മിഷനറിസഭയായി തീർന്നുകൊണ്ട് യേശുക്രിസ്തുവിനെ ലോകം സഭയിൽകൂടി കാണുവാൻ തക്കവണ്ണം പ്രവർത്തിക്കേണ്ടതാവശ്യമാണ്. സുവിശേഷവേല പലയിടത്തും വിജയിക്കാത്തതിന്റെ ഒരു കാരണം വിശ്വാസവും പ്രവർത്തിയും തമ്മിൽ പൊരുത്തപ്പെടാത്തതാണ്.**

കർത്താവിൽ പ്രിയരെ,

വളർച്ചയും വികസനവും ഇന്ന് നമുക്ക് ആവശ്യമുണ്ട്. അതിന് വേണ്ടിയാണ് നമ്മുടെ പരിശ്രമങ്ങൾ എല്ലാം തന്നെ. കഴിഞ്ഞ കുറേ വർഷങ്ങളായി അല്പസ്വല്പമായ വളർച്ചയും വികസനവും ഉണ്ടായിട്ടുണ്ട്. എങ്കിലും കാര്യമായ ഒരു പ്രവർത്തനവും വളർച്ചയും ഉണ്ടായിട്ടില്ല. സഭയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി നമ്മുടെ സർവ്വസവും അർപ്പിക്കാൻ നാം തയ്യാറായേ മതിയാവൂ. “സഭ ദൈവത്തിന്റെതാണ്. ഞാനെന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല” എന്ന അരുമനാഥന്റെ വാഗ്ദാനം സത്യമാണ്. നാം വളരണമെന്നും വികസിക്കണമെന്നുമാണ് ദൈവം ആഗ്രഹിക്കുന്നത്. അതിനാവശ്യമായ സകലതും ദൈവം നമുക്കുവേണ്ടി സജ്ജീകരിച്ചിട്ടും ഉണ്ട്. നാം അവിടുത്തെ ആലോചനക്കനുസൃതമായി മുന്നോട്ടു നീങ്ങുകയേ വേണ്ടു. അതിനിന്നാരുണ്ട്.

ആധുനിക സഭയ്ക്ക് ലോകത്തിൽ പല നല്ലകാര്യങ്ങളും ചെയ്തുകൊടുക്കേണ്ട ചുമതലകൾ ഉണ്ട്. സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക, ആത്മീക മണ്ഡലങ്ങളിൽ യേശുക്രിസ്തുവിന്റെ ദൂത് ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ സഭയ്ക്ക് സാധിക്കണം. സഭ ഒരു മിഷനറിസഭയായി തീർന്നുകൊണ്ട് യേശുക്രിസ്തുവിനെ ലോകം സഭയിൽകൂടി കാണുവാൻ തക്കവണ്ണം പ്രവർത്തിക്കേണ്ടതാവശ്യമാണ്. സുവിശേഷവേല പലയിടത്തും വിജയിക്കാത്തതിന്റെ ഒരു കാരണം വിശ്വാസവും പ്രവർത്തിയും തമ്മിൽ പൊരുത്തപ്പെടാത്തതാണ്. ആധുനിക ലോകത്തിലെ പ്രശ്നങ്ങൾക്കു പോം വഴി കാണിച്ചുകൊടുക്കാത്ത സുവിശേഷവേല വിജയിക്കുകയില്ല. ഇന്നാവശ്യം കർമ്മപഥത്തിലുള്ള സുവിശേഷമാണ്.(Gospel in action) സഭ ശുശ്രൂഷിക്കുന്ന സഭയായി മാറേണ്ടിയിരിക്കുന്നു. സാമൂഹ്യമണ്ഡലത്തിൽ, സാമ്പത്തിക രംഗത്ത് ഇവിടെയെല്ലാം മാർഗ്ഗദർശനം നൽകാൻ തക്കവണ്ണം സഭ മുമ്പിട്ട് ഇറങ്ങേണ്ടിയിരിക്കുന്നു. ആരാധനകളിൽകൂടി ദൈവത്തെ ശുശ്രൂഷിക്കുകയും സേവനങ്ങളും ക്രിസ്തീയ പ്രവർത്തനങ്ങളും വഴി ലോകത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്ന അനുഭവത്തിലേക്ക് സഭ ഉയർന്നു വരുവാൻ ദൈവം സഹായിക്കട്ടെ.

ലോകം ഒരാളെ സമാദരിക്കുന്നതു ഇന്നമതത്തിൽപ്പെട്ട ആളാണോ എന്നു നോക്കിയല്ല. സത്യം, വിനയം, ധർമ്മനിഷ്ഠ,സ്നേഹം, നിസ്വാർത്ഥ സേവനം മുതലായ വിശിഷ്ടഗുണങ്ങൾ ഒരു മനുഷ്യനിൽ ശോഭിക്കുമ്പോൾ അയാൾ മറ്റുള്ളവരുടെ സ്നേഹ വിശ്വാസങ്ങൾ ആർജ്ജിക്കുന്നു. അയാൾ ഏതെങ്കിലും ഒരു സഭയിൽപ്പെട്ടവനാണെങ്കിൽ ആ സഭയെക്കുറിച്ചും മറ്റുള്ളവർക്കു വിശ്വാസവും മതിപ്പും വർദ്ധിക്കുന്നു. അതുകൊണ്ടു സ്വന്തം മതത്തെക്കുറിച്ചു മതിപ്പും വിശ്വാസവും വർദ്ധിക്കണമെന്നാഗ്രഹിക്കുന്നവർ തങ്ങൾ നല്ലവരാകാതെ വെറുതെ മതത്തെക്കുറിച്ചുവല്ലതും പറഞ്ഞതുകൊണ്ടു ഒരു ഫലവുമില്ല. നല്ല കത്തിഡ്രലും, മോഹനസുന്ദരങ്ങളായ പള്ളികളും, ശില്പകലാ വൈഭവങ്ങൾ കാട്ടുന്ന കുരിശും തൊട്ടികളും കണ്ടു എത്രപേർ ക്രിസ്ത്യാനികളായിത്തീർന്നിട്ടുണ്ടെന്നു കണക്കെടുത്താൽ മതിയാവും സഭയെക്കുറിച്ച് മനുഷ്യനുണ്ടാവുന്ന മതിപ്പെവിടെയാണു സ്ഥിതിചെയ്യുന്നതെന്നു കാണാൻ.

മതം മനുഷ്യനെ നന്നാക്കാനുള്ളതാണ്. കണ്ണും കൈയ്യും ഇടർച്ചവരുത്തുകയും പാപത്തിൽ വീഴിക്കയും ചെയ്യുന്ന അവസരത്തിൽ ചെയ്യാനുള്ളതെന്താണെന്നും ദിവ്യരക്ഷകൻ പഠിപ്പിച്ചിട്ടുണ്ട്. ഇന്ന് മലങ്കരസഭ അഭിമുഖീകരിക്കുന്ന ദുർഘടസന്ധിയിൽ മതത്തിന്റെ യഥാർത്ഥ ചുമതല വിസ്മരിക്കപ്പെടുന്നത് ആപത്തായിത്തീരും. രണ്ടു കക്ഷിയിൽപ്പെട്ടവർക്കും അവരവരുടെ ന്യായങ്ങൾ പറയാൻ കാണും. എന്നാൽ അന്തിമമായ വിശകലനത്തിൽ സഭ എന്താണെന്നും, അതിന്റെ ചുമതല എന്താണെന്നും ഉള്ളതിനെക്കുറിച്ചു രണ്ടു പക്ഷത്തും അണിനിരന്നു ഒച്ചപ്പാടുണ്ടാക്കുന്നവർക്ക് അഭിപ്രായവ്യത്യാസമുണ്ടാവാൻ കാര്യമില്ല. അത് അനുസ്മരിപ്പിക്കുന്നുവെന്നേയുള്ളൂ. എല്ലാം മറന്ന് പരസ്പരം സ്നഹിച്ചും പൊറുത്തും ഒന്നായി തീരുവാൻ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**


# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തനങ്ങൾക്ക് അണിയറ ഒരുക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജാതിയാണ് യഹൂദർ. ഊർ ദേശത്തു (മെസപ്പെട്ടോമിയാ) വസിച്ചിരുന്ന അബ്രഹാമിനെ ദൈവം വിളിച്ചു വേർതിരിച്ചു അവനിലൂടെ ദൈവത്താൽ സജ്ജീകരിക്കപ്പെട്ട യൂദസമൂഹത്തിലാണ് കർത്താവ് ജനിച്ചത്. താൻ സ്വന്തമായതിലേക്കുവന്നു സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ലാ എന്നും ആയതുകൊണ്ട് അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവനും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു എന്നും സുവിശേഷകനായ യോഹന്നാൻ എഴുതിയിരിക്കുന്നു. (യോഹ.1:11) യഹോവ ദൈവമായിരിക്കുന്ന പഴയ നിയമ സഭയിൽനിന്നാണ് പുതിയനിയമ സഭ രൂപം പൂണ്ടത്.

പഴയനിയമ സഭയെ പ്രവാചകന്മാർ വിശേഷിപ്പിക്കുന്നത് "പ്രിയതമന്റെ മുന്തിരിത്തോട്ടം' എന്നത്രേ (യശ.5:1) ഏറ്റവും ഫലവത്തായ കുന്നിന്മേൽ നട്ടു വളർത്തിയതും ചുറ്റും ബലമേറിയ വേലികൊണ്ടു സംരക്ഷിക്കപ്പെട്ടതും, അതിലെ കല്ലുകൾ മുഴുവൻ പെറുക്കിക്കളഞ്ഞ് നല്ലയിനം മുന്തിരി വള്ളികൾ നട്ടു വളർത്തിയ മുന്തിരിത്തോപ്പായിരുന്നു അത്. നാശകരിൽനിന്നും തോട്ടത്തെ സംരക്ഷിപ്പാൻ തക്കവണ്ണം തോട്ടത്തിന്റെ നടുവിൽ ഒരു ഗോപുരം പണിതു ഒരു ചക്കും ഇട്ടു. നല്ലയിനം മുന്തിരിപ്പഴത്തിനായി കാത്തിരുന്ന തോട്ടക്കാരനെ നിരാശപ്പെടുത്തിക്കൊണ്ടു മുന്തിരി വള്ളിയിൽ കായിച്ചത് കാട്ടുമുന്തിരിങ്ങായായിരുന്നു. "സൈന്യങ്ങളുടെ യഹോവയുടെ മുന്തിരിത്തോട്ടം യിസ്രയേൽ ഗ്രഹവും അവന്റെ മനോഹരമായ നടുതല യഹൂദാ പുരുഷന്മാരുമാകുന്നു. (യെശ.5:7).

നാം ഉൾപ്പെടുന്ന പുതിയനിയമ സഭയും കർത്താവിന്റെ മുന്തിരിത്തോപ്പത്രേ! ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു എന്ന് നമ്മുടെ കർത്താവ് തന്റെ പീഡാനുഭവനാളുകളിൽ ശിഷ്യന്മാരോടു കല്പിച്ചു. നാം കൊമ്പുകളാകുന്നു മുന്തിരി വള്ളിയിൽ വസിക്കുന്നില്ലാ എങ്കിൽ ഒരു കൊമ്പുപോലെ നാം പുറത്തു കളയപ്പെട്ടു ഉണങ്ങിപ്പോകും. യോഹ.5:1-5).

കർത്താവു തന്റെ രക്തം കൊടുത്തു സമ്പാദിച്ച സഭയാണ് പുതിയ നിയമ സഭ. സഹദേന്മാർ തങ്ങളുടെ രക്തമാണ് വളമായി ഈ മുന്തിരിതോട്ടത്തിന് നല്കിയിരിക്കുന്നത്. എന്തിന്? തോട്ടത്തിന്റെ ഉടയവനായ കർത്താവിന് നല്ലയിനം മുന്തിരിപ്പഴം ലഭിക്കണം. അവന്റെ ഹൃദയം സന്തോഷിക്കണമെങ്കിൽ കർത്താവിന്റെ പ്രതീക്ഷയ്ക്കനുസരിച്ച് നാം ഫലങ്ങൾ പുറപ്പെടുവിക്കണം. ജഢത്തിന്റെ ഫലങ്ങളായ ദുർന്നടപ്പ് അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത അസൂയ, മദ്യപാനം, വെറിക്കൂത്ത് ആദിയായ ഫലങ്ങളല്ല (ഗല.5:18-21) പിന്നെയോ ആത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ആദിയായവ നമ്മിൽ ഉല്പാദിപ്പിക്കപ്പെടണം (ഗലാ. 5:22-24) പ്രതീക്ഷയ്ക്കൊത്തു ഫലം പുറപ്പെടുവിക്കാത്ത വ്യക്തികൾക്കും സമൂഹത്തിനും സംഭവിക്കാവുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ഇതിന്റെ വേലി പൊളിച്ചു കളയപ്പെടും, അതു തിന്നുപോകും, മതിൽ ഇടിച്ചുകളയപ്പെടും, തോട്ടം ചവിട്ടി മെതിക്കപ്പെടും. തോട്ടം ശൂന്യമായിപ്പോകും, വള്ളിത്തലമുറിക്കാതെയും, കിളയ്ക്കാതെയും ഇരിക്കും. പറക്കാരയും മുള്ളും അതിൽ മുളയ്ക്കും ഇതിൽ മഴ പെയ്യാതെ ഇരിക്കേണ്ടതിന് മേഘങ്ങളോടു താൻ കല്പിക്കും. എത്ര പരിതാപകരമായ അവസ്ഥ. ഇങ്ങനെ ഒരിക്കലും സംഭവിപ്പാനിടയാകരുത്.



പഴയനിയമ സഭയായ കർത്താവിന്റെ മുന്തിത്തോപ്പിന് പ്രവചനംപോലെ തന്നെ സംഭവിച്ചു. യഹൂദാ സമൂഹം തങ്ങളുടെ രക്ഷിതാവിനെ തിരിച്ചറിയാതെ അവനെ ക്രൂശിക്കുകയും, ബറബ്ബാസ് എന്ന കുലപാതകനെ അനുകൂലിക്കയും ചെയ്തതിനാൽ, അവർ ലോകമെമ്പാടും ചിതറപ്പെട്ടു. ഇതു നമുക്ക് ദൃഷ്ടാന്തമാകട്ടെ.

ഏതാണ്ട്1673 വർഷങ്ങൾക്കുമുമ്പ്. നമ്മുടെ പിതാക്കന്മാർ സുറിയാനി സഭയുടെ ആരാധനയും, ക്രൈസ്തവ സംസ്ക്കാരവുമായി കപ്പലിറങ്ങിയ കൊടുങ്ങല്ലൂരിൽ "ക്നാനായ പൈതൃക സ്മാരകം" പണിയുവാൻ ആവശ്യമായ സ്ഥലം നമ്മുടെ പേരിൽ വാങ്ങിക്കഴിഞ്ഞു. സ്മാരാക നിർമ്മാണത്തിനാവശ്യമായ അനുമതിക്കായി, ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷകളും സമർപ്പിച്ചു. അനുമതി ലഭിച്ചാലുടൻ നിർമാണ പ്രവർത്തനം ആരംഭിക്കും. ഏവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**

**വലിയ മെത്രാപ്പോലീത്താ**




# ബൈബിൾ: ഒരു ആമുഖ പഠനം

ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ

## ആമോസ്

'തെക്കോവ'യിലെ ഒരു ആട്ടിടയനായിരുന്ന ആമോസ് വടക്കൻ രാജ്യമായ യിസ്രായേലിൽ യെരോബയാമിന്റെ കാലത്ത് BC 750 നടുത്ത് പ്രവാചക ശുശ്രൂഷ നിർവ്വഹിച്ചു. യിസ്രായേലിനോട് ക്രൂരത കാട്ടിയ ചുറ്റുമുള്ള ജനതകളെ ദൈവം കഠിനമായി ശിക്ഷിക്കുവാൻ പോകുന്നു എന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം തന്റെ ശുശ്രൂഷ ആരംഭിച്ചത്. ക്രമേണ യിസ്രായേലിൽ നടമാടിയിരുന്ന സാമൂഹ്യ അനീതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച ഇദ്ദേഹം സാമൂഹ്യ നീതിയുടെ പ്രവാചകൻ എന്ന് അറിയപ്പെട്ടു.

യഹോവ യിസ്രായേലുമായി ചെയ്ത ഉടമ്പടിയോട് അവിശ്വസ്തത കാണിച്ചപ്പോൾ പ്രവാചകൻ ശക്തമായി രംഗത്തു വന്നു. ഉടമ്പടിയിൽ നിരോധിക്കപ്പെട്ട ലൈംഗിക അരാജകത്വം (പുറ.21:7-9) അടിമത്തം (22:24), പാവപ്പെട്ടവനിൽ നിന്ന് പലിശ വാങ്ങൽ (22:25), അന്യായമായി അന്യന്റെ വസ്തുക്കൾ സ്വന്തമാക്കൽ (22:26-27), നീതി പീഠത്തിലെ അഴിമതി (23:6-8), കള്ളത്രാസും അളവുകോലുകളും (ആവ. 25:13-16) എന്നീ തിന്മകളെല്ലാം സമ്പത്താർജിക്കാനുള്ള പരിശ്രമത്തിൽ ജീവിത ശൈലിയായി മാറി (ആമോ.2:7,8, 5:10-12,8:5). സാമൂഹിക തിന്മകൾ പെരുകുകയും ധനം വർദ്ധിക്കുന്നതനുസരിച്ച് ദൈവാലയത്തിലെ ബലികളുടെ എണ്ണം കൂട്ടുകയും ചെയ്തപ്പോഴാണ് 'നീതി ജലം പോലെ ഒഴുകട്ടെ; സത്യം വറ്റാത്ത നീരുറവപോലെയും (5:24) എന്ന് ആമോസ് വിളിച്ചു പറഞ്ഞത്.

തങ്ങൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനമാണ് എന്ന് യിസ്രായേൽ കരുതിയിരുന്നു. ദൈവത്തിന്റെ ഈ തെരഞ്ഞെടുപ്പ് ലൗകികമായ ഉയർച്ചയ്ക്കും സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനുള്ള ഒരു വിളിയായി മാത്രം പലരും കണക്കാക്കി. ദൈവത്തിന്റെ തെരഞ്ഞെടുപ്പ് പ്രഥമവും പ്രധാനവുമായി ഉത്തരവാദിത്വങ്ങളിലേക്കും കടമകളിലേക്കുമാണ് വിരൽ ചൂണ്ടുന്നത്. സമാധാനവും ശാന്തിയും ഭൗതിക വളർച്ചയുമെല്ലാം ഒത്തു ചേർന്ന ഒരു ജീവിതം കൈവന്നപ്പോൾ ദൈവത്തോടുള്ള വിശ്വസ്ഥതയും സാമൂഹിക നീതിയും ജനം മറന്നുപോയി. അതുകൊണ്ട് യിസ്രായേലിന്റെ ബലികളെ ദൈവം തിരസ്കരിച്ചിരിക്കുന്നു.

ദൈവജനമെന്ന യിസ്രായേലിന്റെ സ്ഥാനം, കർത്താവിന്റെ ദിനം, രക്ഷാകര ചരിത്രം തുടങ്ങിയ പരമ്പരാഗത ആശയങ്ങൾ ആമോസിന്റെ പ്രസംഗങ്ങളിൽ നിഴലിച്ചുനിന്നു. ദൈവം തന്റെ ജനത്തെ എന്നും സംരക്ഷിക്കുമെന്നും 'കർത്താവിന്റെ ദിന'ത്തിൽ ആ ജനം ശത്രുക്കളെ നശിപ്പിച്ചു തങ്ങളുടെ ദൈവത്തിന്റെ ശക്തിയുടേയും മഹത്വത്തിന്റേയും സാക്ഷികളായി ലോക ജനങ്ങൾക്കു മുമ്പിൽ വിരാജിക്കുമെന്നുമൊക്കെയായിരുന്നു. 'കർത്താവിന്റെ ദിനം' എന്നതിന്റെ പരമ്പരാഗത അർത്ഥം. രാജ്യം വളരുകയും ഐശ്വര്യം പ്രാപിക്കുകയും അയൽ രാജ്യങ്ങളെ കീഴടക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ 'കർത്താവിന്റെ ദിനം' ആഗതമായി എന്ന് ജനം ചിന്തിച്ചു. ഈ ചിന്താഗതികൾ തകിടം മറിച്ചുകൊണ്ട് ഇത് കർത്താവിന്റെ ദിനമല്ലെന്നും കർത്താവിന്റെ ദിനം അവർക്കു രക്ഷയുടേയും ഇല്ലായ്മയുടേയും ദിനമാണെന്നും ആമോസ് പഠിപ്പിച്ചു (4:12,5:18-20), 8:9-10).

ആമോസിന്റെ ദൂതിൽ ശിക്ഷാവിധിയാണ് മുന്നിട്ട് നിൽക്കുന്നത്. ദുഷ്കർമ്മങ്ങളെക്കുറിച്ച്, പശ്ചാത്തപിച്ച് അവയിൽനിന്ന് പിൻതിരിയാതിരിക്കുന്നവരെ ദൈവം ശിക്ഷിക്കാതെ വിടുകയില്ല. ജീവ രക്ഷയ്ക്കുള്ള ഏക മാർഗ്ഗം ദൈവ ശബ്ദം കേട്ടനുസരിക്കുകയാണെന്ന് ആമോസ് പഠിപ്പിച്ചു.

## ഒബദ്യാവ്

ഈ പേരിനർത്ഥം കർത്താവിന്റെ ദാസൻ എന്നാണ്. ഇരുപത്തൊന്നു വാക്യങ്ങൾ മാത്രമുള്ള ഒരു ചെറിയ ഗ്രന്ഥമാണിത്. ആഹാബ് രാജാവിന്റെ ഭരണകാലത്ത് അദ്ദേഹത്തിന്റെ സേവകനായി ഒബദ്യാവ് എന്ന ഒരു പ്രവാചകനെ കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട് (1 രാജ.18:1-16). എന്നാൽ ഗ്രന്ഥകാരനായ ഒബദ്യാ യിരമ്യാവിന്റെ സമകാലികനായിരുന്നു എന്ന് കരുതപ്പെടുന്നു. യരുശലേമിന്റെ നാശം കണ്ട് രസിച്ചവൻ എന്ന് യിസ്രായേലിന്റെ പരമ്പരാഗത ശത്രുവായ ഏദോമിനെപ്പറ്റി പറയുന്ന പശ്ചാത്തലത്തിൽ B.C 587 നു ശേഷം ഗ്രന്ഥ രചന നടന്നുവെന്ന് കരുതാം.

## ഒബദ്യാവിന്റെ പ്രധാന ഉപദേശങ്ങൾ

1. സർവ്വ സഷ്ടിയുടെയും പരമാധികാരി ദൈവമാകുന്നു. പ്രപഞ്ചത്തിന്റെ സൃഷ്ടാവും പരിപാലകനും ദൈവം തന്നെയാണ്.
2. ദൈവമാണ് സർവ്വ രാഷ്ട്രങ്ങളുടേയും സമസ്ത ചരിത്രത്തിന്റേയും നിയന്ത്രിതാവ്.
3. ദൈവം വിശുദ്ധനും സകല മനുഷ്യരിലും വിശുദ്ധി ആഗ്രഹിക്കുന്നവനുമാണ്.
4. മനുഷ്യൻ പാപപൂർണ്ണനും അശുദ്ധനും അനുസരണക്കേടിന്റെ കുറ്റബോധം ഉള്ളവനുമാണ്.
5. എല്ലാവരും ന്യായവിധിക്ക് അധീനരാണ്. ഏദോമിന്റെ പാപത്തിനുള്ള ന്യായവിധിയുടെ ഫലം അതിന്റെ നാശമായിരിക്കും. എല്ലാ രാജ്യങ്ങളും അവയുടെ സ്വന്തം പാപ

ങ്ങളാലാണ് വിധിക്കപ്പെടുന്നത്

6. യിസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെങ്കിലും ന്യായവിധിയിൽനിന്നും ശിക്ഷയിൽനിന്നും ഒഴിയുകയില്ല.

## യോന

'യോന' എന്ന പേരിന്റെ അർത്ഥം 'പ്രാവ്' എന്നാണ്. അമിത്ഥായുടെ പുത്രനായ ഈ പ്രവാചകനെക്കുറിച്ച് 2 രാജ. 14:25ൽ പറയുന്നുണ്ട്. യൊരബയാം രണ്ടാമൻ രാജാവിന്റെ ഭരണകാലത്ത് (B.C 786-746) കർത്തൃദാസനായ യോന യിസ്രായേൽ വിസ്തൃതമാക്കുന്നതിനെക്കുറിച്ച് പ്രവചിക്കുന്നതായി അവിടെ കാണുന്നു. മാനസാന്തരത്തിന്റെ ആദ്യ അടയാളം കാണുമ്പോഴേ ഏതു പാപിയോടും ക്ഷമിക്കത്തക്കവിധം അത്ര കാരുണ്യവാനാണ് ദൈവം എന്ന് ഈ പുസ്തകം വ്യക്തമാക്കുന്നു. അതായത് അനുസരണക്കേടിനെക്കുറിച്ച് അനുതപിച്ചാൽ രക്ഷ പ്രാപിക്കാമെന്നും, ദൈജനം അതു പ്രാപിച്ചശേഷം മറ്റുള്ളവർക്കുവേണ്ടി അതിനായി വഴിയൊരുക്കണമെന്നും ഈ പുസ്തകം പഠിപ്പിക്കുന്നു.

## ഉള്ളടക്കവും സന്ദേശവും

നിനവെയിൽ പോയി മാനസാന്തരം പ്രസംഗിക്കാൻ യോനായോട് ദൈവം ആവശ്യപ്പെടുന്നു. (1:1) ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ചു നന്നായി അറിയാമായിരുന്ന യോന സ്വന്തം ഭാവിയെക്കുറിച്ചാണ് അപ്പോൾ ചിന്തിച്ചത്. നിനെവേ നിവാസികൾ വലിയ ദുഷ്ടന്മാരാണെങ്കിലും അവർ അനുതപിച്ചാൽ താൻ പറയാൻ പോകുന്ന വാക്കുകൾ നിരർത്ഥകമാകുമല്ലോ എന്നോർത്ത് ആകുലപ്പെട്ട യോന നിനവയിലേക്ക് പോകേണ്ടതിനു പകരം എതിർ ദിശയിലുള്ള തർസീസിലേക്ക് കപ്പൽ കയറി. നിനവേ നിവാസികൾ (അസീറിയാക്കാർ) തങ്ങളുടെ ചരിത്രപരമായ ശത്രുക്കളാകയാൽ അവർ മാനസാന്തരപ്പെടുന്നതോ രക്ഷ പ്രപിക്കുന്നതോ യോനായ്ക്ക് അസ്വീകാര്യമായിരുന്നു. അതുകൊണ്ട് യോനാ തർശീശിലേക്ക് ഒളിച്ചോടി. എന്നാൽ പോയ വഴിയിൽ യോനപോലും അറിയാതെ കപ്പൽയാത്രക്കാരായ വിജാതീയരെ മാനസാന്തരത്തിലേക്കും സത്യദൈവത്തിലേക്കും നയിക്കാൻ ദൈവം യോനായ്ക്ക് ഇടവരുത്തി.

കടലിലേക്ക് എറിയപ്പെട്ട യോനായെ ഒരു തിമിംഗലം വിഴുങ്ങുകയും അതിന്റെ ഉദരത്തിൽ വെച്ച് യോന പ്രാർത്ഥിക്കാൻ ആരംഭിക്കുകയും ചെയ്തു. അതിന്റെ ഫലമായി ദൈവം ഇടപെട്ടു യോനായെ നിനവയിലെത്തിച്ചു. വളരെ കുറച്ചുമാത്രമേ പ്രസംഗിച്ചുള്ളുവെങ്കിലും തദ്ദേശവാസികൾ മുഴുവനും മൃഗങ്ങളടക്കം മാനസാന്തരപ്പെടുകയും പാപപരിഹാരം അനുഷ്ഠിക്കുകയും ചെയ്തു. മാനസാന്തരപ്പെട്ട നിനവയെ ദൈവം രക്ഷിച്ചു. ദൈവത്തിന്റെ പ്രവർത്തിയിൽ അമർഷം തോന്നിയ യോന മരിക്കാനാഗ്രഹിച്ചു. ദൈവം യോനായോട് കരുണ കാണിച്ചു. സ്വന്തം ചിന്തകൾക്കും വികാരങ്ങൾക്കും അടിമപ്പെട്ട് വികലമായി ചിന്തിച്ച യോനായോട് ദൈവം തന്റെ കാരുണ്യത്തിന്റെ കാരണം വിശദീകരിക്കുന്നു.

ഒന്നും മൂന്നും അദ്ധ്യായങ്ങൾ വിജാതിയരുടെ പശ്ചാത്തലത്തിലാണ് അവതരിപ്പിക്കുന്നത്. യോന യാത്ര ചെയ്ത കപ്പലിലെ യാത്രക്കാരും നിനെവേ നിവാസികളും വിജാതീയരുമായിരുന്നു. ഈ രണ്ട് കൂട്ടരും സത്യ ദൈവത്തിലേക്ക് തിരിഞ്ഞതിനാൽ രക്ഷപെടുമെന്നാണ് വിവരിക്കുന്നത്. രക്ഷയഹൂദർക്ക് മാത്രമാണ് എന്ന ചിന്താഗതിയിൽ നിന്ന് വ്യത്യസ്തമായി സന്മനസുള്ള വിജാതീയർക്കും രക്ഷ സാധ്യമാണെന്ന് ഈ പുസ്തകം പഠിപ്പിക്കുന്നു. യഹൂദരുടെ ഏറ്റവും വലിയ ശത്രുക്കളായ നിനവെപോലും മാനസാന്തരപ്പെട്ടപ്പോൾ രക്ഷിക്കപ്പെട്ടു എന്നതാണ് ഈ പുസ്തകത്തിന്റെ ഇതിവൃത്തം.

## മീഖ

യെരുശലേമിന് തെക്ക്- പടിഞ്ഞാറ് മൊരേശെത്തിൽ ജനിച്ച മീഖ B.C 750നും 687നും ഇടയ്ക്ക് ജനിച്ചു. ഏശായാ പ്രവാചകന്റെ സമകാലികനായിരുന്നു ഇദ്ദേഹം. പ്രധാനമായും 4 വിഷയങ്ങൾ

ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു.

1) 1-3 അദ്ധ്യായങ്ങൾ - സീയോനെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ

2) 4-5 അദ്ധ്യായങ്ങൾ - നാശത്തെക്കുറിച്ചുള്ള പ്രവാചകൻ

3) 6-7:7 അദ്ധ്യായങ്ങൾ - പ്രതീക്ഷയുടെ പ്രവചനങ്ങൾ

4) 7:8-20 അദ്ധ്യായങ്ങൾ - അനീതിയും പ്രതികാരവും

പ്രവാചകന്റെ അടിസ്ഥാന സന്ദേശം1:3-5ൽ കാണാം. ആമോസിനെപ്പോലെ മീഖായും സാമൂഹിക അനീതിയെ ഒരു വലിയ തിന്മയായി കണ്ടു. വിഗ്രഹാരാധനയ്ക്കെതിരെയും ചൂഷണത്തിനെതിരായും നീതി പീഠത്തിലെ അനീതിക്കെതിരെയും നിഷ്കളങ്കന്റെ രക്തം ചീന്തുന്നതിനെതിരെയും കൈക്കൂലി വാങ്ങുന്നതിനെതിരെയും, മന്ത്രവാദത്തിനെതിരെയും കള്ളത്രാസിനെതിരെയും ജനപ്രചാരണത്തിനെതിരേയും അക്രമങ്ങൾക്കെതിരേയും പ്രവാചകൻ ശബ്ദമുയർത്തി. യൂദായെയും ശമര്യായെയും ശിക്ഷിക്കാൻ കർത്താവ് ആകാശത്ത് നിന്ന് വരുന്നു എന്ന് പ്രവാചകൻ പറഞ്ഞു.

യൂദായുടെ ശത്രുക്കൾ നശിക്കപ്പെടുകയും സീയോൻ മഹത്വപൂർണ്ണമാവുകയും ചെയ്യും എന്ന് അദ്ദേഹം പ്രവചിച്ചു. ദാവീദിനോടുള്ള വാഗ്ദാനവും ദൈവം തെരഞ്ഞെടുത്ത സ്ഥലമായ യെരുശലേമിന്റെ സ്ഥാനവും അവരെ നാശത്തിൽനിന്ന് രക്ഷിക്കയില്ല എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ദാവീദ് വംശജനായ ഒരു രാജാവ് ബേത്‌ലഹേമിൽ ഉദയം ചെയ്യും. അവൻ സമസ്ത യിസ്രയേലിനെയും ഭരിക്കുമെന്നും (4:1-5,18) മീഖാ പ്രവചിച്ചു.

സമൂഹത്തിലെ ഭൗതികവും ആത്മീയവുമായ നേതൃത്വമെല്ലാം അഴിമതിയിലും അന്ധകാരത്തിലും ആണ്ടുപോയപ്പോൾ മാനസാന്തരത്തിന്റെ വചനം പ്രഘോഷിക്കുവാൻ ദൈവത്തിനു ലഭിച്ച സ്വർണ്ണനാവായിരുന്നു മീഖാ പ്രവാചകൻ.

*(തുടരും)*

## രണ്ടാം ശനിയാഴ്ച ധ്യാനം

വെളിയനാട്: സുഖാർ ധ്യാനകേന്ദ്രത്തിൽ ജൂലൈ 2-ാം ശനിയാഴ്ച (14-7-2018) രാവിലെ 10 മുതൽ 3 മണി വരെ. വന്ദ്യ പൗലോസ് പാറേക്കര കോർ എപ്പിസ്ക്കോപ്പാ ധ്യാനം നയിക്കുന്നതാണ്.

# മലങ്കരസഭ

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

## പുലിക്കോട്ടിൽ തിരുമേനിയുടെ അന്ത്യകാലവും വിയോഗവും മാർ ദിവന്നാസ്യോസ് 6 – ാമൻ (വട്ടശ്ശേരി)

മാർ ദിവന്നാസ്യോസ് അഞ്ചാമന്റെ (പുലിക്കോട്ടിൽ) ഭരണകാലം മലങ്കരസഭയ്ക്ക് ഏറ്റം ശുഭകരമായിരുന്നു. നവീകരണക്കാരുടെ എല്ലാ ശ്രമങ്ങളെയും അദ്ദേഹം നേരിടുകയും സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിക്കയും ചെയ്തു. പരി. യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ട അദ്ദേഹം പരി. പത്രോസ് ത്രിതീയൻ, പരി. അബ്ദുൾ മ്ശിഹാ, പരി. അബ്ദുള്ള (അബ്ദേദ് ആലോഹോ) എന്നി പാത്രിയർക്കീസുമാരുടെ അനുഗ്രഹാശീസുകളോടെ ജീവിച്ചു. നവീകരണക്കാർ കൈവശപ്പെടുത്തിയിരുന്ന മിക്കവാറും എല്ലാ പള്ളികളും സഭയിലേക്ക് തിരികെ ചേർത്തു. വട്ടിപ്പണത്തിന്റെ അവകാശം സ്ഥിരപ്പെടുത്തി.

അദ്ദേഹത്തിന്റെ അന്ത്യകാലത്ത് സഭയിലെ രണ്ടു മെത്രാപ്പോലീത്താമാർ കാലം ചെയ്തു. തന്റെ പിൻഗാമിയായി ഉദ്ദേശിക്കപ്പെട്ടിരുന്ന ആളും പരമഭക്തനും ആയിരുന്ന നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് (പരുമല കൊച്ചുതിരുമേനി) 55–ാമത്തെ വസ്സിൽ കാലം ചെയ്ത് പരുമല സെമിനാരിയിൽ കബറടക്കപ്പെട്ടു. സുറിയാനി പണ്ഡിതനും കഴിവുറ്റവനും ആയിരുന്ന കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് 1907 ൽ കാലം ചെയ്ത് ആലുവായിൽ കബറടക്കപ്പെട്ടു. ഇതോടുകൂടി മലങ്കര സഭയിലെ 7 ഭദ്രാസനങ്ങളിൽ അഞ്ച് എണ്ണത്തിലും മെത്രാന്മാരില്ലാതായി. അതുപോലെതന്നെ വാർദ്ധക്യത്തിലെത്തിയ തനിക്ക് ഒരു പിൻഗാമിയെ നിശ്ചയിക്കേണ്ടതുണ്ടെന്നും മാർ ദിവന്നാസ്യോസ് ആഗ്രഹിച്ചു.

തിരുമേനിയുടെ കല്പന അനുസരിച്ച് 1908 കുംഭം 15–ാം തീയതി കോട്ടയം പഴയ സെമിനാരിയിൽ കൂടിയ പള്ളിപ്രതിപുരുഷന്മാരുടെ പൊതുയോഗം മല്ലപ്പള്ളി വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെയും മുളംതുരുത്തി കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മെത്രാൻ സ്ഥാനത്തേക്ക് ഐകകണ്ഠ്യേന തെരഞ്ഞെടുത്തു സ്ഥാനാരോഹണത്തിനായി രണ്ടുപേരെയും പരി. പാത്രിയർക്കീസ് സമക്ഷത്തേയ്ക്ക് അയയ്ക്കണമെന്നും സ്ഥാനാരോഹണശേഷം ഗീവർഗീസ് റമ്പാനെ (വട്ടശ്ശേരി) വലിയതിരുമേനിയുടെ (പുലിക്കോട്ടിൽ) അസിസ്റ്റന്റും പിൻഗാമിയുമായി നിയമിക്കണമെന്നും ഇക്കാര്യം പരി. പാത്രിയർക്കീസ് ബാവായെ എഴുതി അറിയിക്കണമെന്നും പൊതുയോഗം തീരുമാനിച്ചു. ആ സമയത്ത് ഇൻഡ്യയിലേക്കുള്ള യാത്രാമദ്ധ്യേ ഊർശ്ലേമിൽ ആയിരുന്ന മാർ അബ്ദുള്ള പാത്രിയർക്കീസിന്റെ അടുക്കലേക്ക് രണ്ടു റമ്പാന്മാരെയും അയച്ചു. 1908 മെയ് 31–ാം തീയതി ഊർശ്ലേമിലെ സെഹിയോൻ മാളിക പള്ളിയിൽവച്ച് രണ്ടുപേരും മെത്രാന്മാരായി വാഴിക്കപ്പെട്ടു. ഗീവർഗീസ് (വട്ടശ്ശേരി) റമ്പാന് ദിവന്നാസ്യോസ് എന്നും പൗലോസ് റമ്പാന് (കൊച്ചുപറമ്പിൽ) കൂറിലോസ് എന്നും സ്ഥാനനാമങ്ങൾ നൽകി. എന്നാൽ പാത്രിയർക്കീസ് ബാവാ പിൻഗാമികാര്യം അനുവദിക്കയോ സ്താത്തിക്കോനിൽ (അധികാരപത്രം) കാണിക്കയോ ചെയ്തില്ല, ഇക്കാര്യത്തിന് അനേകകത്തുകളും കമ്പികളും അയച്ചെങ്കിലും ബാവാ തർക്കം പറഞ്ഞുകൊണ്ടിരുന്നു. ഇതൊരു തർക്കവിഷയമായി സഭയിൽ കുഴപ്പമുണ്ടായേക്കുമെന്നു ഭയന്ന അന്നത്തെ മലങ്കര അന്ത്യോഖ്യാ സെക്രട്ടറി ആയിരുന്ന ശ്രീമാൻ ഇ.എം. ഫിലിപ്പ് ലബനനിൽ പാത്രിയർക്കീസ് ബാവായുടെ ആതിഥേയൻ ആയിരുന്ന ഡോ. ബാബ്ബായ്ക്ക് പലതവണ എഴുതുകയും തന്റെ ആതിഥേയന്റെ നിർബന്ധം ഏറിയപ്പോൾ കൊച്ചുദിവന്നാസ്യോസിനെ (വട്ടശ്ശേരി) വലിയതിരുമേനിയുടെ (പുലിക്കോട്ടിൽ) പിൻഗാമി ആക്കാൻ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ അർദ്ധമനസ്സോടെ സമ്മതിച്ച് കല്പന ഇറക്കി.

1909 ജൂലൈ 11–ാം തീയതി മാർ ദിവന്നാസ്യോസ് 5–ാമൻ (പുലിക്കോട്ടിൽ) 76–ാമത്തെ വയസ്സിൽകാലം ചെയ്ത് കോട്ടയം പഴയ സെമിനാരിയിൽ സംസ്ക്കരിക്കപ്പെട്ടു. മലങ്കരസഭയിൽ നിസ്തുല സേവനം അനുഷ്ഠിച്ച പരിശ്രമശീലനും വിശ്വാസധീരനും സഭാസ്നേഹിയും വിദ്യാഭ്യാസവിചക്ഷണനും സാമൂഹ്യപരിഷ്കർത്താവും സംഭാഷണ ചതുരനും നയകോപിതനുമായിരുന്ന പുലിക്കോട്ടിൽ തിരുമേനി മലങ്കര സഭാചരിത്രത്തിൽ അവിസ്മരണീയനാണ്.

## മാർ ദിവന്നാസ്യോസ് ആറാമൻ (വട്ടശ്ശേരി) (1909 – 1934)

പുലിക്കോട്ടിൽ തിരുമേനിയുടെ നിര്യാണദുഃഖാചരണത്തിനുശേഷം അദ്ദേഹത്തിന്റെ പിൻഗാമി എന്ന നിലയിൽ മാർ ദിവന്നാസ്യോസ് ആറാമൻ (വട്ടശ്ശേരി) മലങ്കരമെത്രാനായി കോട്ടയം പഴയ സെമിനാരി ചാപ്പലിൽ വച്ച്, മാർ അബ്ദുള്ളാ പാത്രിയർക്കീസിന്റെ നിയമന സന്ദേശം അനുസരിച്ച്, കണ്ടനാട് ഇടവകയുടെ വയോവൃദ്ധനായ മാർ ഈവാനിയോസിന്റെയും തന്നോടൊപ്പം പട്ടമേറ്റ മാർ കൂറിലോസിന്റെയും (കൊച്ചുപറമ്പിൽ) സഹകരണത്തിലും നാനാഭാഗങ്ങളിൽ നിന്നുവന്ന ജനകൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും അന്ത്യോഖ്യാ പ്രതിനിധി മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് സ്ഥാനാഭിഷിക്തനായി.

1909 ൽ മാർ ദിവന്നാസ്യോസ് ആറാമൻ (വട്ടശ്ശേരി) മലങ്കര മെത്രാപ്പോലീത്തായായി സ്ഥാനമേറ്റ് അധികം താമസിയാതെ മാർ അബ്ദുള്ള (അബ്ദേദ് ആലോഹോ) മലങ്കരയിൽ എത്തി. തുടർന്ന് പാത്രിയർക്കീസും വട്ടശ്ശേരിയും തമ്മിൽ അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കരസഭയിലുള്ള അധികാര വ്യാപ്തിയെക്കുറിച്ച് തർക്കം ആരംഭിച്ചു. മലങ്കര യാക്കോബായ സുറിയാനി സഭയിലെ മറ്റൊരു ഭിന്നതയുടെ ആരംഭം ആയിരുന്നു അത്. നിർഭാഗ്യവശാൽ 1909 ൽ ആരംഭിച്ച് 1912 ഓടുകൂടി പൂർണ്ണതയിൽ എത്തിയ ഈ വിഘടനത്തിന്റെ കാര്യകാരണങ്ങളും അനന്തര ഫലവും വിശകലനം ചെയ്യുന്നതിനു മുൻപായി ഏതാണ്ട് ഒരേ കാലയളവിൽ ജീവിച്ചിരുന്ന രണ്ട് അന്ത്യോഖ്യാ പാത്രി

യർക്കീസുമാരെക്കുറിച്ചുള്ള വളരെ ചുരുക്കമായ ഒരു ആമുഖം ആവശ്യമാണെന്നു കരുതുന്നു.

**(a) മാർ അബ്ദുള്ള (അബ്ദേദ് ആലോഹോ) 1906–1915)**

**(b) മാർ അബ്ദേദ് മ്ശ്ഹാ (1895–1905)**

1895 ൽ പരി.പത്രോസ് ത്രിതിയൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തപ്പോൾ പരി. ബാവായോടൊപ്പം മലങ്കരയിൽ വരികയും സാമ്പത്തിക കാര്യങ്ങളുടെ ചുമതല വഹിക്കയും ചെയ്തിരുന്ന ഗ്രിഗോറിയോസ് മെത്രാനെ (a) പിന്നീട് അബ്ദുള്ള/അബ്ദേദ് ആലോഹോ) സുന്നഹദോസ് പാത്രിയർക്കാ സ്ഥാനത്തേക്ക് തെരെഞ്ഞെടുത്തുവെങ്കിലും ആ തെരഞ്ഞെടുപ്പിന് തുർക്കി സുൽത്താന്റെ അംഗീകാരം (ഫിർമാൻ) എന്തോ കാരണത്താൽ നിഷേധിക്കപ്പെട്ടു എന്നു പറയപ്പെടുന്നു. ഉടനെതന്നെ മെത്രാന്മാർ വീണ്ടും സമ്മേളിച്ച് അബ്ദുൾ മ്ശ്ഹായെ (b) പാത്രിയർക്കീസ് ആയി തെരെഞ്ഞെടുക്കുകയും സുൽത്താൻ അത് അംഗീകരിക്കയും അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസ് ആയി ചുമതല ഏല്ക്കുകയും ചെയ്തു (1895) എന്നാൽ അബ്ദുൾ മ്ശ്ഹായുടെ ഭരണകാലം അത്രസുഖകരമായിരുന്നില്ല. അദ്ദേഹം പിടിവാശിക്കാരനും കർക്കശ്ശസ്വഭാവക്കാരനുമായിരുന്നു എന്നു പറയപ്പെടുന്നു. ഉദാഹരണത്തിന് അദ്ദേഹത്തിന്റെ ഭരണകാലത്ത് ഒരു മഫ്രിയാനാ (കാതോലിക്കായ്ക്കു സമം) മലങ്കരയിൽ ഉണ്ടാവണമെന്ന ആഗ്രഹത്തിൽ ഇവിടെനിന്നും അയച്ച അപേക്ഷയ്ക്കു അദ്ദേഹം എഴുതിയ മറുപടി അപ്രകാരം ആയിരുന്നു.

“ഇനിയും ഒരു പ്രാവശ്യം ഇങ്ങനെ ഒരു അപേക്ഷ എഴുതുന്ന ആൾ പിതാവിന്റെയും പുത്രന്റെയും വി.റൂഹായുടെയും വായാൽ ശപിക്കപ്പെട്ടവനായിരിക്കും”

ഏതായാലും പിന്നീടുണ്ടായ സംഭവവികാസങ്ങൾ അക്കാലത്ത് ഇറങ്ങിയ ‘മലങ്കര ഇടവകപത്രികയിൽ’ വന്ന ഒരു ലേഖനത്തിൽനിന്ന് വ്യക്തമാണ്. ഏതാനും ഭാഗം ഉദ്ധരിക്കാം.

“പാത്രിയർക്കീസിന്റെ നീചതരമായ പ്രവർത്തികൾമൂലം നമ്മുടെ സമുദായം കൂട്ടമായി എഴുന്നേറ്റ് പാത്രിയർക്കീസിനെ സിംഹാസനത്തിൽ നിന്ന് നീക്കി വേറെ ആളെ നിയമിക്കണമെന്നുള്ള ആലോചനയിൽ പല സ്ഥലത്തും സംഘംകൂടി യോഗത്തിന്റെ തീരുമാനം അനുസരിച്ച് കമ്മറ്റിക്കാർ മുഖാന്തിരം ഗവൺമെന്റിനെ ബോധിപ്പിച്ച് അനുവാദം വാങ്ങി മോസലിലെ ബഹനാൻ മാർ ദിവന്നാസ്യോസിന്റെ അഗ്രാഹസനാധിപത്യത്തിൽ ഒരു യോഗം കൂടി പാത്രിയർക്കീസിനോട് പലപ്രകാരത്തിലും അപേക്ഷിച്ചിട്ടും തന്റെ മ്ലേഛമായ നടപടികളെ ഉപേക്ഷിക്കാതെ മുതിർന്നുവരുന്നതായി കാണുകയാൽ സിംഹാസനത്തിനു കീഴിലുള്ള എല്ലാ ഇടവകകളുടെയും അറിവോടുകൂടി പൊതുവിന്റെ സുന്നഹദോസ്കൂടി (1904) വിസ്തരിക്കയും സിംഹാസനത്തിൽ നിന്ന് ഇറക്കേണ്ടതാണെന്നു നിശ്ചയിച്ച് സ്ഥാനഭ്രഷ്ടനാക്കുകയും വിവരം കുസ്തന്തിനോപ്പോലീസിൽ (ടർക്കി) ഇരിക്കുന്ന സുറിയാനിക്കാരുടെ രാജപ്രതിനിധിയായ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് എഴുതി അയക്കുകയും അദ്ദേഹം സാക്ഷിപ്പെടുത്തി രാജാവിങ്കൽ മൊഴികൊടുക്കുകയും ചെയ്തു”.

തുർക്കി സുൽത്താനും പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങളിൽ അതൃപ്തനായിരുന്നതിനാൽ അബ്ദുൾമ്ശിഹായെ സ്ഥാനഭ്രഷ്ടനാക്കുവാൻ അദ്ദേഹത്തിന്റെ അനുവാദവും ലഭിച്ചു.

എന്നാൽ ഏകദേശം രണ്ട് വർഷത്തോളം അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനം വൈധവ്യത്തിൽ ആയിരുന്നു. 1906 ൽ മാത്രമാണ് ഒരു സ്ഥിരമായ പാത്രിയർക്കിസിനെ തെരഞ്ഞെടുക്കുവാൻ മെത്രാപ്പോലീത്താമാരുടെ സുന്നഹദോസ് വീണ്ടും കൂടുകയും മാർ അബ്ദുള്ളായെ (ഗ്രീഗോറിയോസ്) 1906 ചിങ്ങം 15–ാം തീയതി പാത്രിയർക്കീസായി അവരോധിക്കയും ആയതിന് ടർക്കി രജാവിന്റെ (സുൽത്താൻ) അംഗീകാരം ലഭിക്കയും ചെയ്തത്.

N.B. 1896 പാത്രിയർക്കാ സ്ഥാനത്തിന് തുർക്കി സുൽത്താന്റെ അംഗീകാരം ലഭിക്കാതെ ഇരുന്ന മാർ ഗ്രീഗോറിയോസ് (പിന്നീട് മോർ അബ്ദുള്ളാ പാത്രിയർക്കീസ്) ആ വർഷം കത്തോലിക്കാസഭയിൽ ചേർന്ന് 1906 വരെ ഹോംസ് കത്തോലിക്കാ മെത്രാനായി ഭരണം നടത്തുകയും 1906 ൽ ആ സ്ഥാനം രാജിവച്ചാണ് അദ്ദേഹം യാക്കോബായ പാത്രിയർക്കീസ് ആയതെന്നും അതുപോലെ തന്നെ പാത്രിയർക്കാ സ്ഥാനം നഷ്ടപ്പെട്ട (സ്ഥാനഭ്രഷ്ടനാക്കപ്പെട്ട) അബ്ദേദ് മ്ശ്ഹാ തുടർന്ന് തുറബ്ദിനിൽ (ടർക്കിയിലെ................) പോയി പാത്രിയർക്കീസ് ആയി തുടർന്നെന്നും അവിടെയും സമീപ പ്രദേശങ്ങളിലും ഉള്ളവർ അദ്ദേഹത്തെ തുടർന്നും പാത്രിയർക്കീസായി അംഗീകരിച്ചിരുന്നു എന്നും ഒരു പ്രശസ്ത സഭാചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

സൂചിതരായ രണ്ടു പാത്രിയർക്കീസ് ബാവാ (അബ്ദേദ് ആലോഹോ) 1915 വൃശ്ചികം 26–ാം തീയതി കാലം ചെയ്ത് ഊർശ്ലേമിലെ സെഹിയോൻ മാളിക പള്ളിയിൽ കബറടക്കപ്പെട്ടു.

മാർ അബ്ദേദ് മ്ശ്ഹാ പാത്രിയർക്കീസ് 1915 ൽ ദയർ അസഫ്രാനിൽ വച്ച് കാലം ചെയ്ത് അവിടെതന്നെ കബറടക്കപ്പെട്ടു.

## വിവാഹ ഒരുക്ക സെമിനാർ

2018 ജൂലൈ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 12, 13, 14 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പു തന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലിഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Thomas Abraham, Malayasseril**
(Director)
Ph: 0469-2608155, 9447411554

**Fr. Shaji Jacob, Puthenpurackal**
(Secretary)
Ph: 9446986780

# ശാപം നീങ്ങാതെ യഹോവ കൂടെയിരിയ്ക്കയില്ല

**അമ്മാൾ രാജൻ, പുളിമൂട്ടിൽ**

നാട്ടിലെ പ്രമാണിയായ തോമാച്ചന്റെ മകനാണ് കുഞ്ഞികുട്ടൻ. എല്ലാവരും കുട്ടാ എന്നാണു വിളിക്കുന്നത്. ജനിച്ചപ്പോൾ തോമാച്ചൻ പ്രമാണി അല്ലായിരുന്നു. അപ്പനും അമ്മയും കഷ്ടപ്പെട്ട് ഉണ്ടാക്കിയ മുതൽ അവരുടെ കാലശേഷം തോമാച്ചനാണ് കൈകാര്യം ചെയ്തത്. ഒരുമകനെ ഉള്ളായിരുന്നതുകൊണ്ട് അപ്പനും അമ്മയും രാവും പകലും കഷ്ടപ്പെട്ടുണ്ടാക്കിയ മുതൽ ആർക്കും ഭാഗം വെയ്ക്കേണ്ടിവന്നില്ല. അതുമുഴുവൻ തോമാച്ചനുകിട്ടിയതുകൊണ്ടാണ് പ്രമാണിയായത്. ആരേയും പേടിക്കാനില്ലാത്ത തോമാച്ചൻ സന്ധ്യ കഴിഞ്ഞാൽ പിന്നെ വീട്ടിലില്ലാ. എവിടെയാണു പോകുന്നെന്ന് പാവം ഭാര്യപോലും അറിയത്തില്ല. തിരിച്ചു വരുന്നത് പോയ രീതിയിലല്ല. വീട്ടിൽ ബഹളമാണ്. അടിയും പിടിയും പ്രാക്കും ബഹളവുമാണ്. കുട്ടൻ ഇതെല്ലാം കണ്ടുകൊണ്ടാണു വളരുന്നത്. തോമാച്ചൻ രാവിലെയാകുമ്പോൾ എല്ലാം മറന്നുപോകും. ഇതിങ്ങനെ തുടർന്നു കൊണ്ടേയിരുന്നു. കുട്ടൻ പ്രായമായികൊണ്ടുമിരുന്നു. കുട്ടൻ സ്ക്കൂൾ വിദ്യാഭ്യാസം ഒക്കെകഴിഞ്ഞു കോളേജിൽ കയറി. തോമാച്ചൻ പ്രായവുമായി നാട്ടിലോട്ടൊന്നും ഇറങ്ങാൻ വയ്യാത്ത അവസ്ഥയുമായി. ഒരു ദിവസം കുട്ടൻ കോളേജിൽ നിന്നുവരുവാൻ ഒത്തിരി താമസിച്ചു. തോമാച്ചനും ഭാര്യയും കണ്ണുനട്ടു നോക്കിയിരിക്കയാണ്. ഏകദേശം പത്തുമണിയായപ്പം കയറി വരുന്നു. എന്തോ പന്തികേടുപോലെ തോന്നി ആരും ഒന്നും പറഞ്ഞില്ല. കയറി കിടന്നു. പിറ്റേ ദിവസവും ഇതുതന്നെ ആവർത്തിച്ചു അങ്ങനെ മകന് ഇതുപതിവായി. ദിവസവും അങ്ങനെ തന്നെ. ചോദിക്കുമ്പോൾ ഒരു മറുപടിയില്ല. ഒരു ദിവസം അവൻ “നിങ്ങളാണ് എന്നെ ഇങ്ങനെ ആക്കിയത്” എന്റെ കൂട്ടുകാർ ഞാൻ പഠിച്ചുകൊണ്ടിരുന്ന സമയം എന്നെ കളിയാക്കുമായിരുന്നു. പകൽ മാന്യനായി നടക്കുന്ന നിന്റെ അപ്പൻ രാത്രി മുഴുവൻ ഞങ്ങളുടെ അടുത്ത വീട്ടിൽ കള്ളുകുടിയും ചീട്ടുകളിയുമാണ്. ഇത് അവന്റെ മനസ്സിൽ തിങ്ങി നില്ക്കുകയായിരുന്നു. അവൻ പ്രായമായപ്പോൾ അവനും ഈ രീതി ആവർത്തിച്ചു. അപ്പനു വളരെ സങ്കടം തോന്നി. അപ്പൻ മകനെയും കൊണ്ട് നടക്കാത്ത സ്ഥലങ്ങളില്ല. അവനെയൊന്നു നേരെയാക്കാൻ വേണ്ടി ഒടുവിൽ ഒരു അച്ചന്റെ അരികിൽ ചെന്നു. അച്ചൻ പൂർവ്വചരിത്രങ്ങളെല്ലാം ചോദിച്ചുമനസ്സിലാക്കി. അപ്പന്റെ തെറ്റ് അപ്പനു മനസ്സിലായി അപ്പൻ വിങ്ങി വിങ്ങി കരഞ്ഞു. താൻ ചെയ്ത തെറ്റുകളുടെ ശിക്ഷയാണ് തന്റെ മകനിൽ കൂടെ ഞാൻ അനുഭവിക്കുന്നതെന്ന് മനസ്സിലാക്കിയ അപ്പൻ ദൈവത്തോടു മാപ്പു പറഞ്ഞു. കിട്ടുന്ന സമയം സുവിശേഷപ്രചരണത്തിനായി നീക്കിവച്ചു. മകൻ ഇന്ന് വലിയ കമ്പനിയുടെ മാനേജരായി ജീവിയ്ക്കുന്നു. തോമാച്ചനും ഭാര്യയും ലോകത്തിൽ നിന്ന് യാത്രയാവുകയും ചെയ്തു.






**1673**-ാമത്

# സിറിയൻ ക്നാനായ വാർഷിക സംഗമം

2018 മെയ് 25, 26, 27 (വെള്ളി, ശനി, ഞായർ തീയതികളിൽ)

സെന്റ് സൈമൺസ് ക്നാനായപള്ളി, പുതുശ്ശേരി, വാകത്താനം (മോർ ക്ലീമിസ് നഗർ)



## 42-ാം വിവാഹ വാർഷികം
30-06-2018



## രാജു ഏബ്രഹാം & സൂസൻ രാജു
വലിയവീട്ടിൽ പടിക്കൽ, കറ്റോട്


"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

*ആശംസകളോടെ*
റിക്കി, രേഖ, റിനി, സ്വപ്ന
റ്റോണി, റോണി, റിനോഷ്, സോണ
കളത്തിൽ പറമ്പിൽ സ്റ്റോർ, കൊടുമൺ

Advt - O



## 25-ാം വിവാഹവാർഷികം
21-06-2018



**ജോസഫ് വി. റ്റി (ബേബിച്ചൻ)** **ജെയിനമ്മ ജോസഫ്**

വെട്ടിപ്പറമ്പിൽ, ചിങ്ങവനം

*ആശംസകളോടെ,*
*ജുഫിൻ ജോസഫ്, ജോഷൻ ജോസഫ്*

Advt - R



## 50-ാം വിവാഹവാർഷികം
09-06-2018



## M. S ചാക്കോ & വൽസമ്മ ചാക്കോ
കാവനാൽ, ചിങ്ങവനം

"ഇത്രത്തോളം ഞങ്ങളെ നടത്തിയ കൃപക്കായി
ദൈവത്തെ സ്തുതിക്കുന്നു'

*ആശംസകളോടെ,*
*ഉഷ & കുഞ്ഞുമോൻ, ഷൈനി & അജി, നിഷി & റെജി*
*ഷിജു & അൻസു, കൊച്ചുമക്കൾ*

Advt - O

# KNANAYA CONGRESS COMMITTEE (2018-2021)
# ST. PETER'S KNANAYA CHURCH, KUWAIT



**Fr. Kochumon Thomas**
Aykkattu Malayikal, Ranny
President



**Joseph P. Joseph (Joji)**
Pattarumadathil, Kallissery
Vice President



**Raiju Areekara**
Vallamkulam
Secretary



**Joseph Mathew (Jayamon)**
Plamkoottathil, Kottayam
Treasurer



**Jiji Chaluparambil**
Ranni
CC. Member



**Bino Jins**
Kaipuzha Chuzhukunnil,Ranni
Joint Secretary



**Simi Pradeep**
Manimalethu, Ranny



**Skaria Joseph (Kunju)**
Mukkattu, Kurichy



**Jacob Mathew**
Ayiramthaickal
Vakathanam



**Jacob Kurian (Jojo)**
Mangalaveetil, Aythala



**Rathish Abraham**
Kochumalathusseril,
Chingavanam



**Tinu Abraham Mathew**
Alamuttathu, Aythala



**കുവൈറ്റ് ക്നാനായ കോൺഗ്രസ് പ്രവർത്തനോത്ഘാടനം, ക്നാനായ ഭദ്രാസന സെക്രട്ടറി, റവ. ഫാ. തോമസ് എബ്രഹാം മലയശേരി നിർവഹിച്ചു.**

# പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം സലാലയിലെ ക്നാനായ കുടുംബാംഗങ്ങൾ



Shaiju K. Thomas & Family Kunnukandathil, Kuttoor



Shiju Chacko & Family Kadappanangattu, Eraviperoor



Poncy Issac & Family Kavanal, Patoor, Tvm.



Rittu Zachariah & Family Vakkayil, Thuruthicadu



Shibu Idicula & Family Elampallil, Thiruvanvandoor



Libi Kurian & Family Attumangalam, Kavalam



Tiby Jacob & Family Punnusseril, Edakkulam, Ranni



Milson & Milco Mayladumparayil, Kanamala

Advt - O

# കാശ്മീർ കാഴ്ചകൾ

പ്രൊഫ. ടോണി മാത്യു

മധ്യവേനലവധിക്ക് ഭാര്യയും മകളും പേരക്കുട്ടികളും ചില ബന്ധുക്കളുമൊത്ത് നടത്തിയ കാശ്മീർ യാത്ര അറിവനുഭവങ്ങളെ വർദ്ധിപ്പിക്കുന്നതായിരുന്നു. സ്വാമി വിവേകാനന്ദന്റെ 150–ാം ജന്മവർഷത്തിൽ, അദ്ദേഹത്തിന്റെ യാത്രാ പഥത്തിലൂടെ കന്യാകുമാരി മുതൽ ഹിമാലയത്തിലെ അൽമോറ വരെ സഞ്ചരിക്കാനായിരുന്നു ആഗ്രഹം. സാധിച്ചതോ തിരുവല്ല മുതൽ ഗുൽമാർഗ് വരെയും.

കന്യാകുമാരി– ജമ്മുതാവി 'ഹിമസാഗർ' എക്സ്പ്രസിൽ, ഇൻഡ്യയുടെ ഹൃദയഭൂമിയിലൂടെ സഞ്ചരിച്ച്, നാലാംപൊക്കം ജമ്മുവിലെത്തി. ജാട്ട് 20 ലെ മേജർ ജേക്കബ് ഫിലിപ്പിന്റെ ആതിഥ്യം സ്വീകരിച്ച്, കന്റോൺമെന്റിലെ അദ്ദേഹത്തിന്റെ വസതിയിൽ താമസിച്ചു. പിറ്റേന്നു രാവിലെ 350 കി.മീ. അകലെയുള്ള ശ്രീനഗറിലേക്ക് യാത്രയായി. ഇൻഡ്യയുടെ മകുടമെന്നും പൂക്കളുടെ കലവറയെന്നും വിശേഷിപ്പിക്കപ്പെടുന്ന കാശ്മീരിന്റെ സൗന്ദര്യം മുഴുവൻ ആസ്വദിക്കാൻ ആ ദീർഘയാത്ര പ്രയോജനപ്പെട്ടു. നാഷണൽ ഹൈവേ 44 നിറയെ കയറ്റിയിറക്കങ്ങളും കൊടുംവളവുകളുമാണ്. ജമ്മു അതിർത്തിയിലുള്ള, ഏതാണ്ട് രണ്ടു കി.മീ. നീളമുള്ള നെഹ്റു ടണൽ കഴിഞ്ഞിറങ്ങുന്നത് കാശ്മീർ താഴ്വരയിലേക്കാണ്. ചിനാർമരങ്ങളുടെ നിറസാന്നിദ്ധ്യമാണ് എവിടെയും. വള്ളികളും പൂക്കളും ധാരാളം. ഇൻഡ്യയുടെ ഉദ്യാനം എന്നു കാശ്മീരിനെ വിശേഷിപ്പിച്ചതു സത്യം തന്നെ!

എപ്പോഴോ പെയ്ത മഴയിൽ ത്ധലം നദി കലങ്ങി മറിഞ്ഞ് കുലം കുത്തി പായുന്നു. മലമുകളിൽനിന്നും വെള്ളിനൂൽ പോലെ ഒലിച്ചെത്തുന്ന ഉറവകൾ സമൃദ്ധം. ചിനാബ് നദിയിൽ പണിയുന്ന അണക്കെട്ട് ദൃശ്യവിരുന്നൊരുക്കിക്കൊണ്ട് നിൽക്കുന്നു. ജമ്മുവിൽനിന്നും ശ്രീ നഗറിലേക്കുള്ള റെയിൽവേയുടെ പണി നമ്മെ വിസ്മയിപ്പിക്കും.അഗാധ ഗർത്തത്തിൽനിന്നും മുകളിലേക്കു പണിയുന്ന കൂറ്റൻ കോൺക്രീറ്റു തൂണുകളിലൂടെയാണ് പാലം പണിയുന്നത്. വളവുകളില്ലാതാക്കാനായി തുരങ്കങ്ങളും പണിയുന്നു. എഞ്ചിനിയറിംഗിലെ അത്ഭുതമാണിത്!

ശ്രീനഗറിൽ പബ്ലിക്‌വർക്സ് ഡിപ്പാർട്ട് മെന്റിന്റെ ഗസ്റ്റ്ഹൗസിൽ ആ തണുത്ത രാത്രി കഴിച്ചുകൂട്ടി. കോഴിയും പനീറും കൂട്ടിയുള്ള അത്താഴം മാത്രം പഥ്യമായില്ല. നമ്മുടെ രുചിക്ക് ഇണങ്ങുന്നതായിരുന്നില്ല. യാത്രയിലുടനീളം ഭക്ഷണത്തിനാശ്രയിച്ചത് പഞ്ചാബി വൈഷ്ണവേ ദാബകളെയാണ്. ലളിതവും തൃപ്തകരവുമാണ് അവരുടെ ആഹാരം. ചപ്പാത്തി, പൂരി, സബ്ജി ഉരുളക്കിഴങ്ങ് വേവിച്ച കുഴച്ച് മല്ലിയിലയിട്ടു കടുകു വറുത്തെടുത്തത്, ടാൽകറി എന്നിവയാണ് പ്രധാനം. വേണമെങ്കിൽ വെള്ളച്ചോറും കിട്ടും.

പിറ്റേന്ന് സൂര്യനുദിക്കും മുൻപുതന്നെ ഗുൽബർഗിലേക്കുള്ള യാത്ര ആരംഭിച്ചു. ശ്രീനഗറിന്റെ പടിഞ്ഞാറു വശത്തുള്ള ആ സുഖവാസ കേന്ദ്രത്തിലെത്താൻ 55 കി.മീ. സഞ്ചരിക്കണം. ഒന്നിനു മുകളിലൊന്നായി മൂന്നു വസ്ത്രാവരണമാണു തണുപ്പിനെ തടയാനായി അണിഞ്ഞത്. പാതയുടെ ഇരുവശത്തേക്കും നോക്കിയാൽ പേടിക്കും ഒരിടത്തു മേഘങ്ങൾ മേയുന്ന കുന്നുകൾ. മറുവശത്ത് അഗാധഗർത്തങ്ങൾ. ദൂരെ ദൂരെ മഞ്ഞണിഞ്ഞ ഗിരിശൃംഗങ്ങളും മഹാകാശവും, ആകെ അലൗകികമായ അനുഭൂതി. സർവ്വസഹയായ ഭൂമീദേവി 'ഹരിതകഞ്ചുക' മണിഞ്ഞു കിടക്കുന്നു. അംബരചുംബികളായ പൈൻ മരങ്ങളുടെ നിറച്ചാർത്ത് അന്തരീക്ഷത്തെയാകെ കുളിരണിയിക്കുന്നു. നാലഞ്ചാളുകൾ കൈകോർത്തു പിടിച്ചാൽ പോലും അളവെടുക്കാനാവാത്തവണ്ണമാണ് ചില മരങ്ങൾക്ക് നോക്കത്താ ദൂരത്തേക്കുള്ള ഉയരവും. 'വൃക്ഷരാജായതേ നമ: എന്നു ഞാൻ മനസ്സിൽ മന്ത്രിച്ചു. വാഗമണ്ണിലെ 'പൈൻവാലിയിൽ അഭിമാനം കൊള്ളുന്ന നമുക്ക് ഇതൊരു ദൃശ്യവിസ്മയം തന്നെ.

'ഗൗരിമാർഗ്' ആണ് സായ്പിന്റെ ഉച്ചാരണത്തിൽ ഗുൽമാർഗ് ആയതെന്നു പറയപ്പെടുന്നു. നമ്മുടെ ആലപ്പുഴയെ ആലപ്പിയും കൊല്ലത്തെ ക്വയ്ലോണു മാക്കിയത് അവരാണല്ലോ. കൈലാസവാസിയായ പരമേശ്വരനെ അന്വേഷിച്ച് പാർവ്വതി (ഗൗരി) ഇതുവഴിയെങ്ങാനും പോയിരിക്കാം ദേവമാർഗ്ഗങ്ങൾ ആർക്കറിയാം?

ലോകത്തിലെ തന്നെ ഏറ്റവും മനോഹരമായ ഹിൽറിസോർട്ടാണ് ഗുൽമാർഗ് അങ്ങകലെ മുകളിൽ നിരനിരയായി നിൽക്കുന്ന. ഹിമശൃംഗങ്ങൾ, താഴ്വരയാകെ ഹിമപാളികൾ ശീതക്കാറ്റ്. ഇടയ്ക്കിടെ ആലിപ്പഴം പൊഴിച്ചുംകൊണ്ട് മഴ. വശ്യമനോഹരമായ കാഴ്ച. ഗുൽമാർഗ്ഗിലെ ഏറ്റവും വലിയ ആകർഷണം റോപ്പ്‌വേ കാറിലൂടെയുള്ള യാത്രയാണ്. കൂറ്റൻ ഇരുമ്പുതൂണുകളിൽ ഘടിപ്പിച്ചിരിക്കുന്ന കനത്ത കമ്പിയിലൂടെയാണ് കാർ ഉയരങ്ങളിൽനിന്നും ഉയരങ്ങളിലേക്കു പോകുന്നത്. കണ്ണടയ്ക്കാത്തതും ചങ്കിടിക്കാതുമിരിക്കുന്നവർ ഭാഗ്യശാലികൾ എന്നേ പറയേണ്ടതുള്ളു അവർക്കു മഞ്ഞിന്റെ മദഗന്ധം ആസ്വദിക്കാം.

തൊപ്പിയും കൈയ്യുറയും വാടകക്കെടുക്കുന്ന ബൂട്ടുമിട്ടേ പുതമഞ്ഞിന്റെ പുറത്തു നടക്കാനാവൂ. കുട്ടികൾ മഞ്ഞ് വാരിയെറിഞ്ഞു കളിക്കുന്നു. യൗവനക്കാർ സ്കേറ്റിങ്ങിലും ചെറിയ മോട്ടോർകാർ യാത്രയിലും ഏർപ്പെടുന്നു. വൃദ്ധർ ചൊക്ലേറ്റാ സ്വദിച്ച്, തെന്നിവീഴാതെ തപ്പി തപ്പി നിൽക്കുന്നു. ചൂടു ചായയോ കബാബോ വേണമെങ്കിൽ സമീപത്ത് ഒരു കാന്റീനുമുണ്ട്.

റോപ്പ്‌വേ കാർ എന്നർത്ഥം വരുന്ന ഗോണ്ടോള എന്ന ഫിന്നിഷ് വാക്കാണ് ഈ കളിക്കു പറഞ്ഞു വരുന്നത്.

ഹൈ ആൾട്ടിറ്റ്യൂട്ട് വാർഫെയർ ട്രെയിനിംഗ് സ്ക്കൂളിന്റെ അതിഥി മന്ദിരമായ 'ലിലി വൈറ്റ്' ലാണ് അന്നു രാത്രി തങ്ങിയത്. പട്ടാളഭക്ഷണം കഴിച്ച് ബ്ലാങ്കറ്റിനുള്ളിലേക്കു കയറിയപ്പോഴേ ഉറങ്ങിപ്പോയി.

ശ്രീനഗറിന്റെ പ്രാചീനവും ആധുനികവുമായ നഗരസൗന്ദര്യം ആസ്വദിക്കുകയായിരുന്നു അടുത്ത പകൽ. അതിലേറ്റവും ഹൃദ്യമായത്, ദാൽതടാകത്തിലെ ചെറു വഞ്ചിയിലൂടെയുള്ള യാത്രയായിരുന്നു. അത്ഭുതമെന്നു പറയട്ടെ തോണി

ക്കാരൻ ഒരു മലയാളി ആയിരുന്നു. ഞങ്ങളുടെ നാട്ടുമൊഴികൾ കേട്ട അയാൾ പറഞ്ഞു."തിരുവനന്തപുരത്തെ പൂവാറിലാണ് ഞാൻ ജനിച്ചത്. നാല്പതുകൊല്ലം മുമ്പ് കാശ്മീരിലെത്തി." അയാളുടെ മലയാളം പരിഭാഷപ്പെടുത്തിയെടുക്കാൻ അല്പം പണിപ്പെട്ടു. ദാൽതടാകത്തെക്കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചുമെല്ലാം ഒരു ടൂറിസ്റ്റ് ഗൈഡിന്റെ വൈദഗ്ദ്യത്തോടെ പിന്നീടു പറഞ്ഞതെല്ലാം ഹിന്ദിയിലായിരുന്നു. കാര്യമായൊന്നും മനസ്സിലായില്ലെങ്കിലും തല കുലുക്കിക്കൊണ്ടേയിരുന്നു.

ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. തടാകത്തിന്റെ ഒരു ഭാഗത്തെത്തിയപ്പോൾ ഉയരത്തിലേക്ക് കൈ ചൂണ്ടികൊണ്ട് അയാൾ പറഞ്ഞു. 'ശങ്കരാചാര്യമന്ദിർ'. കാലടിയിൽനിന്നും കാൽനടയായി കാശ്മീരിലെത്തിയ ശ്രീ ശങ്കരന്റെ സ്മൃതി വാനോളം ഉയർന്നു നിൽക്കുന്നതു കണ്ടപ്പോൾ ആദരവും അഭിനമാനവും ഉണ്ടായി. ഇരുന്നൂറിലേറെ പടവുകൾ താണ്ടി വേണം അവിടെ എത്തേണ്ടതെന്നറിഞ്ഞപ്പോൾ, അതു കാണാനുള്ള മോഹം ഉപേക്ഷിക്കേണ്ടിവന്നു. സർവ്വജ്ഞപീഠാരൂഢനായ ആചാര്യപാദരെ മനസ്സാ നമിച്ചു.

ശൈത്യകാലത്ത് ദാൽ തടകം ഘനീഭവിച്ച് മഞ്ഞുകട്ടയാകുമെന്നും ക്രിക്കറ്റ് കളിക്കാനും കാർ പാർക്കിംഗിനും ആകുമെന്ന് പറഞ്ഞു കേട്ടപ്പോൾ മിഴിച്ചിരുന്നുപോയി. മുഗൾ രാജവംശത്തിന്റെ പ്രൗഢിയുടെ പ്രതീകമായി നാലഞ്ചു പാർക്കുകൾ നഗരത്തിലുണ്ട്. ഷാലിമാർ, നിഷാത്, പരിമഹൾ (മാലഖമാരുടെ വീട്) തുടങ്ങിയ പാർക്കുകളുടെ ഭംഗി അവർണനീയമാണ്. ജഹാംഗീറും നൂർജഹാനും സായാഹ്ന സംഗമത്തിനു ഷാലിമാർബാഗ് ആണ് തിരഞ്ഞെടുത്തിരുന്നത്. പരിമഹലിന്റെ മധ്യത്തിലൂടെ പ്രവഹിക്കുന്ന നീരൊഴുക്ക് വിശുദ്ധ ജലമാണെന്നും മുഗൾരാജാക്കന്മാർ കുടിച്ചിരുന്നത് അതാണെന്നും പറയപ്പെടുന്നു. സന്ദർശകരെല്ലാം ആ ജലം കോരിക്കുടിക്കുന്നതു കണ്ടു.

നെഹ്റുപാർക്കും ഇന്ദിരാഗാന്ധിസ്മാരക ടുലിപ്പ് പാർക്കും നയനമനോഹരങ്ങളാണ്. വിവിധ നിറത്തിലുള്ള ടുലിപ്പ് പുഷ്പങ്ങൾ നിറഞ്ഞു പടർന്നു കിടക്കുകയാണ് വിശാലമായ ആ സ്ഥലത്ത്. മൂന്നു മാസമേ പൂക്കാലമുള്ളു. ഹോളണ്ടിന്റെ ദേശീയ പുഷ്പമാണ് ടുലിപ്പ്. നെഹ്റുപാർക്ക് തടാകത്തിനുള്ളിലാണ്. ശ്രീനഗറിലെ ബൊട്ടാണിക്കൽ ഗർഡൻ പ്രസിദ്ധമാണ്.

നഗരത്തിലെ ചരിത്ര പ്രസിദ്ധമായ പുണ്യസ്ഥലം ഹസ്രത്ത്ബാൽപള്ളിയാണ്. തീർത്ഥാടകരുടെ തിരക്ക് അഹോരാത്രമുണ്ട്. പ്രവാചകനായ മുഹമ്മദ് നബിയുടെ തിരുമുടികളിലൊന്ന് അവിടെ സംരക്ഷിച്ചിട്ടുണ്ട്. അതു പക്ഷേ, വിശേഷ ദിവസങ്ങളിലെ പ്രദർശിപ്പിക്കു. കാണാനായില്ല. തിരശീല കൊണ്ട് മറച്ച സ്ഥലത്തെ സ്ത്രീകൾക്കിരിക്കാൻ അവകാശമുള്ളു.

മുമ്പ് പാക്കിസ്ഥാൻ തീവ്രവാദികൾ ഈ പള്ളി കൈയടക്കുകയുണ്ടായി. അവരെ ഒഴിപ്പിക്കാനായി ഇൻഡ്യ സൈനിക നടപടി സ്വീകരിച്ചു. പരസ്പരമുള്ള വെടിവെയ്പിൽ നിരപരാധികളായ ധാരാളം പേർ മരിച്ചു. സായുധസൈനികരുടെ കനത്ത കാവൽ പള്ളിക്കു ചുറ്റുമുണ്ട്. സൂക്ഷ്മ പരിശോധനയ്ക്കുശേഷമേ അകത്തേക്കു കയറ്റിവിടൂ. പള്ളിമുറ്റത്തിരിക്കുന്ന യാചകരുടെ കാഴ്ച അസ്വാസ്ഥ്യമുളവാക്കി.

മിക്കപ്പോഴും ആക്രമണം അരങ്ങേറുന്ന ലാൽ ചൗക്കിന് അപ്പുറവും ഇപ്പുറവുമായി ഒരു ക്രൈസ്തവദേവാലയവും നാരായണ മന്ദിരവമുണ്ട്. ചുറ്റും ധാരാളം മസ്ജിദുകളും. ആശ്വാസദായമായിരുന്നു ആ കാഴ്ച. ഇടയ്ക്കിടെ ഗുരുദ്വാരകളും കാണാം. രാത്രി കന്റോൺമെന്റ് ഹൗസിൽ സുരക്ഷിതമായി ഉറങ്ങി. അവരുടെ 'ബുഫെ' ലളിതവും രുചികരവും തൃപ്തി നൽകുന്നതുമായിരുന്നു.

ശ്രീനഗർ സഞ്ചാരത്തിലെ ഉദ്വേഗം ജനിപ്പിച്ച കാഴ്ച പട്ടാളക്കാരുടെ നിതാന്ത ജാഗ്രതയാണ്. അര.കി.മീ. ഇടവിട്ട് സൈനിക പോസ്റ്റുകൾ ഉണ്ട്. സായുധസൈനികർ അവിടെ കാവൽ നിൽക്കുന്നു. ചുറ്റും മണൽചാക്കുകൾ അടുക്കിയിരിക്കുന്നു. നഗരങ്ങളിൽ ബോംബ് സ്ക്വാഡിനെയും പരിശീലനം സിദ്ധിച്ച നായയെയും കാണാം. കുന്നിൻപുറത്തും ചരിവിലും പാടശേഖരത്തിലും ബസ്സ്റ്റാന്റുകളിലും കെട്ടിടങ്ങളുടെ മുകളിലും സായുധസൈനികരുടെ സജീവ സാന്നിധ്യമുണ്ട്. ഇടയ്ക്കിടെ പട്ടാളവണ്ടികൾ ചീറിപ്പായുന്നു, നിറയെ തോക്കു ധാരികളായ പട്ടാളക്കാർ. എങ്ങോട്ടു നോക്കിയാലും ഒരു യുദ്ധകാല പ്രതീതി. ശത്രുക്കളെ സംഹരിക്കാനുള്ള വെമ്പലാണിതെല്ലാം.

നമ്മുടെ രാജ്യസ്നേഹത്തെ വർദ്ധിപ്പിക്കുന്ന കാഴ്ചയാണിത്. നാം ഉറങ്ങുമ്പോൾ മഞ്ഞും, മഴയും, വെയിലുംകൊണ്ട് ഉറക്കമിളച്ചിരുന്നുകൊണ്ട് മാതൃരാജ്യത്തെ സംരക്ഷിക്കുന്ന ധീരജവാന്മാരെ അംഗീകരിക്കുകയും ആദരിക്കുകയും വേണം. 'ജയ്കിസാൻ, ജയ്ജവാൻ' എന്ന മന്ത്രം ഓരോ രാജ്യസ്നേഹിയും ഉരുവിടണം. 'ആയുസും വപുസും ആത്മതപസും ധന്യതയോടെ ബലിയർപ്പിക്കുന്ന ധീരജവാന്മാരോട് രാജ്യം അങ്ങേയറ്റം കടപ്പെട്ടിരിക്കുന്നു.

അടുത്ത പ്രഭാതത്തിൽ പഞ്ചാബിലേക്കുള്ള യാത്രയായിരുന്നു. സ്വെറ്ററും ജാക്കറ്റും എല്ലാം ഉപേക്ഷിച്ചു. അഞ്ചു നദികളാൽ അനുഗൃഹീതമായ പഞ്ചാബ് ചൂടിലാണെന്നറിഞ്ഞിരുന്നു. സമതല പ്രദേശത്തുകൂടിയുള്ള ശീഘ്രയാത്ര. പാതയ്ക്കിരുവശവും അനന്തതയോളം നീണ്ടു കിടക്കുന്ന കോതമ്പു പാടങ്ങൾ. സ്വർണ്ണത്തളിക നിരത്തിയിട്ടിരിക്കുന്ന തോന്നലാണ് മേനി നിറഞ്ഞ കോതമ്പുതലപ്പുകൾ കാറ്റിലാടുമ്പോൾ, കൊയ്ത്തും മെതിയും ധാന്യ സംഭരണവും തകൃതിയായി നടക്കുന്നു. ആയിരക്കണക്കിനു കോതമ്പു ചാക്കുകൾ അട്ടിയായിരിക്കുന്നു. അവ രാജ്യത്തിന്റെ നാനാഭാഗത്തേക്കു കൊണ്ടുപോകാനുള്ള കണ്ടെയ്നർ ലോറികൾ നിരത്തിയിട്ടിയിരിക്കുന്നു. 49 കി.മീ. സഞ്ചരിച്ചിട്ടും ഇതേ കാഴ്ച തന്നെ. ഉത്സാഹശാലികളായ ഗ്രാമീണ കർഷകരെ കാണാനും ഞങ്ങൾ മറന്നില്ല. കോതമ്പു മണികൾ ചിലതെടുത്ത് കൊറിച്ചത് അവർക്ക് സന്തോഷമായി. ജയ് കിസാൻ എന്നു കുട്ടികൾ പറഞ്ഞപ്പോൾ സ്വർണ്ണവർണ്ണമുള്ള ആ പഞ്ചാബികൾ ചിരിച്ചു.

കൊയ്ത്തു കഴിഞ്ഞ പാടത്ത് കടുകും ഉലുവയും കൃഷി ചെയ്തിരിക്കുന്നതുകണ്ടു. മഞ്ഞ കടുകുപൂക്കൾ പീതപാതാക ഉയർത്തിവീശി യാത്രാ മംഗളം നേർന്നു. അരയാലും ആര്യവേപ്പുമാണ് പാടങ്ങൾക്കതിരു തിരിക്കുന്നത്. മഞ്ഞവെയിൽ നാളങ്ങൾ പഞ്ചാബിൽ പരന്നൊഴുകി.

അമൃതിസർ സിറ്റിയിലേക്ക് പ്രവേശിച്ചപ്പോൾ കേശ-ദീക്ഷാദികൾ കെട്ടിവച്ചിരിക്കുന്ന ഉന്നത ശീർഷരുടെ പ്രവാഹം. അഞ്ചടിക്കാരനായ എനിക്ക് അല്പം ലജ്ജ തോന്നിയെങ്കിലും സുവർണ്ണക്ഷേത്രം കാണാനുള്ള ആഗ്രഹത്തിൽ മുന്നോട്ടു നീങ്ങി. ക്ഷേത്രത്തിനടുത്ത് പ്രസിദ്ധമായ ഒരു ലെസിക്കടയുണ്ടെന്നു മനസ്സിലാക്കിയിരുന്നു. കടും ചൂടിൽ തണുത്ത ലെസി ആഹ്ലാദം നൽകി. ഒരു റോബസ്റ്റാപഴം കൂടിയായപ്പോൾ വയറും നിറഞ്ഞു.

നഗ്നപാദനായേ ക്ഷേത്രത്തിൽ കയറാൻ പറ്റൂ. ചെരിപ്പു കളെല്ലാം കാവൽക്കാരെ ഏല്പിച്ച് ടോക്കൺ വാങ്ങി, ചുവന്ന കാർപ്പറ്റിലൂടെ പള്ളിയിലേക്കു നടന്നു. പ്രവേശനദ്വാരത്തിൽ കാൽ കഴുകാൻ പാകത്തിൽ ഒരു നീരൊഴുക്കുണ്ട്. പാദങ്ങൾ കഴുകി അവിടെ ഒരു പാത്രത്തിൽവെച്ചിരിക്കുന്ന മഞ്ഞത്തൂ വാലയെടുത്ത് ചെവി കാൺകെ തലയിൽ കെട്ടണം. എന്നിട്ടേ അകത്തു കടക്കാവൂ. ആചാര്യ മര്യാദകൾ ലംഘിക്കുന്നുണ്ടോ എന്നു വീക്ഷിക്കാനായി കുന്തം ധരിച്ചുകൊണ്ട് വോളന്റി യർമാർ നിൽകുന്നുണ്ട്. അമൃത് സരോവറിന്റെ മധ്യത്തിലുള്ള സുവർണ്ണ ക്ഷേത്രത്തിൽ പ്രവേശിക്കാൻ ക്യൂവിൽ അര മണി ക്കൂർ നിൽക്കേണ്ടി വന്നു. തിരുവല്ലാ ശങ്കരമംഗലം ടവറിൽ താമസിക്കുന്ന ചിലരെ അവിടെവച്ച് പരിചയപ്പെട്ടു.

ക്ഷേത്രത്തിന്റെ അതിവിശുദ്ധസ്ഥലത്ത് ഒരു പീഠത്തിൽ സിക്കുകാരുടെ മതഗ്രന്ഥമായ 'ഗ്രന്ഥസാഹിബ്' വച്ചിട്ടുണ്ട്. അതിനു ചുറ്റുമിരുന്ന് പുരോഹിതന്മാർ ഭജന നടത്തുന്നു. രാവിലെ കൊണ്ടുവരുന്ന ഗ്രന്ഥം വൈകിട്ട് ആചാരപൂർവ്വം തിരികെ ആകാൽതക്ത്തിൽ കൊണ്ടുവെയ്ക്കും. പ്രാർത്ഥ നാ നിർഭരമായി നിൽക്കുന്നവർ കാണിക്കയിട്ട് മടങ്ങുന്നു. ഇടയ്ക്കൊരു കേന്ദ്രത്തിൽ പ്രസാദവും ലഭിക്കും.

ചെമ്പു തകിടിൽ പണിത ക്ഷേത്രത്തിന് 750 കി. സ്വർണ്ണം പൂശിയിട്ടുണ്ട് എന്നു കരുതുന്നു. ക്ഷേത്രത്തിനു ചുറ്റുമുള്ള ബഹുനിലകെട്ടിടം ഒരു അത്ഭുത കാഴ്ചതന്നെയാണ്. സായാഹ്ന സൂര്യരശ്മിയിൽ ധവളാഭ പരത്തി നിൽക്കുന്ന ആ കെട്ടിടത്തിന്റെ പ്രവേശന ഭാഗത്ത്, നാനൂറു വർഷ ങ്ങൾക്കുമുമ്പ് ഗുരുനാനാക്ക് നട്ട ഒരു മരം ഉണ്ട്. ഒടിഞ്ഞു പോകാതിരിക്കാനായി കോൺക്രീറ്റ് തൂണുകളും ശിഖര ങ്ങളും പണിത് അതു സംരക്ഷിച്ചിരിക്കുകയാണ്.

വിശുദ്ധിയുടെ ഈ വിളനിലത്തുനിന്നും പഞ്ചാബിന്റെ അക്കൽദാമ (രക്തനിലം)യിലേക്ക് പോയത്– ജാലിയൻ വാലാ ബാഗ്! ബ്രിട്ടീഷ് സൈന്യാധിപനായ ജനറൽ ഡയ റിന്റെ നിർദ്ദേശപ്രകാരം, നിരപരാധികളായ നിരവധി ഇൻഡ്യാ ക്കാരെ വെടി വെച്ചിട്ട സ്ഥലമാണിത്. ഭയന്നോടിയ സ്ത്രീ കളും ചാടിമരിച്ച 'മാർട്ടിയേഴ്സ്വെൽ' സംരക്ഷിച്ചിട്ടുണ്ട്. പട്ടാളം നിന്നു വെടിവെച്ച സ്ഥലം പ്രത്യേകം അടയാളപ്പെടു ത്തിയിരിക്കുന്നു. ബുള്ളറ്റ് തുളച്ചുകയറിയ ഭാഗങ്ങൾ തൽസ്ഥിതിയിൽതന്നെ സൂക്ഷിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സ മരരണാങ്കണത്തിൽ പോരാടി മരിച്ച ദേശാഭിമാനികളെ യോർത്ത് ഒരിറ്റു കണ്ണീർ തൂകാതെ അവിടെനിന്നും ഇറങ്ങാ നാവില്ല.

കെടാവിളക്കായ 'അമർജ്യോതി' അവിടെ കത്തി നിൽക്കുന്നു. സമീപത്തുനിന്ന് ഒരുഫോട്ടോയെടുപ്പിച്ച് എന്റെ ആദരവു രേഖപ്പെടുത്തി. ഇൻഡ്യാപാക്കിസ്ഥാൻ അതിർത്തി യായ വാഗയിൽ നടക്കുന്ന സൈനിക ഡ്രില്ലും പതാകതാ ഴ്ത്തൽ ചടങ്ങും കാണാനായി. 30.കി.മീ. അകലെയുള്ള അവി ടേക്കുപോയി. വി.ഐ.പി. പാസുണ്ടായിരുന്നതിനാൽ മുമ്പിൽ തന്നെ ഇരിക്കാൻ കഴിഞ്ഞു. 'ബോർഡർ ബ്രവാഡോ' എന്ന പേരിലറിയപ്പെടുന്ന ഈ ചടങ്ങ് നമ്മിൽ ദേശസ്നേഹം ജ്വലി പ്പിക്കുന്നതാണ്. ഇരുരാജ്യങ്ങളിലെയും സൈനികർ ക്ഷുഭി തരായി മാർച്ച് ചെയ്ത് നേർക്കുനേരെ വരും. കാലുകൾ നെറ്റി യിൽ മുട്ടുംവിധം ഉയർത്തിയാണ് ചവിട്ടുന്നത്. ജ്വലിക്കുന്ന കണ്ണും വിറയ്ക്കുന്ന മീശയും കോപതാപങ്ങളെ പ്രകടിപ്പി ക്കും. ദേശഭക്തിഗാനങ്ങളും മുദ്രാവാക്യങ്ങളും ആർത്തട്ടഹ സിക്കും. പാക്കിസ്ഥാന്റെ പ്രകടനം കാണുമ്പോൾ, നമ്മൾ പരിഹസിച്ച് കൂവിവിളിക്കും വന്ദേമാതരം, ഭാരത്മാതാ കീ ജയ് തുടങ്ങിയവ കേൾക്കുമ്പോൾ നാം ആർത്തുല്ലസിക്കും. ഇതേ നിലതന്നെയാണ് പാക്കിസ്ഥാന്റെ ഭാഗത്തും യുദ്ധകാ ലത്ത് കോളനി ഭരണക്കാർ നടത്തുന്ന ഈ ചടങ്ങിനെ നാട കീയമായി അനുകരിക്കയാണ് ഇരുരാജ്യങ്ങളും.

ഒടുവിൽ ഒരുമിച്ചുതന്നെ പതാകകൾ താഴ്ത്തി ആചാര പൂർവ്വം അതു സൂക്ഷിക്കുന്ന സ്ഥലത്തേക്കു കൊണ്ടുപോ കുന്നു. സൈനിക ഓഫീസറന്മാർ സല്യൂട്ട് ചെയ്യുകയും ഹസ്തദാനം നൽകുകയും ചെയ്യുന്നതോടെ രണ്ടു ഗയിറ്റു കളും ഒന്നിച്ചടയ്ക്കുന്നു. പിറ്റേ ദിവസം രാവിലെ പതാക ഉയർത്തൽ ചടങ്ങും നടക്കും. ഇരു രാജ്യത്തെയും ധാരാള മാളുകൾ ഇതു കാണാനെത്തുന്നുണ്ട്. കർശന നിയന്ത്രണ മാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കമ്പിവേലിക്കപ്പുറം പാക്കി സ്ഥാനിലെ സ്ഥലം കാണാനാവും. ലാഹോറിലേക്ക് ഇവി ടെനിന്നും ഏതാണ്ടു 35 കി.മീ. ഉണ്ട്.

അതിർത്തിയിൽ നമ്മുടെ ദേശീയ പതാകയും ഗാന്ധിജി യുടെ ചിത്രവും ഉന്നതങ്ങളിൽ വിരാജിക്കുന്നു. അപ്പുറത്ത് അവരുടെ ദേശീയപാതാകയും ജിന്നയുടെ ചിത്രവും ഏറെ യേറെ ചരിത്രസംഭവങ്ങൾ നമ്മളിലുയർത്തുന്നതാണ് വാഗാ അതിർയിലെ നില്പ്.

കുറെ ധന്യാനുഭവങ്ങളും മധുരസ്മരണകളുമായി രാത്രി ജമ്മുവിലേക്ക് മടക്കയാത്ര. പിറ്റേ ദിവസം രാവിലെ ജമ്മുസി റ്റിയിലും സൈനിക കാന്റിനുകളുമായി ഷോപ്പിംഗ്. കാന്റിനിലെ വിലക്കുറവു കണ്ടപ്പോൾ, എല്ലാമങ്ങുമേടിച്ചുകൂ ട്ടിയാലോ എന്നായി ആലോചന. പക്ഷേ അപ്പോഴേക്കും പേഴ്സ് കാലിയായി തുടങ്ങിയിരുന്നു. രാത്രി ഷാലിമാർ എക്സ്പ്രസ് ട്രെയിനിൽ ദില്ലിക്ക്. ഒന്നരമണിക്കൂർ വൈകിയാണെത്തിയത്. ഇൻഡിഗോ എയർവേയ്സ് ഞങ്ങൾക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. അവസാ നത്തെ യാത്രക്കാരായി അതിൽ കയറിപ്പറ്റി തിരക്കിനിടയിൽ രണ്ടു ബാഗുകൾ നഷ്ടപ്പെട്ടു. 1.40ന് പൊങ്ങിയ വിമാനം 5.10 ന് നെടുമ്പാശ്ശേരിയിലെത്തി. ഒരു ലഘു ഭക്ഷണം കഴിച്ചു. രൂപാ ആയിരം. വായിൽ വെയ്ക്കാൻ കൊള്ളാത്തതുമായി രുന്നു. 8 മണിക്ക് വീട്ടിലെത്തി.

## ക്ലീമ്മീസ് സ്ക്കൂളിന് വീണ്ടും നൂറുമേനി വിജയത്തിന്റെ തിളക്കം

ചിങ്ങവനം ക്ലീമ്മീസ് സ്ക്കൂൾ ഈ വർഷവും സി.ബി.എസ്. ഇ. **X, X11** ക്ലാസ്സുകളിലെ പരീക്ഷക ളിൽ നൂറു ശതമാനം വിജയം ലഭിച്ചു. **X11** -ാം ക്ലാസ്സിൽ പരീക്ഷയെഴുതിയ 2 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും $A_1$ ലഭിച്ചു. 19 കുട്ടികൾ ഡിസ്റ്റിം ഗ്ഷൻ കരസ്ഥമാക്കി. **X** -ാം ക്ലാസ്സിൽ 6 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും $A_1$ ലഭിച്ചു. 35 കുട്ടികൾക്ക് ഡിസ്റ്റിംഗ്ഷൻ കരസ്ഥമാക്കി. ഉന്നതവിജയം കരസ്ഥ മാക്കിയ എല്ലാ കുട്ടികളേയും, അവർക്ക് പ്രോത്സാ ഹനം നൽകിയ മാതാപിതാക്കളെയും, അദ്ധ്യാപക രേയും പ്രത്യേകം അനുമോദിക്കുന്നു.

**പ്രൊഫ. ഡോ. ഏബ്രഹാം പുന്നൂസ്**
മാനേജർ

# വചനാമൃതം



**റോയി മാത്യു കോർ–എപ്പിസ്ക്കോപ്പ**

## പെന്തിക്കോസ്തിക്കുശേഷം 5–ാം ഞായർ

അവൻ അപ്പമെടുത്തു വാഴ്ത്തി നുറുക്കികൊടുത്തു എല്ലാവരും തൃപ്തിയായശേഷം അവൻ തനിയെ മലയിലേക്കുപോയി.

തനിയെ ശേഷിച്ചു, തനിയെ ഇരിക്കുന്നത് അല്ലെങ്കിൽ ഏകാന്തതയിൽ പലർക്കും ഉപേക്ഷിക്കപ്പെട്ടതും തനിയെ ആയിപ്പോയല്ലോ എന്നുമുള്ള ചിന്തയാണ് ഉണ്ടാകുന്നത്. എന്നാൽ മറ്റു ചിലർക്ക് അത് വിശ്രമവും സ്വസ്ഥതയുമാണ്. ദൈവത്തോടുകൂടെയുള്ള ഏകാന്തത സ്വർഗ്ഗത്തിന്റെ ഒരു നിഴലാണ്. കർത്താവിനെ അനുഗമിക്കുന്നവർ അവനോടുകൂടെ അധികം സമയം ചെലവാക്കിയിരുന്നെങ്കിൽ ആത്മീയ ലോകത്തിൽ ഇന്ന് അനേക വിശുദ്ധന്മാരേ കാണുവാൻ കഴിയുമായിരുന്നു. കർത്താവ് നമുക്ക് മാതൃക തന്നിട്ടുണ്ട്. അടിക്കടി പിതാവുമായി സമയം ചെലവഴിക്കുന്നു. "നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക എന്നു കർത്താവ് പ്രത്യേക നിർദ്ദേശം നൽകുന്നുണ്ട്. ഏലിയാവും ഏലിശയും തനിയെ നിന്നുകൊണ്ടാണ് ഏറ്റവും വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചത്. (ഉല്പ.3:2–24) തനിക്കുള്ളതൊക്കെയും അക്കരകടത്തിയശേഷം യാക്കോബ് തനിയേ ശേഷിച്ചു. അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോട് മല്ലുപിടിച്ചു. അവനെ അനുഗ്രഹിച്ചു. അവന്റെ പേര് മാറ്റി യിസ്രയേൽ എന്നാക്കി. (സഖര്യാവ് 3:8) മഹാപുരോഹിതനായ യോശുവായെപ്പോലെ തനിയെ നിന്നാൽ അത്ഭുത ലക്ഷണ പുരുഷൻ എന്ന പേര് ലഭിക്കും. യിസ്രായേലിന്റെ നല്ല ഭടനായ യോശുവ തനിയേ ഇരുന്നപ്പോഴാണ് ദൈവം അവനു പ്രത്യക്ഷനായത്. (യോശു.1:1) യിസ്രയേലിനെ രക്ഷിക്കുവാൻ ഗിദയോനും, യിപ്താഹും തെരഞ്ഞെടുക്കപ്പെട്ടത് അവർ തനിയേ നിന്നപ്പോഴത്രേ. (ന്യായ 6:11) മോശയും തനിയേ മുൾപടർപ്പിന്റെ സമീപത്തു നിന്നപ്പോൾ ദൈവം അവന് പ്രത്യക്ഷപ്പെട്ട് സംസാരിച്ചു. (പുറ. 3:1) കൊർന്നല്യോസ് ഏകനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ദൈവദൂതൻ പ്രത്യക്ഷനായി (അപ്പൊ.പ്ര.10:12) ഏകനായി ദൈവസന്നിധിയിൽ ഇരിക്കാൻ കാംക്ഷിക്കുക അതിനുള്ള അവസരം നാം നഷ്ടപ്പെടുത്തുന്നെങ്കിൽ നമുക്ക് ലഭിക്കാനുള്ള അനുഗ്രഹവും നമ്മിൽ കൂടെ മറ്റുള്ളവർ പ്രാപിക്കേണ്ട അനുഗ്രഹവും നാം നഷ്ടപ്പെടുത്തുന്നവരായിത്തീരും.

## പെന്തിക്കോസ്തിക്കുശേഷം 6–ാം ഞായർ

ഞാൻ സൗമ്യതയും, താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റു കൊണ്ട് എന്നോട് പഠിപ്പീൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾ ആശ്വാസം കണ്ടെത്തും. (മത്താ. 11:29). നിങ്ങൾ തമ്മിൽ ദയയും മനസ്സലിവും ഉള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പീൻ. (എഫേ. 4:32).

ആദ്രതയും മനസ്സലിവും ദൈവീക സ്വഭാവത്തിന്റെ മുഖലക്ഷണങ്ങളാണ്. പുരുഷാരം പട്ടിണിക്കു പോകുവാൻ തുടങ്ങിയപ്പോൾ നമ്മുടെ കർത്തവ് അവരിൽ മനസ്സലിഞ്ഞ് അഞ്ച് അപ്പംകൊണ്ട് 5000 പേരേയും 4 അപ്പംകൊണ്ട് 7000 പേരേയും പോഷിപ്പിച്ച് അവരെ തൃപ്തരാക്കി പറഞ്ഞയച്ചു.

ചിലരിൽ സ്വഭാവികമായി കണ്ടുവരുന്ന സൗമ്യതയും ദയാശീലവും ആത്മാവിന്റെ കൃപാവരമെന്നു പറയുവാൻ പാടില്ല. സാമൂഹ്യമായും സാംസ്ക്കാരപരമായുള്ള പരിശീലനങ്ങൾകൊണ്ടും ലഭിക്കുന്ന മതസംസ്ക്കാരത്തിൽനിന്നുളവാകുന്ന ശാന്ത സ്വഭാവത്തെയും ആത്മാവിന്റെ ഫലമെന്നു നിർവ്വചിക്കുവാൻ പാടില്ല. എന്നാൽ മനുഷ്യന്റെ ആത്മാവിൽ അമാനുഷികമായ ഒരു ശക്തിയുടെ വ്യാപാരത്താൽ ഉളവാകുന്ന ഫലമാണ് ആത്മീകമായ കരൾകനിവ് അല്ലെങ്കിൽ മനസ്സലിവ്. അതു മനുഷ്യന്റെ അന്തർ ഭാഗത്തുനിന്ന് പുറപ്പെട്ട് അവന്റെ ആത്മാവിനെ നിറയ്ക്കുന്നതും, അന്ത:കാരശക്തികൾവഴിയായി ഒഴുകുന്നതും, ജീവ നദിയുടെ മാധുര്യത്തിൽ സ്വഭാവം, ബാഹ്യ പ്രകടനങ്ങൾ, സംഭാഷണം എന്നിവയെ മധുരമാക്കി തീർക്കുന്നതുമായ ദൈവിക സ്വഭാവമാകുന്ന ഉറവയാണ്. അത് മനുഷ്യചിത്തത്തെ ഏകാഗ്രമാക്കുകയും വിവേചനാശക്തിയെ ദൈവീകമാക്കുകയും, വികാരങ്ങളെ വിശുദ്ധീകരിക്കുകയും ജീവിത രീതിയെ ഉൽകൃഷ്ടമാക്കുകയും ചെയ്യുന്നു. തൽഫലമായി മനുഷ്യന്റെ ആളത്വം മുഴുവനും സൗമ്യതയുടെയും മനസ്സലിവിന്റെയും താഴ്മയുടെയും മൂർത്തീകരണമായ യേശു ക്രിസ്തുവിന്റെ പ്രതിരൂപമായി രൂപാന്തരപ്പെടുന്നതാണ്. നിരന്തര ജീവിതത്തിന്റെ അന്തർഭാഗത്തുനിന്ന് ബഹിർഗമിച്ചുകൊണ്ടിരിക്കുന്ന ഒരു അമാനുഷിക സ്വഭാവവിശേഷമാണിത്. അല്ലാതെ എപ്പോഴെങ്കിലും അത്യാവശ്യമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ നമ്മിൽ തന്നെ ഈ സ്വഭാവം സൃഷ്ടിക്കുവാൻ സാധ്യമല്ല.

ക്രിസ്തീയ ജീവിതത്തിന്റെ ആഴമായ അനുഭവങ്ങളിൽ ഒന്നാണ് സൗമ്യത. ഈ അനുഭവം കൂടാതെ നമ്മുടെ ധാർമിക ജീവിതം തീഷ്ണത, സൽ പ്രവർത്തികൾ, സദാചാരവിശുദ്ധി, സുവിശേഷതല്പരത, നിറഞ്ഞു കവിയുന്ന ഔദാര്യശീലം, കളങ്കമറ്റ ജീവിതം എന്നീ വിശേഷങ്ങൾ ഉള്ള പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധ്യമല്ല.

## പെന്തിക്കോസ്തിക്കുശേഷം 7–ാം ഞായർ

വേദപുസ്തകത്തിൽ ദൈവത്തിനു പല പേരുകൾ നൽകിയിട്ടുണ്ട്. എന്നാൽ ദൈവം മതിയായവൻ എന്നർത്ഥമുള്ള എൽസദായി എന്ന എബ്രായപദംപോലെ വീതിയും നീളവും ആഴവും ഉയരവുമുള്ള അർത്ഥം നല്കുന്നതായ വേറൊരു പദമുണ്ടോ എന്നു തോന്നുന്നില്ല. തനിക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന പുത്രനെ ലഭിക്കേണ്ടതിനായി വിശ്വാസത്തിൽ നില നില്ക്കേണ്ടതിനു പകരം മനുഷ്യകരങ്ങളെ താൻ ആശ്രയിച്ചതത്രെ അബ്രഹാമിന്റെ കഷ്ടകാലത്തിന്റെ ആരംഭം. ദൈവകല്പനക്കുപകരം സാറായുടെ

വാക്കുകൾക്ക് വശം വദനനായി ഹാഗാറിനെ സ്വീകരിച്ച
തിന്റെ ഫലമായി 13 വർഷംക്കാലം അലയുന്നതിനിടയായി.
പ്രപഞ്ചത്തിന്റെ ദൈവം കൃപയുടെ ദൈവമാണെന്നുള്ള നാം
പലപ്പോഴും മറന്നു പോകുന്നു. പ്രകൃതി ദൈവത്തിന്റെ ഔദാ
ര്യത്തെ വെളിപ്പെടുത്തുന്നു. അവൻ നമ്മുടെ രക്ഷക്കു മതി
യായവൻ. നമ്മുടെ രക്ഷിതാവിന്റെ വീണ്ടെടുപ്പിന്റെ വേല
നമ്മുടെ രക്ഷക്കു മതിയായതത്രേ. കാൽവറി നിനക്കു ചാരു
വാൻ മതിയായതാണോ എന്നു ചിന്തിക്കണം. ക്രൂശിലെ മര
ണത്തിനു ഏല്പിച്ചുതന്ന ദൈവത്തിന്റെ കൃപ അളവറ്റതു
തന്നെ. അവൻ നമ്മേ തൃപ്തിയാക്കുവാൻ മതിയായവൻ.
പല രാജ്യങ്ങളിലും ദാരിദ്ര്യവും ക്ഷാമവും വർദ്ധിച്ചതിന്റെ
ഫലമായി ചെറിയ കുഞ്ഞുങ്ങൾ തങ്ങളുടെ വയറു നിറക്കേ
ണ്ടതിനു ഭിക്ഷയാചിക്കുന്ന കാഴ്ച നാം കാണാറുണ്ടല്ലോ
എന്നാൽ അവർക്കു ലഭിക്കുന്നതു അവരുടെ വിശപ്പടക്കു
വാൻ മതിയാകുന്നില്ല. അതിനാൽ ക്ഷീണിച്ചു അസ്ഥിക്കൂട
ങ്ങളായി തീരാറുണ്ട്. അവയിൽ നിന്നൊക്കെയും നമ്മേ വിടു
വിച്ച് നമുക്കുവേണ്ടി കരുതുന്ന ഒരു നല്ല പിതാവാണ് നമ്മുടെ
ദൈവം. അവൻ നമുക്ക് മതിയായ സങ്കേതം. പ്രകൃതിയെ
സൃഷ്ടിച്ച ദൈവം ഓരോരോ സ്ഥാനങ്ങളിൽ ഗോളങ്ങളെ
സ്ഥാപിച്ചിരിക്കുന്നു. അത് സൂര്യനോടുള്ള ആകർഷണ
ത്തിൽ ഓരോ ഗോളങ്ങളും സ്ഥിരമായിരിക്കുന്നു. ദൈവ
ത്തിന്റെ ഹൃദയത്തോട് നമ്മേ ഓരോരുത്തരേയും ബന്ധിച്ചി
രിക്കുന്ന ദൈവകൃപ എത്ര അത്ഭുതകരമാണ്. എന്നെ ദൈവ
ത്തോട് ബന്ധിച്ചിരിക്കുന്നത് ദൈവത്തിന്റെ സ്നേഹവും കരു
ണയും നിത്യമായ തന്റെ മനസ്സലിവും ആണ്. ഈ ദൈവ
സ്നേഹത്തിൽനിന്ന് യാതൊന്നിനും നമ്മേ വേർപിരിക്കു
വാൻ സാദ്ധ്യമല്ല. ഈ ദൈവത്തെ അറിഞ്ഞിട്ടില്ലാത്തവരായ
അനേകർക്ക് നിന്റെ സകല സാഹചര്യങ്ങളിലും മതിയായ
വനായ ദൈവത്തെ കാണിച്ചു കൊടുക്കണമെന്നുള്ളതത്രേ
വിശ്വാസിയേക്കുറിച്ചുള്ള ദൈവ ഉദ്ദേശ്യം.

**പെന്തിക്കോസ്തിക്കുശേഷം 8 – ാം ഞായർ**

യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദ
യ വിചാരങ്ങൾ തലമുറതലമുറയായും നിൽക്കുന്നു.
(സങ്കീ.33:11.) എന്നാൽ ദൈവത്തിന്റെ സമയത്തിനായി
കാത്തിരിക്കേണ്ടത് ആവശ്യമത്രേ. ദൈവത്തിന് എല്ലാ
ത്തിനും സമയമുണ്ട്. അതു നാം അറിയേണ്ട ആവശ്യമില്ല.
അവ അറിയുകയില്ല. അവയ്ക്കായി കാത്തിരിക്കുകയത്രേ
വേണ്ടത്. (ഉല്പ.21:2.) അബ്രഹാമിന്റെ വാർദ്ധ്യകൃത്തിൽ
ദൈവം അവനോട് അരുളി ചെയ്തിരുന്ന അവധിക്കു സാറാ
ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. അബ്രഹാം ഹാരാ
നിൽ ആയിരുന്നപ്പോൾ ദൈവം അവനോട് തനിക്ക് ഒരു
പുത്രൻ 30 വർഷം കഴിഞ്ഞ് ഉണ്ടാകും എന്നു കല്പിച്ചിരു
ന്നെങ്കിൽ അബ്രഹാമിന്റെ ഹൃദയം തകർന്നുപോകുമായിരു
ന്നു. അതുകൊണ്ട് ദൈവം തന്റെ സ്നേഹത്തിൽ ആ കാല
യളവ് അബ്രഹാമിൽനിന്നു മറച്ചുകളഞ്ഞു. വാഗ്ദത്തനിവൃ
ത്തിയുടെ സമയം ഏറ്റവും സമീപമായപ്പോഴാണ്. ഒരു
ആണ്ടു കഴിഞ്ഞിട്ട് നിനക്ക് ഒരു മകനുണ്ടാകും എന്ന് അരു
ളി ചെയ്തത്. (ഉല്പ.18:14.)

ദൈവത്തിന്റെ സമയമായപ്പോൾ അബ്രഹാമിന്റെ ഭവനം
സന്തോഷത്താൽ നിറഞ്ഞു. അവരുടെ ക്ലേശത്തിന്റെ കാലം
അബ്രഹാമും സാറായിയും മറന്നുപോയി. ദൈവത്തിന്റെ
പ്രവർത്തനത്തിനായി കാത്തിരിക്കുന്ന പ്രിയ സഹോദര
ങ്ങളെ നിങ്ങൾ കാത്തിരിക്കുന്നത് നിരാശപ്പെടുത്തുന്ന ഒരു
വനേ അല്ല. ദൈവം നിശ്ചയിച്ച സമയം കഴിഞ്ഞ് അല്പം
പോലും അവൻ താമസിക്കുകയില്ല. ഏറെ നാൾ കഴിയുന്ന
തിനുമുമ്പ് നിന്റെ ദുഃഖം സന്തോഷമായിത്തീരും. നാം ദൈവ
ത്തിന്റെ പ്ലാനും പരിപാടിയും ചോദ്യം ചെയ്യേണ്ടവരല്ല.
സർവ്വശക്തനായ ദൈവം തന്റെ പ്ലാൻ മുഴുവൻ നിവർത്തി
ക്കും. ദൈവം ദുർഘടങ്ങളെ നിരപ്പാക്കുകയും, താമ്രവാതി
ലുകളെ തകർക്കുകയും ഇരുമ്പ് ഓടാമ്പലുകളെ ഖണ്ഡി
ച്ചുകളയുകയും ചെയ്യും. ആകയാൽ ദൈവപൈതലേ നീ
ദീർഘ ക്ഷമയോടുകൂടെ കാത്തിരിക്കുക. ദൈവത്തിനു ഒരു
ദിവസമുണ്ട്. താമസിച്ചാലും ആ ദിവസം വരും.

## സ്തോത്രാരാധനയും എക്യുമെനിക്കൽ സമ്മേളനവും



*"എബൻഡന്റ് ലൈഫ് ഇന്ത്യ"യുടെ സ്തോത്രാരാധനയും എക്യുമെനിക്കൽ സമ്മേളനവും തിരുവനന്തപുരത്ത് പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ ദേവാലയത്തിൽ ബിഷപ്പ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉത്ഘാടനം ചെയ്യുന്നു. കേണൽ പി.എം.ജോസഫ്, ഫാ. പ്രസാദ് കോവൂർ എപ്പിസ്കോപ്പ, റവ.ഡോ.എം.ഒ. ഉമ്മൻ, റവ.ഡോ.വിനോദ് വിക്ടർ, ഫാ.ഡോ.ടി.ജെ. അലക്സാണ്ടർ, ഫാ. ജോൺ അരീക്കൽ, ഷെവലിയാർ ഡോ.കോശി എം. ജോർജ്ജ്, റവ.എസ്.ഗ്ലാഡ്സ്റ്റൺ എന്നിവർ സമീപം.*

# പ്രാചീന കേരളത്തിലെ ശിക്ഷകളും അനുബന്ധ നടപടി ക്രമങ്ങളും

സമ്റോനോ സിബി തോമസ് കടയ്ക്കേത്ത്

ആധുനിക തലമുറയ്ക്ക് അജ്ഞാതമായ പലതരം ശിക്ഷകളും നടപടി ക്രമങ്ങളും പ്രാചീന കാലത്തു കേരളത്തിൽ നിലവിലുണ്ടായിരുന്നു. അവയൊന്നും തന്നെ അതാതു നാട്ടുരാജ്യങ്ങളുടെ ഭരണഘടനയുടെ അനുബന്ധമായി എഴുതിച്ചേർക്കപ്പെട്ടവ ആയിരുന്നില്ല. മറിച്ചു കാലാനുക്രമത്തിൽ ജാതി വ്യവസ്ഥയിൽനിന്നും ഉരുത്തിരിഞ്ഞുവന്ന നീചത്വത്തിലും പ്രാകൃതമായ അനുഷ്ഠാനങ്ങളിലും അധിഷ്ഠിതമായ കുറെ പാരമ്പര്യങ്ങളും അലിഖിതമായ പ്രമാണങ്ങളുമായിരുന്നു. ഇവയിൽ മിക്ക ശിക്ഷ നടപടിക്രമങ്ങളും ആധുനിക രാജ്യങ്ങളിലെ ഭരണഘടനകൾ ഉറപ്പുനൽകുന്ന സമത്വംപോലുള്ള അവകാശങ്ങളിൽ അധിഷ്ഠിതമായിരുന്നില്ല. മാത്രമല്ല ഇവയ്ക്കു പിന്നിൽ നിരവധി അന്ധവിശ്വാസങ്ങളുടെ സ്വാധീനം കൂടെ ഉണ്ടായിരുന്നെന്ന് പറയേണ്ടിവരും. ജാതി വ്യവസ്ഥയിൽ കേന്ദ്രീകൃതമായിരുന്നതിനാൽ ജാതിയനുസരിച്ചായിരുന്നു ശിക്ഷകൾ. ഒരു നാളികേരം കട്ടാൽപോലും കീഴ്ജാതിക്കാർക്കു വധശിക്ഷ ലഭിക്കുമായിരുന്നു. പക്ഷെ സമാനമായ കുറ്റം ബ്രാഹ്മണനോ ക്ഷത്രീയനോ ചെയ്താൽ ശിക്ഷ വളരെ നിസാരമായിരിക്കും ബ്രാഹ്മണർക്കു കൂടിവന്നാൽ ജാതി ഭ്രഷ്ട് ലഭിക്കും അതായിരുന്നു അവർക്കുള്ള പരമാവധിശിക്ഷ. ഇവയ്ക്കു പുറമെ ക്രൈസ്തവർക്കും മുസ്ലിങ്ങൾക്കും മത സിദ്ധമായ ശിക്ഷകളുണ്ടായിരുന്നു. കേരളീയർ പൊതുവെ ചരിത്ര രചനയിൽ തല്പരരായിരുന്നില്ല എന്നതിനാൽ വിവിധ കാലഘട്ടങ്ങളിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ കുറിപ്പുകളിൽനിന്നാണ് പ്രാചീന കേരളത്തിലെ ശിക്ഷാവിധികളെ സംബന്ധിച്ചു നാം അറിയുന്നത്.

എ.ഡി.600 കാലഘട്ടത്തിൽ കേരളം സന്ദർശിച്ച ഹ്യൂൻസാങ് എന്ന ബുദ്ധ ഭിക്ഷു രേഖപ്പെടുത്തിയത്പ്രകാരം അക്കാലത്തു കേരളത്തിൽ കുറ്റം തെളിയിക്കാനുള്ള രീതികൾ പ്രധാനമായും നാലു തരമായിരുന്നു. കഠിനപരീക്ഷകൾ എന്നാണ് ഇവ അറിയപ്പെട്ടിരുന്നത്. ജലപരീക്ഷ, അഗ്നിപരീക്ഷ, വിഷപരീക്ഷ, തുലാപരീക്ഷ എന്നിവയാണവ. ഇതിൽ ജലപരീക്ഷയുടെ നടപടി ക്രമം ഇപ്രകാരമാണ്. കുറ്റവാളിയെന്ന് സംശയിക്കുന്ന ആളെ ഒരു വലിയ കല്ലോടുകൂടെ ചാക്കിലാക്കി കെട്ടി ഒരു വലിയ കുളത്തിൽ നിക്ഷേപിക്കും. ആ ചാക്ക് ജലത്തിൽ താഴ്ന്നുപോകുന്ന പക്ഷം പ്രതി അപരാധിയായിരിക്കും. അല്ലെങ്കിൽ നിരപരാധിയും.

അഗ്നിപരീക്ഷനടപടി പ്രകാരം പ്രതിയെ തീയിൽ പഴുപ്പിച്ച ഒരു ഇരുമ്പു പലകയിൽ ഇരുത്തുകയോ കൈവിരലുകൾ അവയെ സ്പർശിപ്പിക്കുകയോ ചെയ്യും. പലകയെ സ്പർശിച്ചിരിക്കുന്ന ശരീര ഭാഗം പൊള്ളുകയാണെങ്കിൽ അദ്ദേഹം കുറ്റവാളി എന്ന് അല്ലെങ്കിൽ കുറ്റാരോപണം തെറ്റായിരുന്നു എന്ന് പ്രഖ്യാപിക്കും.

ജലപരീക്ഷയ്ക്കു സമാനമായ ഒരു പരീക്ഷതന്നെയാണ് തുലാപരീക്ഷ. ഇതുപ്രകാരം വലിയൊരു ത്രാസിന്റെ ഒരു ഭാഗത്തു കുറ്റവാളിയെ ഇരുത്തി മറു ഭാഗത്തു വലിയൊരു കല്ല് വയ്ക്കും. കല്ലിരിക്കുന്ന വശം താഴ്ന്നാൽ പ്രതിയെ കുറ്റവാളിയായി കണക്കാക്കും. അല്ലെങ്കിൽ നിർദോഷി.

ഇതിൽ നിന്നെല്ലാം വിചിത്രമാണ് വിഷപരീക്ഷ ഇതുപ്രകാരം കുറ്റാരോപിതന്റെ ഭക്ഷണ പദാർത്ഥത്തിൽനിന്നും കുറച്ചെടുത്തു കഠിന വിഷത്തിൽ ചാലിച്ചു അവ ഒരു ആടിന്റെ വലത്തേ കാൽതുടയിൽ മുറിവുണ്ടാക്കി അതിൽവച്ച് കെട്ടുന്നു. വിഷബാധയേറ്റു ആട് ചത്താൽ പ്രതിയെ അപരാധിയായി കണക്കാക്കും. ആട് ചാകാതിരുന്നാൽ പ്രതി നിരപരാധി. ഇങ്ങനെ പോകുന്നു സംഘകാലത്തിനുശേഷമുള്ള കേരളത്തിലെ കുറ്റം തെളിയിക്കൽ രീതികൾ.

1500 കളിൽ കേരളത്തിലേക്കുവന്ന പോർച്ചുഗീസ് ഉദ്യോഗസ്ഥനാണ് ടുവർത്തബർബോസ് ഇദ്ദേഹം നിരീക്ഷിച്ചത് പ്രകാരം നീതിന്യായം നിർവഹിക്കുന്നതിൽ കേരളീയ രാജാക്കന്മാർ തികഞ്ഞ നിഷ്കർഷ പാലിക്കുന്നു. നിയമഗ്രന്ഥങ്ങളുടെയോ ന്യായവാദികളുടെയോ സഹായം കൂടാതെ തന്നെ ഇവർ നീതി നിർവ്വഹണത്തിൽ പെട്ടെന്ന് തീരുമാനങ്ങളെടുക്കുന്നു. മോഷണം പോലുള്ള കുറ്റങ്ങൾക്ക് വധശിക്ഷ നൽകിയിരുന്നു. ശിക്ഷ നടപ്പാക്കൽ തലവെട്ടിക്കൊണ്ടായിരുന്നു. കീഴ്ജാതിയിൽപ്പെട്ടരാൾ ഇപ്രകാരം കുറ്റം ചെയ്താൽ കുറ്റം സമ്മതിച്ചാലും വധശിക്ഷ ഉറപ്പാണ്. മാത്രമല്ല കൊള്ളമുതൽ ശിക്ഷ നടപ്പാക്കുന്ന കാര്യക്കാർക്ക് സ്വന്തമായിരുന്നു. തലവെട്ടി വധശിക്ഷ നടത്തിയശേഷം ഭൗതിക ശരീരം കഴുവിന്മേൽ താങ്ങി നിർത്തുന്ന ഒരു ആചാരവും അന്ന് നിലവിലുണ്ടായിരുന്നു. പ്രതി മുസ്ലീം ആണെങ്കിൽ കുത്തിക്കൊല്ലുകയാണ് പതിവ്.

കുറ്റം തെളിയിക്കുന്നതിന് അന്ന് വിവിധ സത്യപരീക്ഷകളും നിലവിലുണ്ടായിരുന്നു. ഇതുപ്രകാരം കുറ്റാരോപിതനെ എട്ടു ദിവസം തടവിലിട്ടു പീഡിപ്പിക്കും. എന്നിട്ടും കുറ്റം സമ്മതിച്ചില്ലെങ്കിൽ പരാതിക്കാരനെ വിളിച്ചുവരുത്തി പ്രതിയെ സത്യപരീക്ഷയ്ക്കു വിധേയനാക്കാണോ എന്ന് ആരായും. സത്യപരീക്ഷവേണമെന്നു പരാതിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ പ്രതിയെ കുളിപ്പിച്ച് ശുദ്ധമാക്കി അമ്പലത്തിലേക്ക് കൊണ്ടുപോകും. ശേഷം വലിയൊരു ചെമ്പു പാത്രത്തിൽ എണ്ണയൊഴിച്ചു തിളപ്പിക്കും ഇതോടൊപ്പം പ്രതിയുടെ കൈകളിൽ ചൊറിയോ മുറിവോ ഉണ്ടോ എന്ന് പരിശോധിച്ചു രേഖപ്പെടുത്തും. തുടർന്ന് അമ്പലത്തിലെ പ്രതിഷ്ഠയെ നോക്കി പ്രതി മൂന്നു തവണ ഇപ്രകാരം ഏറ്റു പറയുന്നു “എന്നിൽ അരോപിക്കപ്പെട്ട കുറ്റം ഞാൻ ചെയ്തിട്ടില്ല. അത് ചെയ്തതാരാണെന്ന് എനിക്ക് അറിയികയില്ല.’

അതു കഴിഞ്ഞു തിളച്ച എണ്ണയിൽ വലതു കൈകൾ താഴ്ത്താൻ പ്രതിയെ കാര്യക്കാർ നിർബന്ധിക്കുന്നു. പ്രതി അപ്രകാരം ചെയ്തു കഴിഞ്ഞാൽ പിന്നെ എണ്ണയിൽ മുക്കിയ കൈഭാഗം ശുഭവസ്ത്രങ്ങളിൽ പൊതിഞ്ഞു മുദ്രവച്ചശേഷം പ്രതിയെ തടവറയിലേക്ക് കൊണ്ടുവരുന്നു. പിന്നീട് മൂന്നു ദിവസം കഴിഞ്ഞു പ്രതിയെ വീണ്ടും അമ്പലത്തിലെ സദസ്സിന്റെ മുമ്പാകെ കൊണ്ടുവന്നു മുദ്രവച്ച കെട്ട് അഴിച്ചുനോ

ക്കും. വിരലുകൾ പൊള്ളിയതായി കണ്ടാൽ പ്രതിയെ കുറ്റവാളിയായി കണക്കാക്കി കൊന്നുകളയും. വിരലുകൾ പൊള്ളയിട്ടില്ലെങ്കിൽ പരാതിക്കാരനിൽനിന്നും പിഴ ചമുത്തി പ്രതിയെ വിട്ടയ്ക്കും ഗോവധം ബ്രാഹ്മണഹത്യ എന്നിവയ്ക്കും കീഴ്ജാതിക്കാരെ വധശിക്ഷയ്ക്കു ഹാജരാക്കിയിരുന്നു.

കുറ്റവാളി ഇസ്ലാം ആണെങ്കിൽ പ്രതിയിൽ കുറ്റം തെളിയിക്കുവാൻ തിളച്ച എണ്ണയിൽ കൈമുക്കുന്നതിനു പകരം ചുട്ടുപഴുത്ത ഒരു ഇരുമ്പുമഴു നക്കിപ്പിക്കുകയാണ് പതിവ്. നാക്കു പൊള്ളിയതായി കണ്ടാൽ വധശിക്ഷ ഉറപ്പാണ്. ഇല്ലെങ്കിൽ വിട്ടയ്ക്കും. ചെറുകിട കുറ്റങ്ങൾക്ക് പിഴയാണ് ശിക്ഷ. പിഴയായി ലഭിക്കുന്ന പണമെല്ലാം കാര്യക്കാർക്കുള്ളതാണ്. എത്ര കടുത്ത കുറ്റങ്ങൾക്കും സ്ത്രീകളെ വധശിക്ഷയ്ക്കു വിധേയരാക്കാറില്ല. ആചാരവിരുദ്ധമായി വർത്തിക്കുന്ന നായർ സ്ത്രീകളെ ക്രിസ്ത്യാനികൾക്കോ മുസ്ലിങ്ങൾക്കോ വിൽക്കുകയാണ് പതിവ്.

പ്രഭുക്കന്മാരെ യാതൊരു കാരണവശാലും ചങ്ങലവയ്ക്കാറില്ല. പ്രഭുക്കന്മാർ ഏതെങ്കിലും വിധത്തിൽ തിന്മ വർത്തിച്ചാൽ കുറ്റം തെളിയിക്കാനും കൊല്ലാനും രാജാവ് ഏതാനും മാന്യന്മാരെ നിയോഗിച്ചിട്ടുണ്ട്. ഒരു പ്രഭു മറ്റൊരു പ്രഭുവിനെതിരെ കുറ്റം ആരോപിച്ചാൽ കുറ്റാരോപിതൻ അഗ്നിപരീക്ഷയ്ക്കു വിധേയനാക്കപ്പെടും. ഇപ്രകാരം കുറ്റവാളിയെന്ന് കണ്ടാൽ നാടു കടത്തും.

മറ്റൊരു പോർച്ചുഗീസ് വംശനായ ഫെറിയ വെയ്സൂസയുടെ വിവരണങ്ങളിലും പണ്ടത്തെ കേരളത്തിലെ ശിക്ഷകളെക്കുറിച്ചുള്ള വിവരണം ഉണ്ട്. കൊച്ചിയിൽനിന്നും കൊടുങ്ങല്ലൂർക്കു ഒഴുകുന്ന പുഴയുടെ തീരത്തു "മുതലയുടെ അമ്പലം" സ്ഥിതി ചെയ്യുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ബ്രാഹ്മണർ ഏതാനും മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് മുതലകളിൽ ഒന്നിനെ കരയിലേക്ക് വരുത്തുന്നു. തുടർന്ന് പ്രതിയോട് മുതലയുടെ പുറത്തു കയറിയിരിക്കാൻ കാര്യക്കാർ ആവശ്യപ്പെടും. പ്രതി ഇപ്രകാരം ചെയ്യുന്ന പക്ഷം മുതല ചിലപ്പോൾ അദ്ദേഹത്തെ ആക്രമിക്കും. ആക്രമിച്ചാൽ കുറ്റം തെളിയിക്കപ്പെട്ടതായി കണക്കാക്കും. ആക്രമിച്ചില്ലെങ്കിൽ നിരപരാധിയായും.

പ്രതിയെകൊണ്ട് സർപ്പങ്ങൾ ഉള്ള ഒരു കുടത്തിലിട്ടിരിക്കുന്ന മോതിരം എടുപ്പിക്കുന്നതാണ് മറ്റൊരു ശിക്ഷ. പ്രതി നിരപരാതിയെങ്കിൽ സർപ്പദംശനമേൽക്കില്ലത്രേ.

1664ൽ കേരളത്തിലെത്തിയ ഡച്ചു മേധാവിയായ ന്യൂഹോഫ് കേരളത്തിലെ അന്നത്തെ ശിക്ഷാരീതികളെ പറ്റി തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. വധശിക്ഷയ്ക്കു വിധിക്കപെടുന്നവരെ ആനയെകൊണ്ട് ചവിട്ടിച്ചു കൊല്ലുകയാണ് പതിവെന്ന് ഇദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. അംഗവിച്ഛേദനം നടത്തൽ മറ്റൊരു പ്രധാന ശിക്ഷയാണ്. ഒരു പ്രദേശത്തെ മുഴുവൻ ആളുകളെയും ശിക്ഷിക്കേണ്ടിവരുന്ന അവസരങ്ങളിൽ അവരെ ഒറ്റപ്പെടുത്തി വിലക്ക് കല്പിക്കാറുണ്ട്. ഇപ്രകാരം വിലക്ക് കല്പിക്കപ്പെട്ടാൽ ആ പ്രദേശത്തുള്ളവർ പുറത്തേക്കോ പുറത്തുള്ളവർ അകത്തേയ്ക്കോ പ്രവേശിക്കാൻ പാടില്ല. മാത്രമല്ല ഇവരുമായുള്ള ക്രയവിക്രയങ്ങളും നിരോധിച്ചിരുന്നു.

1770 കളിൽ കേരളത്തിലെത്തിയ ഈസ്റ്റ് ഇന്ത്യ കമ്പനി ഉദ്യോഗസ്ഥൻ ജെയിംസ് ഫോർബസ് തന്റെ ഓർമ്മക്കുറിപ്പുകളിൽ കേരളത്തിലെ അന്നത്തെ ശിക്ഷകളെപ്പറ്റി എഴുതിയിട്ടുണ്ട്. കുറ്റക്കാരന്റെ ജാതിനോക്കിയാണ് സത്യപരീക്ഷ തിരഞ്ഞെടുക്കുന്നതെന്നു അദ്ദേഹം പറഞ്ഞു വച്ചിരിക്കുന്നു. തൂക്കുപരീക്ഷയ്ക്കു വിധേയമാക്കിരുന്നത് ബ്രാഹ്മണരെയാണ്. അഗ്നിപരീക്ഷ ക്ഷത്രീയർക്കും ജലപരീക്ഷ വൈശ്യർക്കും വിഷപരീക്ഷ ശൂദ്രർക്കും എന്നതായിരുന്നു അന്നത്തെ പാരമ്പര്യം, കഴുവേറ്റൽ, കെട്ടിത്താഴ്ത്തൽ, മുക്കാലിയിൽ കെട്ടി അടിക്കൽ എന്നിവ മറ്റു ശിക്ഷകളായിരുന്നു. ഇതിൽ കെട്ടിതാഴ്ത്തൽ എന്ന ശിക്ഷാരീതി കായലുകളിലായിരുന്നു നടത്തിയിരുന്നത് കുറ്റവാളിയുടെ കഴുത്തിനോട് ചേർന്ന് ഒരു വലിയ കുടം കെട്ടി കായലിലേക്കിടുന്നു. കുടത്തിൽ വെള്ളം നിറയുന്നതോടെ കുറ്റക്കാരൻ മുങ്ങിമരിക്കും.

ഇവയ്ക്കെല്ലാം പുറമെ മേൽജാതിയിൽപ്പെട്ട സ്ത്രീകൾക്ക് ആചാര മര്യാദകളിൽ സദാചാരം പാലിക്കുന്നതിൽ പിഴവുവന്നാൽ വിചാരണശിക്ഷ നടപടികൾക്ക് വിധേയമാകേണ്ടതുണ്ടായിരുന്നു. സ്മാർത്ത വിചാരം എന്ന പേരിലറിയപ്പെടുന്ന വിചാരണ മണ്ണാപ്പേടി, പുലപ്പേടി എന്നിവ ഇത്തരം നടപടികളിൽ ചിലത് മാത്രമായിരുന്നു. സ്മാർത്ത വിചാരം എന്നത് വ്യഭിചരിച്ചു എന്ന് സംശയിക്കുന്ന നമ്പൂതിരി സ്ത്രീയുടെ മേലുള്ള വിചാരണയുടെ പേരാണ്. ഇതുപ്രകാരം പരസംഗം നടത്തിയെന്ന് സംശയിക്കുന്ന സ്ത്രീ ഇല്ലത്തുനിന്നുമാറ്റി പുറത്തുള്ളൊരു മുറിയിൽ പാർപ്പിക്കുന്നു. ശേഷം രാജാവ് നിശ്ചയിച്ച വിചാരണ സമിതിയിലെ അംഗങ്ങൾ വന്നു നടപടിക്രമങ്ങൾ ആരംഭിക്കുന്നു. പ്രസ്തുത വിചാരണ സമിതിയിലെ തലവനെ സ്മാർത്തൻ എന്നാണ് വിളിക്കുക. സ്മാർത്തൻ ഒരു ദാസി മുഖാന്തിരം സംശയിക്കപ്പെടുന്നവളെ ചോദ്യം ചെയ്യും, ചോദ്യം ചെയ്യൽ തുടങ്ങുക മാന്യമായ ഭാഷയോടുകൂടെ ആയിരിക്കും. എന്നാൽ 'സംശയിക്കപ്പെടുന്നവർ കുറ്റം സമ്മതിക്കാതെ വന്നാൽ ചോദ്യം ചെയ്യൽ കടുത്ത ഭാഷയിലാകും. എന്നിട്ടും കുറ്റം സമ്മതിച്ചില്ലെങ്കിൽ പാമ്പ്, തേൾ, പെരുച്ചാഴി മുതലായ ജന്തുക്കളെ 'സംശയിക്കപ്പെടുന്നവളെ' കുടിയിരുത്തിയിരിക്കുന്ന മുറിയിലേക്കിടും ഇതോടെ അവർ കുറ്റം സമ്മതിക്കാൻ നിർബന്ധിതയാകും. ഇപ്രകാരം കുറ്റം സമ്മതിച്ചു കഴിഞ്ഞാൽ വിചാരണ സമിതിയുടെ മുമ്പിൽ ഹാജരാക്കപ്പെടും. 'കുറ്റക്കാരി' വ്യഭിചരിച്ചതു ആരുടെയൊക്കെകൂടെയാണെന്നു ചോദിച്ചറിയലാണ് പിന്നത്തെ പരിപാടി. ഇതുപ്രകാരം "കുറ്റക്കാരിയെയും" അവരോടുകൂടെ ശയിച്ച അസന്മാർഗികളെയും കണ്ടെത്തി ഭ്രഷ്ട് കല്പിക്കുന്നതോടെ വിചാരണ നടപടികൾ അവസാനിക്കും.

പുലപ്പേടി എന്നത് ഒരു ശിക്ഷ എന്നതിലപ്പുറം ഒരു ദുരാചാരമായിരുന്നു. ഒരു പ്രത്യേക കാലയളവിൽ ഉയർന്ന ജാതിയിൽപ്പെട്ട ഒരു സ്ത്രീ പുരുഷസഹായമില്ലാതെ വീടിനു പുറത്തിറങ്ങി നടക്കുകയും, പുലയർ മുതലായ കീഴ്ജാതിക്കാർ ഇവരെ കാണുമ്പോൾ "കണ്ടേ...കണ്ടേ" എന്ന് വിളിച്ചു പറയുകയും ചെയ്താൽ ആ സ്ത്രീക്ക് ഭ്രഷ്ടുവരും. കണ്ട കാര്യം വിളിച്ചുപറയുന്നതിനു പകരം ഒരുകമ്പോ കല്ലോ എടുത്ത് സ്ത്രീയെ എറിഞ്ഞാലും മതി. ഭ്രഷ്ട് കല്പിക്കപ്പെട്ട സ്ത്രീയെ പിന്നെ കീഴ്ജാതിക്കാരന് സ്വന്തമാക്കാം എന്നതായിരുന്നു ചട്ടം.

മലബാർ മാനുവൽ എഴുതിയ വില്യം ലോഗന്റെ അഭിപ്രായത്തിൽ മാപ്പില്ലാത്ത അഞ്ച് തരം കൊടും കുറ്റങ്ങളാണ് ഉണ്ടായിരുന്നത്. ബ്രാഹ്മണവധം ലഹരി സാധനങ്ങൾ ഉപയോഗിക്കുന്നത്, മോഷണം, ആചാര്യന്മാരുടെ വിധി നിരാകരിക്കുന്നത്, ഗോവധം, എന്നിവയാണവ. വൻകിടക്കാരായ കുറ്റവാളികളെ പച്ച തെങ്ങോല മടഞ്ഞു അതിലിട്ടുകെട്ടി ആനയെകൊണ്ട് ചവിട്ടിച്ചു കൊല്ലുകയാണ് പതിവെന്നും വില്യം ലോഗൻ പറഞ്ഞു വച്ചിട്ടുണ്ട്.

(തുടരും)

# ഒരച്ചന്റെ കഥ: അച്ഛന്റേയും

**ഏബ്രഹാം കല്ലിശ്ശേരി**

കുർബ്ബാന കഴിഞ്ഞ് കൈമുത്തിനു ശേഷമായിരുന്നു കല്ലറയ്ക്കലെ ധൂപം വയ്പ്പ്. ഇന്ന് ഭാര്യ ശോശാമ്മയുടെ ചരമ വാർഷികമാണ്. വെറും ഭാര്യയല്ല. ബസ്ക്കിയാമ്മയാണ്. യൗസേഫ്അച്ചൻ മെഴുകുതിരി കത്തിച്ച് ധൂപപ്രാർത്ഥന നടത്തി. കുടുംബക്കാരെല്ലാമുണ്ട്. മിനിമോൾ അമ്മയുടെ കല്ലറക്കു മുന്നിൽ നിറകണ്ണുകളോടെ കൈകൂപ്പി നിന്നു. ഒരാളെമാത്രം കൂട്ടത്തിൽ കണ്ടില്ല. ശോശാമ്മയുടെ പുന്നാര മോൻ ജെയിംസുകുട്ടി. അവനിന്ന് പള്ളിയിലും വന്നില്ലല്ലോ. അച്ചനോർത്തു. "അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ...." ചൊല്ലിക്കഴിഞ്ഞ് എല്ലാവരും പോയപ്പോൾ യൗസേഫ് അച്ചൻ മകളോട് പറഞ്ഞു; മിനിമോളേ നീ വീട്ടിൽ പൊയ്ക്കോ. എനിക്കിന്ന് പള്ളി കമ്മറ്റിയുണ്ട്.

അച്ചൻ കാപ്പികുടികഴിഞ്ഞ് കമ്മറ്റിയും കൂടി. വീട്ടിലെത്തിയപ്പോൾ മണി രണ്ട്. നന്നെ തളർന്നിരുന്നു. കുപ്പായം ഊരിയിട്ട് ബാത്റൂമിൽ പോയി. ഫ്രഷ് ആയി വന്നപ്പോഴേക്കും മിനിമോൾ ആഹാരം മേശപ്പുറത്ത് എടുത്തുവച്ചു!

ജെയിംസുകുട്ടി ഊണ് കഴിച്ചോ.

ഇല്ല പപ്പാ ഇതുവരെ വന്നില്ല.

പപ്പായും മോളും ഒന്നിച്ചിരുന്ന് ചോറുണ്ടു. ഊണു കഴിഞ്ഞ് യൗസേഫ് അച്ചൻ വരാന്തയിലെ ചാരുകസേരയിൽ കാലുകൾ പൊക്കിവച്ച് ചാരിക്കിടന്നു. കണ്ണടച്ചപ്പോൾ മനസ്സിൽ ശോശാമ്മയുടെ രൂപം തെളിഞ്ഞുവന്നു. പത്തുവർഷത്തെ ആയുസു മാത്രമുണ്ടായിരുന്ന ഒരു ദാമ്പത്യം. അലകളും ചുഴികളുമൊന്നുമില്ലാത്ത ഒരു അരുവിപോലെ അത് ശാന്തമായി ഒഴുകി. അച്ചൻപട്ടംകിട്ടി കഴിഞ്ഞുള്ള ആദ്യത്തെ പോസ്റ്റിംഗ്. അല്പം അകലെയുള്ള ഒരു പള്ളിയിലായിരുന്നു. തന്റെ ജോലി സ്ഥലമായ പ്രൈവറ്റ് സ്കൂൾ വേറൊരിടത്ത്. ശോശാമ്മയുടെ എൽ.പി.സ്ക്കൂൾ മറ്റൊരിടത്ത്. കുട്ടികൾ പഠിക്കുന്ന ഇംഗ്ലീഷ്മീഡിയം സ്ക്കൂൾ അകലെയുള്ള പട്ടണത്തിലും. ആകെ കൂടിയുള്ള വാഹനം തന്റെ പഴയ സ്കൂട്ടറാണ്. ആദ്യമൊക്കെ ഒന്നു പതറിയെങ്കിലും ശോശാമ്മ എല്ലാം മാനേജ് ചെയ്തു. രാവിലെ അഞ്ചുമണിക്ക് ഉണർന്നെഴുന്നേറ്റാൽ പിന്നെ ഓട്ടമാണ്. ആദ്യം അടുക്കളയിലേക്ക് ആവശ്യമുള്ളതെല്ലാം ഒരുക്കി അടുപ്പിൽ കയറ്റും. അപ്പോഴേക്കും പാൽക്കാരൻ വരും. പിന്നെ മുറ്റത്തേക്കൊരോട്ടം. പാൽ തിളപ്പിച്ച് കപ്പിൽ കാപ്പി മേശപ്പുറത്ത് വരുമ്പോഴേക്കും താൻ ഫ്രഷ് ആയി വന്നിരിക്കും. ഉറക്കം വിട്ടുണരാൻ മടികാണിക്കുന്ന കുട്ടികളെയും കൂട്ടി അടുത്ത ഓട്ടം ബാത്റൂമിലേക്കാണ്. അവരെ ഒരുക്കി ടിഫിനും കൊടുത്ത് സ്ക്കൂൾ ബസ്സിൽ കയറ്റിവിട്ടു കഴിഞ്ഞ് ദീർഘമായി ഒന്നു നിശ്വസിക്കും. പിന്നെ ഒന്നു പുഞ്ചിരിക്കും. അത് തന്നെ നോക്കിയാണ്. അപ്പോൾ മഞ്ഞുരുകുന്നതുപോലെ എല്ലാ ടെൻഷനും അകന്നുപോകും. പിന്നെ ശോശാമ്മയുടെ പെട്ടെന്നുള്ള ഒരു കുളി. അതിനിടയിൽ വാഴയില വെട്ടി രണ്ടുപേർക്കുമുള്ള പൊതി കെട്ടുന്നത് തന്റെ ജോലിയാണ്. ധൃതി പിടിച്ചുള്ള കാപ്പികുടികഴിഞ്ഞാൽ ഡ്രസ്സ് ചെയ്ത് വീടുപൂട്ടി ബാഗുമെടുത്ത് സ്ക്കൂട്ടറിന്റെ പിന്നാലെ ഓട്ടമാണ്. താൻ സ്ക്കൂട്ടർ റോഡിലിറക്കി സ്റ്റാർട്ട് ചെയ്യുന്നതോടെ പിന്നിൽ കയറി ഇരിപ്പുറപ്പിക്കും. സ്ക്കൂൾ എത്തുംവരെ വൈകിട്ടു വാങ്ങികൊണ്ടുവരേണ്ട സാധനങ്ങളുടെ ലിസ്റ്റ് ഓരോന്നായി പറഞ്ഞുകൊണ്ടിരിക്കും. എല്ലാം മൂളികേൾക്കും. വൈകിട്ടു വരുമ്പോൾ പലതും മറന്നിട്ടുണ്ടാവും. പിന്നെ വീടെത്തുന്നവരെ മിണ്ടാട്ടമില്ല. വീടെത്തിയാലുടനെ താക്കോലുമായി ഓരോട്ടമാണ്. ഡ്രസ്സുപോലും മാറാതെ ചായയിട്ടു കൊണ്ടുവരുമ്പോഴാണ് മഞ്ഞുരുകുന്നത്. പുഞ്ചിരിച്ചുകൊണ്ട് പറയും. അച്ചന് വിഷമമായോ. കുട്ടികൾക്ക് നാലുമണിക്ക് എന്തുകൊടുക്കുമെന്നുള്ള വിഷമമായിരുന്നു.

എല്ലാറ്റിനും അവൾക്കൊരു ടൈംടേബിളുണ്ടായിരുന്നു. ഓട്ടത്തിനിടയിലും അത് തെറ്റാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു. എന്നിട്ടും എല്ലാ ടൈംടേബിളും തെറ്റിച്ചുകൊണ്ട് അവൾ ഇടയ്ക്കുവച്ച് ഓട്ടംനിറുത്തി. പറക്കമുറ്റാത്ത രണ്ടു കുട്ടികളെയും തന്റെ കയ്യിലേല്പിച്ചിട്ട് ഓട്ടമില്ലാത്ത ലോകത്തേക്ക് യാത്രയായി.

ഒരു വൈദികനാകണമെന്ന് ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അപ്പന്റെ ഒരു കടുംപിടുത്തം. അങ്ങനെ പറഞ്ഞുകൂടാ. അതൊരു നേർച്ചയായിരുന്നു. ഒന്നിനു പുറകെ ഒന്നായി മൂന്ന് പെൺമക്കളായപ്പോൾ അപ്പൻ നേർച്ച നേർന്നു. ഇനി ജനിക്കുന്നത് ആൺകുട്ടിയാണെങ്കിൽ അവനെ അച്ചനാക്കിയേക്കാം. ളോഹയിട്ട് തൊപ്പിയും വച്ച് പള്ളീലച്ചനായി നടക്കുന്നത് സങ്കല്പിക്കാൻപോലും കഴിയുമായിരുന്നില്ല. ആ ഇഷ്ടക്കേടുമായി കുറെക്കാലം നടന്നു. ഒടുവിൽ വഴങ്ങി. ഡിഗ്രി കഴിഞ്ഞപ്പോൾ മനസ്സിലായി ജ്ഞാനിയായ മകൻ അപ്പനെ സന്തോഷിപ്പിക്കുന്നു.

ശെമ്മാശൻ പട്ടം കിട്ടിക്കിഴിഞ്ഞ് കല്യാണാലോചനകൾ മുറുകിയപ്പോൾ അപ്പനോടു പറഞ്ഞു. ഇഷ്ടമില്ലാതിരുന്നിട്ടും അപ്പനെ ഞാനനുസരിച്ചു. എന്നാൽ കല്യാണക്കാര്യത്തിൽ എന്റെ ഇഷ്ടം നോക്കണം. ഞാനൊരു പെൺകുട്ടിയെ സ്നേഹിക്കുന്നു.

ആരാണവൾ

അപ്പനറിയും. നമ്മുടെ ഇടവകയിലെ തന്നെ കുട്ടിയാണ്. പുല്ലുവിളയിലെ ശോശാമ്മ. കുന്നുംപുറത്ത് എൽ. പി. സ്ക്കൂളിലെ ടീച്ചറാണ്.

നീ നോക്കിയിട്ട് അവളെ മാത്രമേ കണ്ടുള്ളോ. കിടപ്പാടം പോലുമില്ലാത്ത ഒരു വാദ്ധ്യാർ.

ശരിയാണ്. അവളെ മാത്രമേ കണ്ടുള്ളു. കിടപ്പാടമില്ലാത്ത അവളെ മാത്രമേ ഞാൻ സ്നേഹിച്ചുള്ളൂ.

അപ്പൻ മറ്റൊന്നും പറയാതെ തുള്ളിച്ചാടി കടന്നുപോയി.

ഒരാഴ്ച കഴിഞ്ഞപ്പോൾ പറഞ്ഞു.

അവൾക്ക് സ്ത്രീധനമൊന്നും തരാനുള്ള കഴിവില്ലെന്നറിയാം. എന്നാലും നിന്റെ കല്യാണം ഞാൻ നടത്തിത്തരാം. പക്ഷെ ഒരു കാര്യം. കല്യാണം കഴിഞ്ഞ് പെണ്ണിനേം കൂട്ടി നീ വീടുവിട്ടിറങ്ങിക്കോണം. പിന്നെ ഈ മേലേവീട്ടിൽ നിനക്ക് സ്ഥാനമില്ല.

അപ്പൻ വാക്കുപാലിച്ചു. അപ്പന്റെ മകനായ താനും. കല്യാണം കഴിഞ്ഞ് പിറ്റേന്നുതന്നെ ശോശാമ്മയുടെ കൈപിടിച്ച് പടിയിറങ്ങി.

അച്ചൻ പട്ടം കിട്ടിയിട്ടു മതിയായിരുന്നു. യാത്ര പറഞ്ഞിറങ്ങുമ്പോൾ അമ്മയും മൂന്നു പെങ്ങന്മാരും പറയുന്നതു കേട്ടു.

ഈ മേലേവീട്ടിൽ മാത്തൂന് വാക്ക് ഒന്നേയുള്ളൂ.അതായിരുന്നു അപ്പന്റെ പ്രതികരണം.

ചെറിയ വാടകവീട്ടിൽ എല്ലാം പൂജ്യത്തിൽ നിന്നുതുടങ്ങി. കുടുംബ ബഡ്ജറ്റ് നല്ലൊരു ധനകാര്യമന്ത്രിയെപ്പോലെ ശോശാമ്മ കൈകാര്യം ചെയ്തു. അതിനിടയിൽ പലതും സംഭവിച്ചു. ആദ്യം ജെയിംസുകുട്ടി. രണ്ടുവർഷം കഴിഞ്ഞപ്പോൾ മിനിമോൾ. ജെയിംസുകുട്ടി ജനിച്ചതോടെ അപ്പൻ പത്തു സെന്റു സ്ഥലം ഭാഗിച്ചുകൊടുത്തു. അതിൽ ബാങ്ക്ലോൺ എടുത്ത് ഒരു കൊച്ചുവീട് പണിതു. എല്ലാം ഒന്നു പച്ച പിടിച്ചുവരുന്നതുപോലെ തോന്നി. ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടം. അതിന്റെ ആയുസ് അല്പം മാത്രമായിരുന്നു. വെറും പത്തുവർഷം നിനച്ചിരിക്കാത്ത നേരത്ത് ശോശാമ്മയെ കർത്താവങ്ങു വിളിച്ചു.

ശരിക്കൊന്നു കരയാൻപോലും കഴിഞ്ഞില്ല. എല്ലാ ഭാരങ്ങളും ഉള്ളിലൊതുക്കി ചിറകുമുളയ്ക്കാത്ത കുഞ്ഞുങ്ങളെ മാറോടു ചേർത്തുനിറുത്തി. എല്ലാവരെയും ആശ്വസിപ്പിക്കേണ്ട പുരോഹിതനാണല്ലോ താൻ. അമ്മയ്ക്കുപകരം അമ്മ മാത്രം. ആ കരുതലും സ്നഹവും നൽകാൻ മറ്റാർക്കുമാകില്ല. എന്നിട്ടും അതിനുവേണ്ടി പാടുപെട്ടു. പ്രൈവറ്റ് സ്ക്കൂളിലെ ജോലി ഉപേക്ഷിച്ചു. അമ്മയുടെ കുറവ് അറിയിക്കാതെ വേണ്ടതെല്ലാം കൊടുത്ത് അവരെ വളർത്തി പഠിപ്പിച്ചു. എൻജിനീയറിംഗ് പഠിക്കുന്ന മകൻ ജെയിംസുകുട്ടി കോളജിൽ പോകാൻ ബൈക്ക് വേണമെന്നു പറഞ്ഞപ്പോൾ മാത്രം എതിർത്തു. അവൻ രണ്ടു ദിവസം ആഹാരം കഴിക്കാതെ നടന്നു. മൂന്നാം ദിവസം പറഞ്ഞു എന്റമ്മയുണ്ടായിരുന്നെങ്കിൽ എനിക്കും ബൈക്ക് വാങ്ങിച്ചു തന്നേനേം.

മോൻ അമ്മയെക്കുറിച്ചു പറഞ്ഞപ്പോൾ അച്ചന്റെ മനസ്സ് പിടഞ്ഞു. ശോശാമ്മയ്ക്കെന്നും പ്രിയപ്പെട്ടവനായിരുന്നല്ലോ ജെയിംസുകുട്ടി. മിനിമോൾ അങ്ങനെയായിരുന്നില്ല. പരിമിതമായ ആവശ്യങ്ങളേയുള്ളൂ. പഠിത്തകാര്യത്തിൽ എപ്പോഴും മുന്നിൽ തന്നെ നിന്നു.

ബൈക്ക് കിട്ടിയതോടെ ജെയിംസുകുട്ടി പഠിത്തത്തിൽ ഉഴപ്പ് തുടങ്ങി. കൂട്ടുകാരുമൊത്തുള്ള കറക്കം കൂടി വന്നു. ഫൈനൽ ഇയർ പരീക്ഷയിൽ തോറ്റു. നിസംഗഭാവത്തിലവൻ പറഞ്ഞു.

ഞാനിനി പഠിക്കുന്നില്ല. ഗൾഫിൽ പോകുവ. പപ്പായെനിക്കൊരു അഞ്ചുലക്ഷം രൂപാ തരണം.

Don't be silly. നീ എൻജിനീയറിംഗ് കംപ്ലീറ്റു ചെയ്യാൻ നോക്ക്. എന്റെ കയ്യിൽ പൈസയില്ല. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പെടുന്ന പാട് എനിക്കല്ലേ അറിയൂ.

അതൊന്നും പറഞ്ഞാൽ പറ്റില്ല. നമുക്കീ വീടും പുരയിടവും പണയപ്പെടുത്താം. അല്ലെങ്കിൽ പള്ളിയിലെ വല്ല പ്രമാണിമാരോടും കടമായിട്ട് വാങ്ങിത്താ.

ആത്മാഭിമാനം വിൽക്കേണ്ട ഗതികേടൊന്നും ഈ ഔസേപ്പച്ചന് വന്നിട്ടില്ല. മനസ്സിലായോ.

ഇടവക നന്നാക്കി മാതൃകാ പുരോഹിതനായാൽ മാത്രം പോരാ. സ്വന്തം മോന്റെ കാര്യം കൂടി നോക്കണം.

തന്റെ എല്ലാ നിയന്ത്രണവും വിട്ടു. അടിയ്ക്കാൻ കൈ ഓങ്ങിയതാണ്. അപ്പോൾ ഒരു അദൃശകരം തന്നെ തടഞ്ഞു.

നീയിതു പറയണം മോനെ. നിന്റമ്മ മരിക്കുമ്പോൾ I too was young like you. വേണമെങ്കിൽ നിങ്ങളെ മറന്നിട്ടെനിക്കൊരു പുതിയ ജീവിതം തുടങ്ങാമായിരുന്നു. എന്നാൽ എല്ലാം നിനക്കുവേണ്ടി ഞാൻ വെടിഞ്ഞു.

ഇന്നലെ വൈകുന്നേമാണതുണ്ടായത്. ആദ്യമായി വീട്ടിൽ അപശബ്ദങ്ങൾ ഉയർന്നു. ഒടുവിൽ പിറുപിറുത്തുകൊണ്ട് ജെയിംസുകുട്ടി ബൈക്കെടുത്ത് ഓടിച്ചുപോയി. അന്നവിടെ കുടുംബപ്രാർത്ഥന ഉണ്ടായില്ല. ആരും അത്താഴം കഴിച്ചതുമില്ല. മിനിമോൾ ഏറെ നിർബന്ധിച്ചിട്ടും അച്ചൻ വഴങ്ങിയില്ല.

കിടക്കാൻ നേരം അവൾ വിതുമ്പി. അമ്മയുണ്ടായിരുന്നെങ്കിൽ ഇങ്ങനൊന്നും സംഭവിക്കില്ലായിരുന്നു.

ഓരോന്നോർത്തു കിടന്ന് ആ കിടപ്പിൻ യൗസേഫ് അച്ചൻ മയങ്ങിപ്പോയി. ചായകുടിക്കാൻ മോൾ വിളിക്കുമ്പോഴാണ് ഉണർന്നത്. ചായകുടി കഴിഞ്ഞ് അച്ചൻ കുളിച്ചുവന്നു. അച്ചനും മകളും കൂടി ഒന്നിച്ചിരുന്നു സന്ധ്യാപ്രാർത്ഥന നടത്തി. പിന്നീട് അച്ചൻ മുറ്റത്ത് ഉലാത്തിക്കൊണ്ടിരുന്നു. സഭയിലെ മാതൃകാ പുരോഹിതന്റെ കുടുംബം ആരും കൊതിച്ചു പോകുന്ന ഒന്നായിരുന്നു. എന്നിട്ടിപ്പോൾ....എവിടെയാണ് തനിക്ക് പിഴച്ചത്.

മിനിമോൾ അത്താഴമുണ്ണാൻ വിളിച്ചപ്പോൾ അച്ചൻ വഴിയിലേക്കു കണ്ണുംനട്ട് ബൈക്കിന്റെ ശബ്ദം ചെവിയോർത്ത് നിൽക്കുകയായിരുന്നു.

ജെയിംസുകുട്ടി കൂടി ഒന്നുവന്നോട്ടെ മോളെ. ഉച്ചക്കുപോലും ഒന്നും കഴിച്ചുകാണില്ല. ഒരച്ഛന്റെ ഹദയം തുടിക്കുന്നത് മകൾ മനസ്സിലാക്കി.

രാത്രി പത്തുമണി കഴിഞ്ഞപ്പോഴാണ് ജെയിംസുകുട്ടി വന്നത്. വന്നപാടെ മുറിയിൽ കയറി പെട്ടിയെടുത്ത് പുറത്തിറങ്ങി.

നീ ഈ രാത്രിയിൽ എങ്ങോട്ടാണ് ജെയിംസുകുട്ടി. അച്ചൻ മകന്റെ കൈയ്ക്കു പിടിച്ചു അവൻ കൈ തട്ടിയകറ്റി.

പോകയാണ് ഞാൻ. ഒരു മകന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും അറിയാൻ കഴിയാത്ത ഒരച്ചൻ. ഞാനിനി ഇങ്ങോട്ടേക്കില്ല.

ബൈക്ക് സ്റ്റാർട്ട് ചെയ്ത് ജെയിംസുകുട്ടി ഓടിച്ചുപോയി. അച്ചനും മിനിമോളും ബൈക്കുപോയ വഴിയിലേക്കു നോക്കി ഒന്നും മിണ്ടാതെ നിന്നു. വിതുമ്പുന്ന മോളെ ചേർത്തുപിടിച്ചുകൊണ്ട് യൗസേഫ് അച്ചൻ പറഞ്ഞു.

എന്നെങ്കിലുമൊരിക്കൽ അച്ഛനാകുമ്പോൾ ഒരച്ഛന്റെ വേദന അവൻ മനസ്സിലാക്കും.

# വിശ്വാസത്തിന്റെ അനിവാര്യത

അനിയൻ അക്കരേപ്പുറത്ത്

ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയം അവർ എന്നിൽനിന്നും ദൂരത്തുവച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി, മനഃപാഠമാക്കിയ മാനുഷിക കല്പനയാകുന്നു. (യെശയ്യാവ് 29-13). നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു കരുതിയാൽ അവന്റെ ഭക്തി വ്യർത്ഥമാകുന്നു. പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥരെയും വിധവകളെയും അവരുടെ കഷ്ടതകളിൽ സന്ദർശിക്കുന്നതും, ലോകത്താലുള്ള കളങ്കം കൂടാതെ സ്വയം കാത്തുകൊള്ളുന്നതുമാകുന്നു. (യാക്കോബ് 1:26). നമ്മെ സംബന്ധിച്ചിടത്തോളം ഈ വചനങ്ങൾ തമ്മിൽ അടിസ്ഥാനപരമായി വളരെ ബന്ധം ഉണ്ട്. പിതാവാം ദൈവത്തിന്റെ കാലത്ത് ഒരു നിയമം നിലനിന്നിരുന്നു. പുത്രന്റെ കാലത്ത് മറ്റൊരു നിയമം നിലനിന്നിരുന്നു. എന്നാൽ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ ഈ കാലഘട്ടത്തിൽ ശക്തമായ ഒരു നിയമം നിലനില്ക്കുന്നു. നീ പാപം ചെയ്യരുത് പരിശുദ്ധാത്മാവ് പരിശുദ്ധനാകയാൽ പരിശുദ്ധമായ ഒരു ഹൃദത്തിൽ മാത്രമെ പരിശുദ്ധാത്മാവിനു വസിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് ഒരു പാപവും ചെയ്യരുതെന്നു പറയുന്നത്. യഥാർത്ഥ വിശ്വാസമുള്ള ഒരു വ്യക്തിക്കു മാത്രമെ പാപത്തിൽ നിന്നും അകന്നു നിൽക്കുവാൻ സാധിക്കുകയുള്ളൂ.

വിശ്വാസം എന്നതോ, പ്രത്യാശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. വിശ്വാസത്താൽ ഹാബേൽ ഉത്തമമായ യാഗം അർപ്പിച്ചു. ഹാനോക്ക് വിശ്വാസത്താൽ മരണം കൂടാതെ എടുക്കപ്പെട്ടു. വിശ്വാസത്താൽ നോഹ പെട്ടകം പണിതു. അബ്രഹാം വിശ്വാസത്താൽ തനിക്ക് അവകാശമായി ലഭിക്കുന്ന ദേശത്തേക്ക് യാത്ര തിരിച്ചു. വിശ്വാസത്താൽ അബ്രഹാം പരീക്ഷിക്കപ്പെട്ടപ്പോൾ യിസഹാക്കിനെ യാഗം അർപ്പിക്കുവാൻ തയ്യാറായി. വിശ്വാസത്താൽ മോശയുടെ ജനനത്തിങ്കൽ ശിശു സുന്ദരനാണെന്നു കണ്ട് അമ്മയപ്പന്മാർ രാജാവിന്റെ കല്പന ഭയപ്പെടാതെ മൂന്നു മാസം ഒളിപ്പിച്ചുവച്ചു. വിശ്വാസത്താൽ അവർ കടിഞ്ഞൂലുകളുടെ സംഹാരകൻ അവരെ തൊടാതിരിക്കുവാൻ പെസഹ ആചരിക്കുകയും രക്തം തളിക്കുകയും ചെയ്തു. വിശ്വാസത്താൽ അവൻ കരയിൽ എന്നപോലെ ചെങ്കടലിൽ കൂടെ കടന്നു. വിശ്വാസത്താൽ അവൻ ഏഴുദിവസം ചുറ്റിനടന്നപ്പോൾ യെരീഹോമതിൽ ഇടിഞ്ഞുവീണു. വിശ്വാസത്താൽ രാഹാബ് എന്ന വേശ്യ ചാരന്മാർക്ക് അഭയം നൽകി. ഗിദെയോൻ, ബാരാക്ക് ശിംശോൻ, യിഫ്താഹ്, ദാവീദ് എന്നിവരും ശമുവേൽ തുടങ്ങിയ പ്രവാചകന്മാരെയും വിശ്വാസത്താൽ ജീവിച്ചിരുന്നവരായി നാം കാണുന്നു. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട്, തന്നെ ജാഗ്രതയോട് അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നുവെന്നും വിശ്വസിക്കുന്നു. വിശ്വാസം ഉണ്ടെന്നു പറയുകയും എന്നാൽ പ്രവർത്തി ഇല്ലാതിരിക്കുകയും ചെയ്താൽ രക്ഷ അസാദ്ധ്യം ആണെന്ന് ബൈബിൾ സാക്ഷീകരിക്കുന്നു.

യേശുവിന്റെ ക്രൂശ്മരണത്തിനുശേഷം നാല്പതു ദിവസം കഴിഞ്ഞപ്പോൾ ശിഷ്യന്മാർ കാൺകെ യേശു സ്വർഗ്ഗാരോഹണം ചെയ്തു. അവൻ പോകുമ്പോൾ അവർ ആകാശത്തേക്ക് ഉറ്റുനോക്കികൊണ്ടിരുന്നു. വെള്ളവസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു. ഗലീലാ പുരുഷന്മാരെ നിങ്ങൾ ആകാശത്തേക്കു നോക്കി നിൽക്കുന്നതെന്ത്. നിങ്ങളിൽനിന്നും സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരുമെന്ന് അവർ പറഞ്ഞു. പിന്നീട് അപ്പസ്തോലന്മാർ പ്രാർത്ഥനയിൽ ഉറ്റിരുന്നു. സഭ വളർന്നു. സഭയുടെ മേശയിങ്കൽ ഉള്ള ശുശ്രൂഷ ഏറ്റെടുക്കുന്നതിന് ശിഷ്യന്മാർ പത്രോസിനോട് ആവശ്യപ്പെട്ടു. അപ്പോസ്തോലന്മാർ പന്ത്രണ്ടുപേരുംകൂടി ശിഷ്യസമൂഹത്തെ വിളിച്ചുവരുത്തി. ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിൽ പരിചരിക്കുന്നത് ശരിയല്ല. ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും വ്യാപൃതരായിരിക്കുമെന്ന് പറഞ്ഞു. ആകയാൽ യവനഭാഷ സംസാരിച്ചിരുന്ന യെഹൂദന്മാരിൽ നിന്നും, എബ്രായഭാഷ സംസാരിച്ചിരുന്ന യെഹൂദന്മാർക്കിടയിൽ നിന്നും സാക്ഷ്യമുള്ള ഏഴ് പുരുഷന്മാരെ തിരഞ്ഞെടുത്തു. അവർ സ്തെഫാനോസ്; ഫീലിപ്പോസ്, പ്രൊഖൊരാസ്, നിക്കാനോൻ, തിമോൻ, പർമ്മെനാസ്, നിക്കോലാവോസ് എന്നിവരായിരുന്നു. ഇവരിൽ കൂടി ആദിമസഭ വളർന്നു. എന്നാൽ പിൽക്കാലത്ത് ചില രാഷ്ട്രീയ ഇടപെടൽ ഒക്കെ സഭക്കുള്ളിൽ നടന്നു. വിശ്വാസത്തിന് ചിലപ്പോഴൊക്കെ മങ്ങൽ ഏല്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അപ്പോസ്തോലിക കൈവയ്പുള്ള സഭ ഒരിക്കലും തളരുകയില്ലായെന്നുള്ളത് ഒരു സത്യമാണ്. പൗരോഹിത്യത്തെ വിമർശിക്കുന്ന പല ആളുകളും ഇന്ന് നമ്മുടെ ഇടയിൽ ഉണ്ട്. പൗരോഹിത്യം ഒരു ശ്രേഷ്ഠ പദവിയാണ്. ഒരു പുരോഹിതരെയും നാം വിമർശിക്കുവാൻ പാടുള്ളതല്ല. ബൈബിൾ വളരെ വ്യക്തമായി ആയതു സൂചിപ്പിച്ചിട്ടുണ്ട്. (1) ശാസ്ത്രിമാരും, പരീശന്മാരും മോശയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതൊക്കെയും അനുസരിക്കുവീൻ അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുത്. അവർ പറയുന്നതല്ലാതെ പ്രവൃത്തിക്കുന്നില്ലല്ലോ. അവർ ഭാരമുള്ള ചുമടുകൾ കെട്ടി മനുഷ്യരുടെ തോളിൽവക്കുന്നു; ഒരു വിരൽകൊണ്ടുപോലും അവർക്കു തൊടുവാൻ മനസ്സില്ല.(മത്തായി 23:2). (2)നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ; അവർ കണക്ക് ബോധിപ്പിക്കേണ്ടവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു; ഇത് അവർ വ്യസനത്തോടെയല്ല, സന്തോഷത്തോടെ ചെയ്യുവാൻ ഇടവരുത്തുവീൻ; അല്ലാതിരുന്നാൽ നിങ്ങൾക്ക് നല്ലതല്ല. (എബ്രായർ 13:17).

യേശുക്രിസ്തുവിന്റെ ജനനത്തിങ്കൽ യേശുവിന് മാലാഖമാരെക്കാൾ സ്ഥാനം കുറവായിരുന്നു. എന്നാൽ മരണപുനരുത്ഥാനത്തിനുശേഷമാണ് യഥാർത്ഥത്തിൽ ദൈവപു

ത്രന്റെ പദവി ലഭിക്കുന്നത്. സാത്താന്റെ അധീനതയിലായിരുന്ന മരിച്ചവരെ പതാളത്തിൽ നിന്നും കരേറ്റുകയും ചെയ്തത്. ഞാൻ മാലാഖമാർക്ക് വേണ്ടിയല്ല മറിച്ച് അബ്രഹാമിന്റെ സന്തതിക്കുവേണ്ടിയാണ് മരിച്ചത് എന്ന് പറയുന്നതായി നാം കാണുന്നു. അബ്രഹാമിന്റെ സന്തതിയിൽപെട്ട ജനം പുതിയനിയമത്തിൽ അപ്പോസ്തോലിക കൈവയ്പുള്ള സഭയിൽതന്നെ നിലനിൽക്കേണ്ടതാകുന്നു. അപ്പോസ്തലനായ പൗലോസ് എഫെസ്യർക്കെഴുതിയ ലേഖനത്തിൽ 'ക്രിസ്തുയേശുതന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പസ്തോലന്മാരും പ്രവാചകന്മാരുമെന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവൻ യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. (എഫേസ്യർ 2:20 –21).സ്വന്തം സഭയെ ഉപേക്ഷിക്കുകയെന്നു പറഞ്ഞാൽ സ്വന്തം മാതാപിതാക്കളെ ഉപേക്ഷിക്കുന്നതിനു തുല്യമാണ്. അബ്രഹാമിന്റെ സന്തതി എന്നു പറയുമ്പോൾ വാഗ്ദത്ത സന്തതിയാണ്. മറിച്ചായാൽ ജഡീകസന്തതിയായി മാറ്റപ്പെടും. ജഡീകസന്തതി പ്രവൃത്തിയാൽ രക്ഷപ്രാപിക്കുന്നു. വാഗ്ദത്തസന്തതി അവന്റെ പ്രവൃത്തിയാൽ തന്നെയല്ല മറിച്ച് അബ്രഹാമിന്റെ സന്തതി എന്ന രീതിയിൽ കരുണ ലഭിക്കും. എനിക്ക് കരുണതോന്നണമെന്ന് ഉള്ളവനോട് കരുണ തോന്നുമെന്ന് യേശു പറയുന്നുണ്ടല്ലോ. പ്രവൃത്തിയാൽ യിസഹാക്ക് യാക്കോബിനെക്കാൾ ഭേദപ്പെട്ട വ്യക്തിയായിരുന്നുവെന്ന് നാം കാണുന്നു. എന്നാൽ യാക്കോബ് വാഗ്ദത്ത സന്തതിയിൽപെട്ട വ്യക്തി ആയിരുന്നുവല്ലോ. വിശ്വാസത്താൽ അപ്പോസ്തോലിക സഭയെവിട്ട് നവീന സഭയിൽ ചേർന്നുവെന്നു പറഞ്ഞാൽ അതിന് ഒരിക്കലും നീതികരണമില്ല. സാദ്ധ്യമായിരുന്ന രക്ഷ അസാദ്ധ്യമായിത്തീരും എന്നതാണ് അതിൽനിന്നുമുണ്ടാകുന്ന ഫലം. അതിനാൽ വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് കല്പനകൾ പാലിച്ച്, പാപത്തിൽ നിന്നും അകന്ന്, അനാഥരെയും വിധവകളെയും സഹായിച്ച് താൻ വളർന്ന സഭയിൽതന്നെ ഉറച്ചുനിന്നുകൊണ്ട് മരണത്തെ സ്വീകരിച്ചാൽ നിശ്ചയമായും സ്വർഗ്ഗപ്രവേശനം സാദ്ധ്യമാണെന്നുള്ള കാര്യം നാം വിസ്മരിക്കരുത്.


**RESIDENTAL PLOTS FOR SALE CHINGAVANAM**

**1KM FROM M.C. Road, on Chingavanam -Paruthumpara Road 7 to 10 cent plots.**

***For Details Contact:***

**8075486075**

**No Brockers**


# സഭാജീവിതം

**ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം**

സ്വർഗ്ഗീയ കൂട്ടായ്മ ഭൂമിയിൽ പകരുന്ന
ദിവ്യബലിയിൽ കടന്നുവരൂ
സ്വർഗ്ഗീയ ജീവിതം ആസ്വദിക്കാൻ
സഭ–ജീവിതം ധന്യമാകൂ
പള്ളിമണികൾ മുഴങ്ങിയപ്പോൾ
രക്തസാക്ഷികൾ പറന്നിറങ്ങി
അൾത്താരബാലരോടൊത്ത് ചേർന്നു
ദിവ്യബലിയിൽ മുഴകിയല്ലോ.
ഭൂമിയിലെ വാസം തീർത്തുപോയ
വിശ്വാസകൂട്ടം പറന്നിറങ്ങി
പള്ളിമദ്ധ്യത്തിൽ നിന്നുകൊണ്ട്
നാഥനെ പാടിസ്തുതിച്ചുവല്ലോ.
സ്വർഗ്ഗീയ നാഥന്റെ കരുണയ്ക്കായി
പുണ്യവാന്മാരുടെ പ്രാർത്ഥനയും
വിശ്വാസ കൂട്ടത്തിൻ പ്രാർത്ഥനയും
അന്യോന്യം പങ്കു വെച്ചിടുന്നു.
സഹനങ്ങളൊക്കെ സമ്മാനമാക്കാൻ
പൂർവ്വപിതാക്കളെ ഓർത്തിടുക
രക്തം ഒഴുക്കി നേടിയ സഭയെ
വേളി കഴിയ്ക്കാൻ കർത്തൻ വരും
അന്യനു വേദന നൽകിടുവാൻ
സാത്താൻ പ്രേരണ നൽകിടുമേ
അവന്റെ സ്നേഹിതനായിടല്ലേ
അഗ്നികുണ്ഡത്തിൽ എറിഞ്ഞിടുമെ
കാറ്റിലും കോളിലും തള്ളിടാതെ
സഭയാം വഞ്ചിതുഴഞ്ഞിടുക
വിശ്രമ ദേശത്തു എത്തിടുവാൻ
അമരക്കാര നിങ്ങൾ തുഴഞ്ഞിടുക (2)
പടകു ചവുട്ടിത്താഴ്ത്തിടുകിൽ
ബലഹീനർ വെള്ളം കുടിച്ചിടുമ്പോൾ
സഭയുടെ ശക്തി ചോർന്നീടുമേ (2)
ഊരും ഉടലും കൊടുത്തു വളർത്തി
കുരിശാലെ സത്യം ചെയ്യിച്ച സഭയെ
പക്ഷം പിടിച്ച് പക്ഷം പിടിച്ചു
സഭയെ തല്ലി തകർത്തീടല്ലേ
പ്രാർത്ഥന ഗീതം ചൊല്ലിക്കൊണ്ട്
ഐക്യത്തിൽ പാതയിലായിടുവാൻ
സഭയിൽ മക്കൾക്ക് ഒത്തു ചേരാം
തലമുറയെ ശക്തരാക്കിടാമേ.



# കർത്താവിന്റെ മലർവാടി

***പിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനുജത്തിമാരെ,***

എപ്പോഴും ജേതാവാകണമെന്നാഗ്രഹിക്കുന്നവരാണ് ഏറെപ്പേരും. മറ്റുള്ളവരെ തോൽപ്പിക്കുവാനും ഒന്നാമതെത്തുവാനും നാം പല വഴികളിലൂടെ പരിശ്രമിക്കുന്നു. ജയിക്കുമ്പോൾ പരാജിതനെക്കുറിച്ച് ഓർക്കുന്നതേയില്ലേ. എന്നാൽ ഒരാളെയോ ഒരു സമൂഹത്തയോ നാം തോൽപിക്കുന്നതിനെക്കാൾ അല്ലെങ്കിൽ ജയിക്കുന്നതിനെക്കാൾ ഒരാളെ ജയിപ്പിക്കുന്നതാണ് ഏറെ ശ്രേഷ്ഠവും ശ്രേയസ്കരവും.

ഓട്ടത്തിൽ എപ്പോഴും ഒന്നാമനായി എത്തുന്ന ഒരു കുട്ടിയുണ്ടായിരുന്നു. ഒരു വലിയ മത്സരത്തിൽ ഒന്നാമത് എത്തിയ അവനെ എല്ലാവരും കൈയ്യടിച്ച് അഭിനന്ദിച്ചു. തന്നോട് മത്സരിക്കുവാൻ ഇനിയും ആരെങ്കിലുമുണ്ടോ എന്ന് അവൻ അല്പം അഹങ്കാരത്തോടെ വിളിച്ചു ചോദിച്ചു. അപ്പോൾ ആൾക്കൂട്ടത്തിൽനിന്നും ഒരു വൃദ്ധനായ മനുഷ്യൻ മുമ്പോട്ടു വന്നു. അയാൾ അവനോട് മത്സരിക്കുവാൻ പോയില്ല മറിച്ച് അവനോടൊപ്പം ഓടുവാൻ ഒരു വൃദ്ധനേയും ഒരു അന്ധനേയും കൊണ്ടുവന്നു.

മത്സരം ആരംഭിച്ചു അവൻ ഇടംവലം നോക്കാതെ ഓടി ഫിനിഷ് ചെയ്തു. പക്ഷെ ആരും കൈയ്യടിച്ചില്ല. അവന് സംഭവിച്ചതെന്താണെന്ന് മനസ്സിലായില്ല. അപ്പോൾ ആദ്യത്തെ വൃദ്ധൻ മുമ്പോട്ടുവന്നു. അയാൾ പറഞ്ഞു നീ ഈ വൃദ്ധന്റേയും അന്ധന്റേയും കൈകൾ പിടിച്ചോടൂ. അവൻ അവരുടെ കൈകൾ പിടിച്ച് ഓടി എല്ലാവരും ഒരുപോലെ ഫിനീഷ് ചെയ്തു. അപ്പോൾ കാണികളെല്ലാവരും കൈയ്യടിച്ചു. അവന് അത്ഭുതം തോന്നി. ഇപ്പോളവർ ആർക്കുവേണ്ടിയാണ് കൈയ്യടിച്ചത് ആദ്യത്തെ വൃദ്ധൻ പറഞ്ഞു ഇത് വിജയിക്കുള്ള കൈയ്യടിയല്ല നിനക്കുള്ള കൈയ്യടിയാണ്.

ജയിക്കുവാൻവേണ്ട പരിശ്രമത്തെക്കാൾ വലുതാണ് തോറ്റുകൊടുക്കുവാനുള്ള മന:സാന്നിദ്ധ്യവും തോൽവിയെ അംഗീകരിക്കുവാനുള്ള മാനസിക പക്വതയും. എല്ലാ മത്സരങ്ങളിലും വിജയിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ് ചില മത്സരങ്ങളിൽ മറ്റുള്ളവരെ ജയിക്കുവാൻ അനുവദിക്കുന്നത്.

നമ്മുടെ രാഷ്ട്രപതിയായിരുന്ന എ.പി.ജെ അബ്ദുൾകലാം തന്റെ അഗ്നിചിറകുകൾ എന്ന പുസ്തകത്തിൽ ഇങ്ങനെ ഒരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. 1979 ആഗസ്റ്റ് 17ന് വിക്രംസാരാഭായി സ്പെയ്സ് സെന്ററിൽനിന്നും വിക്ഷേപിച്ച റോക്കറ്റ് തകർന്ന് ബംഗാൾ ഉൾക്കടലിൽ വീണപ്പോൾ ആ പ്രോഗ്രാമിന്റെ മിഷൻ ഡയറക്ടറായിരുന്ന കലാമിനു പകരം ഇൻഡ്യൻ റിസേർച്ച് ഓർഗനൈസേഷൻ ചെയർമാനായിരുന്ന ഛത്തിസ്ധവാൻ പരാജയത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് പത്ര സമ്മേളനം നടത്തി. എന്നാൽ 1980 ജൂലൈ 19 വീണ്ടും റോക്കറ്റ് വിക്ഷേപിച്ച് അത് വിജയം കണ്ടപ്പോൾ ഛത്തിസ്ധവാൻ അന്ന് പത്രസമ്മേളനത്തിന് നിയോഗിച്ചത് കലാമിനെയായിരുന്നു അങ്ങനെയാണ് മഹാൻമാർ ചെയ്യുന്നത്.

പ്രിയപ്പെട്ട കൂട്ടുകാരെ എപ്പോഴും ജേതാവാകാനല്ല ശ്രമിക്കേണ്ടത് ചിലപ്പോഴൊക്കെ മനസ്സോടെ തോൽക്കുവാനും മറ്റുള്ളവരെ വിജയിപ്പിക്കുവാനും മറ്റുള്ളവരുടെ വിജയത്തിൽ സന്തോഷിക്കുവാനും നമുക്ക് കഴിയണം. ചുരുക്കിപ്പറഞ്ഞാൽ ജയിക്കുന്നവനല്ല ജോതാക്കളെ സൃഷ്ടിക്കുന്നവനാണ് യഥാർത്ഥ ജോതാവ്.

**ഒത്തിരി സ്നേഹത്തോടെ**
**നിങ്ങളുടെ കൊച്ചിച്ചാച്ചൻ**

**NAZARETH ASRAMAM, OTHERA**
**Ph: 0469-2656416, 2657347**

**23.04.2018 to 25.05.2018**

**Donations**

Sathish Thomas 10,000/-
Mariya Susan Joji Thenpara Kurichy 5000/-
Thankamma Mathew Chandanappallil Othera 2000/-
Tincy Vinod Panachammoottil Niranam 1000/-
Rev.Fr. P.M.Philip 7000/-

**Feast**

Rayan Renjith Thomas Koottathara Punalur 5000/-

**Fr.Andrews Kadappanagattu,**
**Secretary/Director**

ST. MARY'S VOICE

**EVENT'Z**

**BR: CHINGAVANAM H.O. VELIYANAD**
**Ph: 9400753781, 9387613505**
**Ganamela ,Choir, Fusion,**
**Margamkali, Dance**
**Funaral choir, Catering**
**Lght & Sound**
**Mobile Mortuary & Ambulance**
**Stage, Photo, Car etc...**



# വിവാഹിതരായി

റാന്നി ചെറുകുളഞ്ഞി ST. MARY'S ക്നാനായ പള്ളി ഇടവകയിൽപെട്ട പാലത്തിങ്കലായ പുളിനിൽക്കുംപറമ്പിൽ പി. പി. തോമസ് കുട്ടിയുടെയും അമ്മുക്കുട്ടി തോമസിന്റെയും മകൻ **TINCE THOMAS** ഉം, ഓതറ ST. GREGORIOS ക്നാനായ പള്ളി ഇടവകയിൽപെട്ട കോടത്തുപറമ്പിൽ കെ. സി. ഏബ്രഹാമിന്റെയും ഗ്രേസി ഏബ്രഹാമിന്റെയും മകൾ **SHILPA ELZA ABRAHAM** ഉം തമ്മിലുള്ള വിവാഹം 2018 ജനുവരി 8 – നു അഭിവന്ദ്യ കുര്യാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമ്മികത്വത്തിൽ റാന്നി ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയിൽ വെച്ചു നടത്തപ്പെട്ടു.

Advt - O


KNANAYA WEDDINGS.COM

PROJECT BY WAKE

ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ കല്യാണങ്ങൾ നിങ്ങളുടെ വിരൽത്തുമ്പിൽ!!!

www.knanayaweddings.com

എറണാകുളം +91 7025422022
7025422011
ചിങ്ങവനം +91 9446146000

info@knanayaweddings.com
knanayaweddings@gmail.com



Knanaya Weddings Presents

IKNA Selfie Contest

ikna Selfie Contest ന്റെ Couples Categoryയിൽ വിജയിച്ച Noby-യും Christy-യും

Archbishop Kuriakose Mor Severious മെത്രാപ്പോലീത്തയുടെ കൈയ്യിൽ നിന്നും സ്വർണ്ണനാണയം സമ്മാനമായി സ്വീകരിക്കുന്നു



നിങ്ങളുടെ Selfie കൾ upload ചെയ്യൂ സ്വർണ്ണനാണയം സമ്മാനമായി നേടൂ

Log on to - www.iknaselfie.com



മസ്ക്കറ്റ് – പരിശുദ്ധനായ മോറോൻ മോർ ഇഗ്നാത്തി യോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ യുടെ ഒമാനിലെ ശ്ലൈഹിക സന്ദർശനത്തിനു വേണ്ടി Media & Publicity Convener ആയി പ്രവർത്തിച്ച് Excellence Performance ന് പരിശുദ്ധ പാത്രിയർക്കീസ് ബാവ Biju Jacob നു Memento നൽകുന്നു.

'തുരുത്തിക്കാട് സെന്റ് ജോൺസ് ക്നാനായ പള്ളി ഇടവകയിൽപ്പെട്ട വെണ്ണി ക്കുളം കൈതാരത്ത് പുത്തൻപീടികയിൽ കുടും ബാംഗമാണ് ബിജു ജേക്കബ്.


*Congratulations* **Kaitharam Family**




## 30th Wedding Anniversary
**05-06-2018**

# Abraham K. U & Suja Abraham

**Kuttiyil, Kallissery**





Best compliments
**Thunku & Richa**
**Thenu**

Advt - S

## പൗരോഹിത്യ രജത ജൂബിലി

30-06-2018

## ഫാ. ഡോ. ജയിംസ് തോടത്തിൽ



ആശംസകൾ
ചിറയിൽ കുടുംബത്തിനുവേണ്ടി
ചിറയിൽ കുറിയാക്കോസ്
കോർ-എപ്പിസ്ക്കോപ്പാ

Advt - O

## ഡോ. ജയിംസ് തോടത്തിലച്ചന്

### പൗരോഹിത്യ രജത ജൂബിലി ആശംസകൾ

30-06-2018




തോടത്തിൽ കുടുംബാംഗങ്ങൾ

Advt - O





KORAH CHANDY (Kunjunju) & ACHAMMA KORAH (Kunjumol)
Edasseril Vellavoor, Ranny

## 50 years

HAPPY WEDDING ANNIVERSARY

With Love and Warm Wishes
Jays, Judy, Jefrey & Joslyn | Juney, Chandyson, Alisa & Jenisa | Joffey & Asha

Advt - R

# ഡോക്ടറേറ്റ് ലഭിച്ചു



**DR. JACOB ABRAHAM**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഇലക്ട്രോണിക്സിൽ പി. എച്ച്. ഡി ലഭിച്ച പിറവം ബി. പി. സി കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസർ **ഡോ. ജേക്കബ് അബ്രഹാം.** (നീലംപേരൂർ സെന്റ് ജോർജ്ജ് വലിയപള്ളി ഇടവകാംഗം) മൂവാറ്റുപുഴ വികാസ് നഗറിൽ ഉമ്മാച്ചേരിൽ പരേതനായ റ്റി. സി. അബ്രഹാന്റെയും (D. E, BSNL) പ്രൊഫ. ലീലാ കുരുവിളയുടേയും മകൻ.

ഭാര്യ : ടോണ ജേക്കബ്

മക്കൾ : സേറ സൂസൻ ജേക്കബ്, ലെയ ആൻ. ജേക്കബ്

ആശംസകളോടെ,

Kuruvilla Abraham, California USA

---

## 10 – ാം ചരമ വാർഷികം

**02 – 06 – 2018**



# തോമാച്ചൻ

**കളത്തിൽ, നീലംപേരൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

---

## 8th Death Anniversary

**(08 June 2018)**



# K. P. Mathew

**(പാപ്പച്ചൻ)**

**Kurukathadathil House**

*Those we love don't go away,*
*They walk beside us every day.*
*Unseen, unheard but always near,*
*So loved, so missed, so very dear.*

Sorrowing Family

**P. K. Amminikutty**
**Benny Mathew & Family (Irvine, California)**
**Beena Mathew & Family (Mysore)**
**Leena Mathew & Family (Bangalore)**

Advt - O

# 25-ാം ചരമ വാർഷികം

22-06-2018



## വി. ഒ. ജോസഫ്

**വെളുത്തേടത്ത് മാവേലിൽ, ചിങ്ങവനം**

31-05-1939 - 22-06-1993

*ദുഃഖിതരായ കുടുംബാംഗങ്ങൾ*



3rd Anniversary in Heaven
23 -6- 2018

# T. C. Abraham

**Thevarvalady, Vazhappally**

*It's been a year since you passed away*
*the way we miss you is different now*
*We hope you know how much you meant to us*
*We still think about you everyday*
*We just love and miss you in our special way*

By Sorrowing Family

Advt - S



4 – ാം
ചരമ വാർഷികം
16-06-2018

# കുര്യൻ മാത്യു (അനിയച്ചൻ)

വടവുപറമ്പിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40 – ാം ചരമദിനം

25 – 06 – 2018



# മറിയാമ്മ ഏബ്രഹാം

**പടിപ്പുരയ്ക്കൽ, കല്ലിശ്ശേരി**

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

16 – 06 – 2018



# പി. കെ. കുര്യൻ (തങ്കച്ചൻ)

**പള്ളിയമ്പിൽ, അഴിയിടത്തുചിറ**

**തിരുവല്ല**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 40 – ാം ചരമദിനം

23 – 06 – 2018

# ജോയി മാത്യു

**ഇളപ്പുങ്കൽ, വെണ്ണിക്കുളം**

**പ്രിയപ്പെട്ട പപ്പായുടെ ധന്യസ്മരണക്കു**
**മുമ്പിൽ നമ്രശിരസ്ക്കരാകുന്നു!**
**സ്വർഗീയതീരത്ത് കാണാമെന്ന**
**വിശ്വാസത്തോടെ,**

ഭാര്യ: ലീലാമ്മ
മക്കൾ: ലിജു, മായ, ലിൻസി, മഹേഷ്
മരുമക്കൾ: ജാൻസി, ജോയി, രൂപ്, ജൂലു
കൊച്ചുമക്കൾ: ഫിലിപ്പ്, പുന്നൂസ്, സോന
ഉണ്ണി, അപ്പു, അച്ചു, സാറ, ഫെലിക്സ്, മിഷേൽ

Advt -O


33 – ാം ചരമവാർഷികം
30 – 09 – 2018

24 – ാം ചരമവാർഷികം
20 – 07 – 2018

1 – ാം ചരമവാർഷികം
11 – 06 – 2018

7 – ാം ചരമവാർഷികം
13 – 07 – 2018







സ്കറിയ. എം. റ്റി
(പാപ്പി സാർ)

ഏലിയാമ്മ സ്കറിയ

കെ. കെ. തോമസ്
(പപ്പ)

അമ്മിണി തോമസ്

മുണ്ടയ്ക്കൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

2 – ാം ചരമവാർഷികം
26 – 06 – 2018



# ഏബ്രഹാം. വി. റ്റി (അനിയൻ)

വെട്ടിമൂട്ടിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

19 – ാം ചരമ വാർഷികം
10 – 06 – 2018



# ഇട്ടിയവിരാ കുര്യൻ

വാണിയപ്പുരയ്ക്കൽ, ഈര

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



## 2 – ാം ചരമവാർഷികം
7– 06 – 2018

**വി. ഐ. ചെറിയാൻ**
(കൊച്ചുമോൻ)
വരാത്ര, നീലംപേരൂർ

Founder V.R. Wood Products

"എന്നെ സ്നേഹിച്ച എന്റെ പ്രിയരെ
എന്റെ ശാന്തിയിൽ സന്തോഷിക്കുക
എന്റെ കഷ്ടതയിൽ ദുഃഖിച്ചവരെ
എന്റെ മഹത്വം കണ്ട് ആനന്ദിക്കുക"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 1 – ാം ചരമവാർഷികം
10 – 07 – 2018



**എം. എ. തോമസ്**
മുക്കാട്ട്, കുറിച്ചി

"നിത്യതയുടെ തീരത്തു വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

| 1 – ാം ചരമവാർഷികം | 8 – ാം ചരമവാർഷികം |
|---|---|
| 04 – 07 – 2018 | 16 – 06 – 2018 |





**ഏബ്രഹാം പീറ്റർ**    **കുഞ്ഞമ്മ ഏബ്രഹാം**

പാറത്താഴെ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



1 – ാം
ചരമവാർഷികം
12–06–2018

**എൻ. ഐ. കുര്യൻ**
നെടുന്തറതാഴ്ചയിൽ
കുറ്റൂർ
തിരുവല്ല

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 40th Day of Demise
23–06–2018



**Gracy Elias**
**Tharayil Mulackanchira**
**Chingavanam**

By Sorrowing Family

Advt - O

## 6th Birthday in Heaven
10-06-2018



**K. U. Thomas**
**Kunnutharayil, Chingavanam**
**Moolamkulam**

Advt - R

## 8 – ാം ചരമ വാർഷികം

**25-06-2018**



# T. K. Skariah (Jose)

**Thengalemannil (H) Vallamkulam**

(Retired Chargeman KSRTC **Punaloor)**

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ – സാലിക്കുട്ടി സ്കറിയ


മക്കൾ: സജോ & റ്റീന, ലിജോ & രാജേഷ്

കൊച്ചുമക്കൾ: എഞ്ചൽ, ശാലോ

Advt - S

## 1 – ാം ചരമവാർഷികം

**14 – 06 – 2018**



# T. I . Thomas (കുഞ്ഞച്ചൻ)

**(Retd. Asst. Engineer KSEB)**

തോട്ടുപുറത്ത്, എം. എം. വില്ല

തോലശ്ശേരി, തിരുവല്ല – 1

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 11 – ാം ചരമ വാർഷികം

**23 – 06 – 2018**



# വി. ഇ. ഉതുപ്പാൻ (തങ്കച്ചൻ)

ഒറ്റത്തൈയ്ക്കൽ, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 4 – ാം ചരമ വാർഷികം

**11 – 06 – 2018**



# കെ. സി. ജേക്കബ് (മോനിച്ചൻ)

കരിയിൽ, പരുത്തുംപാറ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 7 – ാം ചരമ വാർഷികം

19 – 06 – 2018



## Aleyamma Mathunni

**Mulamoottil, Kuttoor**

## 7 – ാം ചരമ വാർഷികം

26 – 06 – 2018



## അഡ്വ. ജൂലി സുനിൽ

**കല്ലുവെട്ടാംകുഴിയിൽ,**
**താഴത്തങ്ങാടി, കോട്ടയം**

Advt - R

## വേർപാടിന്റെ 5 – ാം വാർഷികം

**05-07-2018**



## Er. James K. Jacob (Vinumon)

B.Tech, M.S.
DOB : 27-04-1987

## 8 – ാം ചരമ വാർഷികം

**09-06-2018**



## മറിയാമ്മ ചാക്കോ

## Kandathil Kaleeckal, Thiruvanvandoor

കണ്ടുകൊതിതീരുംമുമ്പേ സ്നേഹിച്ചുമതിവരുംമുമ്പേ
ഞങ്ങളിൽനിന്നു വേർപെട്ടുപോയ പ്രിയപ്പെട്ട വിനുക്കുട്ടനെ
ഇനി നിത്യതയുടെ തീരത്തു കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

മറക്കാത്ത ഓർമ്മകളുമായി
Principal, Staff and Students
J.H.Lab, Kuttoor, Chengannoor
U.P.R. Institute, Angamaly

Advt - S

# സിസ്റ്റർ ആഗ്നസ്- ഡിയെപ്പിലെ വെളുത്ത മാലാഖ



എബി

പട്ടാളക്കാരന്റെ തോക്കിനു മുന്നിൽ തോൽക്കാതെ ധൈര്യവും അടിയുറച്ച ആത്മവിശ്വാസവും കൊണ്ട് ആതുരസേവനം നടത്തിയ ഒരു നേഴ്സാണ് അടുത്ത കാലത്ത് അന്തരിച്ച സിസ്റ്റർ ആഗ്നസ്. ജർമ്മൻ നാസിപ്പട ഒരു കനേഡിയൻ സൈനികനു നേരെ ചൂണ്ടിയ തോക്കിനു മുന്നിൽ കൂസാതെ കയറിനിന്ന് അവർ പറഞ്ഞു; ആ വെടിയുണ്ട തന്റെ നെഞ്ചുതുളച്ചേ പോകൂ. ആ വീരകഥയും ആഗ്നസ് എന്ന നേഴ്സിനു സ്വന്തം. രണ്ടാം ലോകമഹായുദ്ധത്തിന്റെ ചോര പുരണ്ട ഓർമ്മകളും സ്നേഹത്തിന്റെ പുഞ്ചിരിയുമായി ആ മാലാഖ നൂറ്റി മൂന്നുവയസ്സുവരെ ജീവിച്ചു.

